# യേശുക്രിസ്തുവിന്റെ ജീവചരിത്രം

## (പുസ്തകം – 3)

## അവന്റെ അധികാരവും അദ്ധ്യാപനവും

ജോർജ് ഫോർഡ്

*(അറബിഭാഷയിൽനിന്ന് വിവർത്തനം ചെയ്തത്)*

Published by :

**CALL OF HOPE (NIDA'-AL'-RAJA')**
**BOX No. 45, KAYAMKULAM - 690 502**

**LIFE OF CHRIST - PART III**
*(Malayalam)*

by
**George Ford**

2009

All rights reserved.

No. of Copies : 5000

Published by :
**CALL OF HOPE (NIDA' -AL- RAJA')**
P.B. No. 45, Kayamkulam - 690 502 - Kerala.

Price: Rs. 12.00

Printed by :
**P.P. George & Sons**
Printers & Publishers
Angamaly - 683 572 - India.
Ph : 084-2456719, 2456819, 2456919

# ഉള്ളടക്കം

1. കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു
2. കഫർന്നഹൂമിലെ രണ്ട് അത്ഭുതങ്ങൾ
3. യേശു മത്തായിയെ വിളിക്കുന്നു
4. ബെഥെസ്ദാ കുളക്കരയിൽ വച്ച് ഒരു രോഗിയായ മനുഷ്യനെ സൗഖ്യമാക്കുന്നു
5. ഉപവാസത്തെപ്പറ്റി യേശു പഠിപ്പിക്കുന്നു
6. യേശു ശബ്ബത്തിനെപ്പറ്റി പഠിപ്പിക്കുന്നു
7. യേശു തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നു
8. പർവ്വതപ്രസംഗം
9. ശതാധിപന്റെ ദാസനെ സൗഖ്യമാക്കുന്നു
10. യേശു ഒരു ചെറുപ്പക്കാരനെ മരണത്തിൽനിന്നും ഉയിർപ്പിക്കുന്നു
11. ക്വിസ്

"മനുഷ്യപുത്രൻ
ശുശ്രൂഷ ചെയ്യിപ്പാനല്ല;
ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി
തന്റെ ജീവനെ മറുവിലയായി
കൊടുപ്പാനും വന്നു."

*(മത്തായി 20:28)*

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും
ആയുള്ളോരെ, എല്ലാവരും എന്റെ അടു
ക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വ
സിപ്പിക്കും. ഞാൻ സൌമ്യതയും
താഴ്മയുമുള്ളവനാകയാൽ എന്റെ
നുകം ഏറ്റുകൊണ്ടു എന്നോടു
പഠിപ്പിൻ; എന്നാൽ നിങ്ങളുടെ
ആത്മാക്കൾക്കു ആശ്വാസം
കണ്ടെത്തും. എന്റെ നുകം
മൃദുവും എന്റെ ചുമടു
ലഘുവും ആകുന്നു."

*(മത്തായി 11:28-30)*

# I

# കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു

"ഒരു കുഷ്ഠരോഗി അവന്റെ അടുക്കൽ വന്നു മുട്ടുകുത്തി: നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു അപേക്ഷിച്ചു. യേശു മനസ്സലിഞ്ഞു കൈനീട്ടി അവനെ തൊട്ടു: "മനസ്സുണ്ടു, ശുദ്ധമാക" എന്നു പറഞ്ഞു. ഉടനെ കുഷ്ഠം വിട്ടുമാറി അവന്നു ശുദ്ധി വന്നു. യേശു അവനെ അമർച്ചയായി ശാസിച്ചു: "നോക്കൂ, ആരോടും ഒന്നും പറയരുതു: എന്നാൽ ചെന്നു പുരോഹിതന്നു നിന്നെത്തന്നെ കാണിച്ചു, നിന്റെ ശുദ്ധീകരണത്തിനു വേണ്ടി മോശെ കല്പിച്ചതു അവർക്കു സാക്ഷ്യത്തിന്നായി അർപ്പിക്ക എന്നു പറഞ്ഞു അവനെ വിട്ടയച്ചു. അവനോ പുറപ്പെട്ടു വളരെ ഘോഷിപ്പാനും വസ്തുത പ്രസംഗിപ്പാനും തുടങ്ങി, അതിനാൽ യേശുവിന്നു പരസ്യമായി പട്ടണത്തിൽ കടപ്പാൻ കഴിയായ്കകൊണ്ടു അവൻ പുറത്തു നിർജ്ജനസ്ഥലങ്ങളിൽ പാർത്തു. എല്ലായിടത്തും നിന്നും ആളുകൾ അവന്റെ അടുക്കൽ വന്നുകൂടി" (മർക്കൊസ് 1:40–45).

കുഷ്ഠരോഗികളായിരുന്ന ധാരാളം ആളുകളെ യേശു സൗഖ്യമാക്കി. പഴയകാലത്ത് ഈ രോഗത്തെ പാപത്തിന്റെയും അശുദ്ധിയുടെയും അടയാളമായി കണക്കാക്കിയിരുന്നു. കുഷ്ഠം സൗഖ്യമാക്കുന്നതിനു പകരം 'ശുദ്ധീകരിക്കൽ' എന്ന പദം ഉപയോഗിച്ചിരുന്നു. പാപികൾക്ക് എതിരായുള്ള ദൈവീക ന്യായവിധിയുടെ അടയാളമായി ഈ രോഗത്തെ കണക്കാക്കിയിരിക്കുന്നു എന്നതിലേക്ക് അത് വിരൽ ചൂണ്ടുന്നു. യെഹൂദന്മാരുടെ മെഡിക്കൽ ബുക്കുകൾ പരിശോധിച്ചാൽ കുഷ്ഠം ഒഴിച്ചു

ബാക്കി എല്ലാ രോഗങ്ങൾക്കും പ്രതിവിധി കാണാവുന്ന താണ്, എന്തുകൊണ്ടെന്നാൽ അത് ദൈവത്തിൽ നിന്നുള്ള അത്ഭുതം കൊണ്ടു മാത്രം ഭേദം വരുന്ന ഒരു രോഗമായി രുന്നു. ഏലീശയുടെ കാലത്ത് ജഹോറാം രാജാവിന്റെ വാക്കുകളിൽ നിന്ന് ഈ കാര്യം വ്യക്തമായി തെളിയിക്ക പ്പെടുന്നു, സിറിയായിലെ നയമാനെ സൗഖ്യമാക്കുന്ന കാര്യത്തിൽ (2 രാജാക്കന്മാർ 5:7). ഒരു കുഷ്ഠരോഗി മറ്റെല്ലാ ആളുകളിൽ നിന്നു അകന്നു കഴിയണം, അവന്റെ സ്വന്തഭവനത്തിലെ ആളുകളിൽനിന്നുപോലും. ഒരു പട്ടണത്തിൽ പ്രവേശിക്കുവാൻ അവൻ ധൈര്യം കാട്ടിയാൽ അവനെ 40 പ്രാവശ്യം അടിപ്പിക്കണം. ഒരു കുഷ്ഠരോഗിയെ മരിച്ച ഒരു വ്യക്തിയെപ്പോലെ കണക്കാക്കിയിരുന്നു. അവനെ തൊടുന്നവരെല്ലാം അശുദ്ധരായിത്തീർന്നിരുന്നു. അവന്നു തന്റെ വസ്ത്രം കീറി, തലയും മുഖവും മറച്ചുകൊണ്ട്, കുളിക്കാതെ നടക്കേണ്ടിയിരുന്നു. അവനെപ്പോഴും "അശുദ്ധൻ, അശുദ്ധൻ" എന്നുറക്കെ നിലവിളിച്ചു ബാക്കിയുള്ളവരെ അവന്റെ സാന്നിദ്ധ്യം അറിയിച്ചിരുന്നു. ഒരു കുഷ്ഠരോഗി സൗഖ്യമായാൽ അവന്നതു തെളിയിക്കണമാണയിരുന്നു; പുരോഹിതനിൽ നിന്നും അവൻ സൗഖ്യമുള്ളവനാണെ ന്നുള്ള സാക്ഷ്യപത്രം ആവശ്യമായിരുന്നു.

ഒരു ദിവസം യേശു ഒരു പട്ടണം സന്ദർശിക്കുക യായിരുന്നു. കുഷ്ഠരോഗികൾ മറ്റുള്ളവരുടെ അടുത്തു പോകുന്നത് നിഷേധിക്കപ്പെട്ടിരുന്നെങ്കിലും ഒരു കുഷ്ഠരോഗി അവന്റെ അടുത്തുവന്നു. ജനക്കൂട്ടം തങ്ങൾ അശുദ്ധരാകുമെന്ന ഭയത്താൽ ഓടി മറയുന്നതു നമുക്ക് ഊഹിക്കാവുന്നതാണ്. അവന്റെ അവസ്ഥ വളരെ ദയനീയ മായിരിക്കാം. അവന്റെ തല മുണ്ഡനം ചെയ്തിരുന്നതാ യും, മൂടാതിരുന്നതായും, അവന്റെ വസ്ത്രം കീറിയിരുന്ന തായും, രോഗാണു സംക്രമണത്താൽ അവന്റെ ശബ്ദം മുരടിച്ചിരുന്നതായും നമുക്ക് ചിന്തിക്കാം. സുവിശേഷക

നായ ലൂക്കൊസ് പറയുന്നതു അവൻ പൂർണ്ണനായി കുഷ്ഠം നിറഞ്ഞവനായിരുന്നെന്നാണ്. അതിനാൽ അവനെ കാണുന്നതുതന്നെ ഭയജനകമായിരുന്നു. അവന്റെ മൂക്ക്, ചെവി, ചുണ്ടുകൾ, കൺപോളകൾ എന്നിവയുടെ ഭാഗങ്ങൾ മിക്കവാറും പറിഞ്ഞുപോയിരിക്കാം. അവൻ "അശുദ്ധൻ, അശുദ്ധൻ" എന്നു പറഞ്ഞുകൊണ്ടു മുന്നോട്ടു വന്ന്, യേശുവിനെ കണ്ടപ്പോൾ അവന്റെ മുമ്പിൽ മുട്ടുകുത്തി.

പുറമേ അവനെ കണ്ടാൽ വളരെ ശോചനീയമായ അവസ്ഥയിലായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ അവൻ ഭാഗ്യവാനാണ്, എന്തെന്നാൽ ക്രിസ്തുവിനെ 'ഗുരു' എന്നു വിളിച്ചുകൊണ്ടു അവന്റെ മുമ്പിൽ നമസ്കരിക്കുവാൻ ദൈവാത്മാവ് പ്രേരിപ്പിച്ചു. ഇതിനുമുൻപ് ക്രിസ്തുവിന്റെ മുമ്പിൽ നമസ്കരിച്ചിട്ടുള്ളത് പുൽതൊട്ടിക്കടുത്തുവെച്ച് വിദ്വാന്മാർ ആയിരുന്നു. ഈ കുഷ്ഠരോഗിയെ പിൻതുടർന്നു കൊണ്ടു കോടിക്കണക്കിനാളുകൾ വ്യത്യസ്തജാതിയിൽ നിന്നും വർഗ്ഗത്തിൽ നിന്നുമായി വന്ന് അവനെ നമസ്കരിച്ചിട്ടുണ്ട്.

ക്രിസ്തുവിന്റെ പിശാചിനോടുള്ള അധികാരമുള്ള ശാസനാശബ്ദം, "നിന്റെ ദൈവമായ കർത്താവിനെ വണങ്ങി അവനെ മാത്രമേ ആരാധിക്കാവൂ" എന്ന് മുമ്പ് അധികാരത്തോടുകൂടി പറഞ്ഞ ശാസനാശബ്ദം ഇപ്പോഴും നമ്മുടെ സ്മരണയിലുണ്ട്. യേശുവിന് ഈ ആരാധന എങ്ങനെ സ്വീകരിക്കാൻ കഴിഞ്ഞു? ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരും ദൈവദൂതന്മാരും തങ്ങളെ വണങ്ങുന്നതിൽ നിന്ന് ആളുകളെ വിലക്കി യിരുന്നു. എന്തെന്നാൽ അവർ ക്രിസ്തുവിൽ നിന്നും വളരെ വ്യത്യസ്തരാണെന്ന് അവർക്ക് അറിയാമായി രുന്നു. ദൈവത്തിനു മാത്രം അർഹതയുള്ള ബഹുമാന്യത യിൽ അവർ അസൂയാലുക്കളല്ലായിരുന്നു. എന്നാൽ ക്രിസ്തുവിന് ഈ ദൈവീക അവകാശമുണ്ടായിരുന്നു.

അതിനാലാണ് അവൻ ആ കുഷ്ഠരോഗിയിൽ നിന്നും ആരാധന സ്വീകരിച്ചത്.

ഈ കുഷ്ഠരോഗിയുടെ കഥ നമ്മെ ആശ്ചര്യ ഭരിതരാക്കുന്നു. അവന്റെ ഹൃദയത്തിൽ എങ്ങനെ വിശ്വാസം ഉണ്ടായി? യേശുവിന്റെ സഹായം അഭ്യർത്ഥിച്ച മറ്റു രോഗികൾ പറഞ്ഞതു, ''നിന്നാൽ വല്ലതും കഴിയുമെങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കണേ" (മർക്കൊസ് 9:22) എന്നാണ്. അവർക്കു രോഗശമന മുണ്ടാകുമായിരുന്നെങ്കിലും അവർ അങ്ങനെ പറഞ്ഞു. ഈ കുഷ്ഠരോഗി സൗഖ്യം ലഭിക്കുവാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. അവൻ പറഞ്ഞത്, ''നിനക്ക് ഇഷ്ടമുണ്ടെങ്കിൽ എന്നെ സൗഖ്യമാക്കുവാൻ കഴിയും" എന്നാണ്. ഈ വാക്കുകളിൽ ക്രിസ്തുവിനു അവനെ സൗഖ്യമാക്കുവാൻ കഴിയും എന്നുള്ള തന്റെ വിശ്വാസം വെളിപ്പെടുന്നു. അഥവാ, ആ രോഗം സൗഖ്യമാക്കുവാൻ കഴിയുമായിരുന്നതിനാൽ ദൈവത്തിനു മാത്രം ക്രിസ്തു ദൈവമാണെന്ന് അവൻ വിശ്വസിച്ചു. ഈ കുഷ്ഠരോഗി വിനീതനാകയാൽ യേശു അവനെ സൗഖ്യമാക്കണമെന്ന് ആവശ്യപ്പെട്ടില്ല. അങ്ങേ അറ്റത്തെ ആവശ്യബോധ മുണ്ടായിരുന്നെങ്കിലും അവന് യേശുവിന്റെ ഇഷ്ടത്തെ ആദരിച്ചു. അവന്റെ വലിയ താഴ്മയും വിശ്വാസവും മൂലം യേശുവിൽ നിന്നു ബഹുമതി നേടുകയും ചെയ്തു.

ഈ കുഷ്ഠരോഗിയുടെ വിശ്വാസം വെളിവാ യിരുന്നതിനാൽ അവനെ സൗഖ്യമാക്കുന്നതിൽ ക്രിസ്തു കാലതാമസം വരുത്തിയില്ല. ഉടൻ തന്നെ അവനെ സൗഖ്യമാക്കുവാൻ മനസ്സുണ്ടെന്ന് അവൻ പറഞ്ഞു. അവനിൽ വിശ്വസിക്കുന്നവർ തങ്ങളുടെ പാപങ്ങൾ സൗഖ്യപ്പെടുത്തണമെന്നു യാചിക്കുമ്പോൾ ക്രിസ്തു ഒരിക്കലും താമസിക്കുന്നില്ല. പാപക്ഷമയോടുകൂടി ഉടൻതന്നെ രക്ഷ ദാനം ചെയ്യുന്നു. ഈ കുഷ്ഠരോഗിയെ

ശുദ്ധനാക്കുന്നതിന് ഒരു മെഷീനെപ്പോലെ യേശു ഒരിക്കലും ചലിക്കുന്നില്ല. മാത്രമല്ല പ്രസിദ്ധിയ്ക്കായി യേശു രോഗസൗഖ്യം കൊടുത്തില്ല, പ്രത്യുത കുഷ്ഠ രോഗിയോട് താൻ സൗഖ്യമാക്കിയ വിവരം ആരോടും പറയരുതെന്നു കല്പിക്കുകയാണു ചെയ്തത്. അവനോടുള്ള ദയാ കടാക്ഷം മൂലം അവൻ കൈനീട്ടി അവനെ തൊട്ടുസൗഖ്യമാക്കി.

യേശു ആ കുഷ്ഠരോഗിയെ തൊട്ടപ്പോൾ ദൈവം സ്നേഹമാണെന്ന് പ്രഖ്യാപിക്കയായിരുന്നു. അവന്റെ കുടുംബത്തിൽ നിന്നു വളരെക്കാലം വിട്ടുനിൽക്കുകയും മാരകരോഗത്താൽ കഷ്ടപ്പെടുകയും ചെയ്തെങ്കിലും അവന്റെ വിശ്വാസത്തിന്റെ ഫലം അവനൊടുവിൽ ലഭിച്ചു. ക്രിസ്തു തന്റെ സ്പർശനത്താൽ അവനെ ആശ്വസിപ്പിച്ചു. അവന്റെ തലയിൽ കൈവെച്ചുകൊണ്ട്, ‘‘എനിക്കു മനസ്സുണ്ടു, ശുദ്ധമാകുക” എന്നവനോടു പറഞ്ഞപ്പോൾ അവന്റെ ഹൃദയം എത്രമാത്രം സന്തോഷത്താൽ നിറഞ്ഞു കാണുമെന്നു നമുക്കൂഹിക്കാൻ കൂടി സാദ്ധ്യമല്ല. ഈ വാക്കുകൾ കുഷ്ഠരോഗിയെ ശുദ്ധീകരിച്ചു. അവൻ അകമേയും പുറമേയും പുതുതായിത്തീർന്നു.

മതപരമായ ഭക്തിപ്രകടനത്തെക്കാൾ എത്രയോ ശ്രേഷ്ഠമാണു സ്നേഹമെന്ന് യേശു ഊന്നിപ്പറഞ്ഞു. അവൻ പറഞ്ഞു, “ഞാൻ യാഗത്തിലല്ല കുരണയിലത്രേ പ്രസാദിക്കുന്നതു’’ എന്ന് (മത്തായി 12:7). ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടത് എന്നേക്കുമുള്ള അവസാന യാഗമായിത്തീരുന്നതിനാണ്. ആ കുഷ്ഠരോഗിയെ സ്പർശിച്ചത് അവന്റെ വീണ്ടെടുപ്പിൻ പ്രവൃത്തിയുടെ നിഴലായാണ്. 2 കൊരിന്ത്യർ 5:21-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ‘‘നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കുവേണ്ടി പാപമാക്കി” എന്ന്.

കുഷ്ഠരോഗിയെ സൗഖ്യമാക്കിയ വിവരം പ്രസിദ്ധമാകുന്നതുകൊണ്ട് പ്രയോജനമില്ലെന്നു യേശു അറിഞ്ഞിരുന്നു. എന്നാൽ സൗഖ്യം പ്രാപിച്ചവൻ എല്ലാവരോടും പറയുന്നതിൽ അതീവതല്പരനായിരുന്നു. യേശു അവനോടു പറഞ്ഞു, ''നോക്കൂ, ആരോടും പറയരുതു'' എന്നു പറഞ്ഞു. കുഷ്ഠരോഗിയെ തൊട്ടതിനാൽ താൻ അശുദ്ധനാണെന്നു ജനങ്ങൾ ധരിക്കുമെന്ന് യേശു വിചാരിച്ചു. അത് അവന്റെ ശുശ്രൂഷക്കു തടസ്സമാകുമായിരുന്നു. കൂടാതെ തന്റെ അതിപ്രധാനമായ കൃത്യനിർവ്വഹണത്തിനു ഈ ജനം തന്റെ ചുറ്റും തടിച്ചുകൂടുന്നത് സഹായകമല്ലെന്നും അവൻ വിചാരിച്ചു. സഭാ പിതാക്കന്മാരിൽ ഒരാളായ ജോൺ ക്രിസോസ്റ്റം "സൗഖ്യം പ്രാപിച്ചവർ മിണ്ടാതിരിക്കുവാനും ഭയഭക്തിയോടിരിപ്പാനുമാണ് യേശു ആഗ്രഹിച്ചത്" എന്നു പറഞ്ഞു. ദൈവത്തിന്റെ കരുണ അവരുടെ മേലുദിച്ചു വെന്നവർ എപ്പോഴും ചിന്തിച്ചാൽ അവരുടെ സ്വയം പ്രശംസക്കും അഹങ്കാരത്തിനും അത് ഒരു കടിഞ്ഞാണാ യിത്തീരും. അവൻ സ്വയം കീർത്തിയും ആഗ്രഹിച്ചില്ല. സംഭവിച്ച കാര്യം മൂലം ജനങ്ങൾക്കെല്ലാം അവനെക്കു റിച്ചു മതിപ്പുണ്ടാകുമല്ലോ?

യേശു ആ മനുഷ്യനോട് ആജ്ഞാപിച്ചു, ''നിന്നെ ത്തന്നെ പുരോഹിതന്നു കാണിച്ചുകൊടുക്കുക''. മോശൈക ന്യായപ്രമാണത്തിന്നു കീഴ്പ്പെട്ടിരിക്കുക എന്നതു ഓരോ യെഹൂദന്റേയും ധർമ്മമായിരുന്നു. സൗഖ്യം പ്രാപിച്ച കുഷ്ഠരോഗി യെരൂശലേമിൽ പുരോഹിതന്റെ അടുത്തു ചെന്നു താൻ ശുദ്ധനാണെ ന്നുള്ള സാക്ഷിപത്രം വാങ്ങുവാൻ യേശു ആഗ്രഹിച്ചു. ഈ സാക്ഷിപത്രം താൻ ശുദ്ധനായിത്തീർന്നു എന്നുള്ള തിനു ഉറപ്പുകൊടുക്കുകയും അവന്റെ കുടുംബത്തിൽ തിരിച്ചു ചെല്ലുന്നതിനു സഹായിക്കുകയും ചെയ്യും. ഭവനത്തിൽ പ്രവേശനം ലഭിപ്പാൻ അങ്ങനെയുള്ള

സാക്ഷിപത്രം ആവശ്യമായിരുന്നെങ്കിലും അത് ലഭിക്കു വാൻ വളരെ പ്രയാസമായിരുന്നു. സൗഖ്യം വന്ന കുഷ്ഠ രോഗി തനിക്കു ലഭിച്ചു അത്ഭുത സൗഖ്യത്തെപ്പറ്റി അന്യരോടു സാക്ഷിപ്പാൻ യേശു ആഗ്രഹിച്ചില്ല. കാരണം, പുരോഹിതൻ യേശുവിനെ വെറുത്തതുകൊണ്ട് അങ്ങനെ യുള്ള ഒരു സാക്ഷിപത്രം അവന്നു നിഷേധിച്ചെ ന്നുവരാം.

സൗഖ്യമയാ കുഷ്ഠരോഗി യേശു പറഞ്ഞതു കൂട്ടാക്കാതെ അവനു സൗഖ്യം ലഭിച്ച വിവരം എല്ലാ വരോടും പറഞ്ഞു. ഇതുമൂലം അനേകർ യേശുവിന്റെ ചുറ്റും വന്നു കൂടി. തന്റെ പിതാവുമായി ഏകാന്ത സമ്പർക്കത്തിനുവേണ്ടി അവനു തനിയെ മരുഭൂമിയി ലേക്കു വാങ്ങിപ്പോകേണ്ടി വന്നു. ലൂക്കൊസ് പറയുന്നു:- "എന്നാൽ അവനെക്കുറിച്ചുള്ള വർത്തമാനം അധികം പരന്നു. വളരെ പുരുഷാരം വചനം കേൾക്കേണ്ടതിന്നും തങ്ങളുടെ വ്യാധികൾക്കു സൗഖ്യം കിട്ടേണ്ടതിനും കൂടി വന്നു. അവനോ നിർജ്ജനദേശത്തു വാങ്ങിപ്പോയി പ്രാർ ത്ഥിച്ചുകൊണ്ടിരുന്നു" (ലൂക്കൊസ് 5:15,16).

*പ്രിയ വായനക്കാരാ,*

ഈ മനുഷ്യൻ തനിക്കുണ്ടായ സന്തോഷവും ഉന്മേഷവും നിമിത്തം യേശുവിനെ അനുസരിച്ചില്ല. ഫലമോ ക്രിസ്തുവിന്റെ ശുശ്രൂഷക്കു തടസ്സം നേരിട്ടു. അവൻ യേശുവിന്റെ ആജ്ഞക്കു വഴങ്ങണമായിരുന്നു. നമ്മളെ തന്റെ കൃപയാൽ പാപത്തിന്റെ ശിക്ഷയിൽ നിന്നു മോചിപ്പിച്ചതിനാൽ ക്രിസ്തുവിന്റെ കല്പനകൾക്കു വിധേയപ്പെട്ട് അവനോടു നന്ദികാണിക്കേണ്ടതാവശ്യ മാണ്.

✳ ✳ ✳

# II

# കഫർന്നഹൂമിലെ രണ്ട് അത്ഭുതങ്ങൾ

## അതിശയകരമായ മീൻപിടിത്തം

"അവൻ ഗന്നേസരെത്ത് തടാകത്തിന്റെ കരയിൽ നിൽക്കുമ്പോൾ പുരുഷാരം ദൈവവചനം കേൾക്കേണ്ട തിന്നു അവനെ തിക്കിക്കൊണ്ടിരിക്കയാൽ രണ്ടു പടകു കരക്കടുത്തു നിൽക്കുന്നതു അവൻ കണ്ടു, അവയിൽ നിന്നു മീൻപിടിക്കാർ ഇറങ്ങി വല കഴുകുകയായിരുന്നു. ആ പടകുകളിൽ ശിമോന്നുള്ളതായ ഒന്നിൽ അവൻ കയറി കരയിൽ നിന്നും അല്പം നീക്കേണം എന്നു അവനോടു അപേക്ഷിച്ചു; അങ്ങനെ അവൻ വള്ളത്തിൽ ഇരുന്നു പുരുഷാരത്തെ ഉപദേശിച്ചു. സംസാരിച്ചു തീർന്നപ്പോൾ അവൻ ശിമോനോടു: ആഴത്തിലേക്കു നീക്കി മീൻ പിടിത്തത്തിനു വല ഇറക്കുവിൻ എന്നു പറഞ്ഞു. അതിന്നു ശിമോൻ: നാഥാ, ഞങ്ങൾ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കിന്നു ഞാൻ വല ഇറക്കാം എന്നുത്തരം പറഞ്ഞു. അവർ അങ്ങനെ ചെയത്പ്പോൾ പെരുത്ത മീൻ കൂട്ടം അകപ്പെട്ടു വല കീറാറായി. അവർ മറ്റേ പടകിലുള്ള കൂട്ടാളികൾ വന്നു സഹായിപ്പാൻ അവരെ മാടിവിളിച്ചു. അവർ വന്നു പടകുകൾ രണ്ടും മുങ്ങുമാറാകുവോളം നിറച്ചു. ശിമോൻ പത്രൊസ് അതു കണ്ടിട്ടു യേശുവിന്റെ കാൽക്കൽ വീണു: കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടുപോകേണമേ എന്നുപറഞ്ഞു. അവർക്കുണ്ടായ മീൻപിടിത്തത്തിൽ അവനും അവനോടു കൂടെയുള്ളവ ർക്കു എല്ലാവർക്കും സംഭ്രമം പിടിച്ചിരുന്നു. ശിമോന്റെ കൂട്ടാളികളായ യാക്കോബ്, യോഹന്നാൻ എന്ന സെബെദി

മക്കൾക്കും അവ്വണ്ണം തന്നേ. യേശു ശിമോനോടു: ഭയപ്പെടേണ്ട, ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും എന്നു പറഞ്ഞു. പിന്നെ അവർ പടകുകളെ കരക്കടുപ്പിച്ചിട്ടു സകലവും വിട്ടു അവനെ അനുഗമിച്ചു" (ലൂക്കൊസ് 5:1–11).

പത്രൊസും യാക്കോബും യോഹന്നാനും രാത്രി മുഴുവനും മീൻപിടിക്കാനായി ചെലവഴിച്ചെങ്കിലും പ്രയോജനമുണ്ടായില്ല. രാവിലെ അവർ ഒന്നും ഇല്ലാതെ കരയിലേക്കു തിരിച്ചുവന്നു, അവരുടെ വല കഴുകുക യായിരുന്നു. യേശു വന്നു. അവന്റെ ചുറ്റും ദൈവവചനം കേൾക്കുന്നതിന് അനേകർ കരക്കു തടിച്ചുകൂടി. ഒരു വള്ളത്തിൽ കയറിയിട്ടു തന്റെ ശിഷ്യനായ പത്രൊസി നോടു കരയിൽ നിന്നും വള്ളം അല്പം മാറ്റുവാൻ ആവശ്യപ്പെട്ടു. യേശു പ്രസംഗം അവസാനിപ്പിച്ചു കഴിഞ്ഞു പത്രൊസിനോട് വള്ളം നീക്കി ആഴത്തിലേക്ക് വല വീശുവാൻ കല്പിച്ചു. ഇതു പത്രൊസിനു ബുദ്ധിയായി തോന്നിയില്ല. അവൻ അപ്പോൾ വലയെല്ലാം കഴുകി ക്കഴിഞ്ഞ് അടുത്ത രാത്രിക്കു വേണ്ടി തയ്യാറായതേയുള്ളൂ. അവൻ വല വീശിയിട്ടു ഒന്നും കിട്ടാതെ വന്നാൽ അവന്റെ പ്രയത്നം വൃഥാവാകുകയും വല വീണ്ടും കഴുകേണ്ടി വരികയും ചെയ്യും. പത്രൊസ് വളരെ പരിചയ സമ്പന്നനായ ഒരു മുക്കുവൻ ആയിരുന്നു. യേശുവോ ഒരു ആശാരിയും. ഒരു മുക്കുവൻ മത്സ്യത്തെ എങ്ങനെ പിടിക്കാമെന്ന് ഒരാശാരിയിൽ നിന്നും എന്തിനു കല്പന സ്വീകരിക്കണം? ആ സ്ഥലത്തും പരിസരപ്രദേശങ്ങളിലും ഒറ്റ മത്സ്യവുമില്ലെന്നു പത്രൊസു കാണുകയും ചെയ്തു. അവൻ ആദ്യം അറച്ചുനിന്നെങ്കിലും പിന്നീട് ക്രിസ്തു വിനെ അനുസരിച്ചു. അവന്റെ അനുസരണത്തിനു പ്രതിഫലം ഉടൻ തന്നെ കിട്ടുകയും ചെയ്തു. അവന്റെയും യാക്കോബിന്റെയും യോഹന്നാന്റെയും വള്ളങ്ങൾ മത്സ്യം കൊണ്ടു നിറഞ്ഞു. അവ മുങ്ങുമാറായി. ശിഷ്യന്മാരും

അവരോടുകൂടി ഉണ്ടായിരുന്നു. അവർ പിടിച്ച മത്സ്യം കണ്ടിട്ട് എല്ലാവരും ആശ്ച്യരഭരിതരായി. "കർത്താവേ, ഞാൻ പാപിയായ മനുഷ്യനായതുകൊണ്ടു എന്നെ വിട്ടു പോകേണമേ" എന്നുപറഞ്ഞു ക്രിസ്തുവിന്റെ പാദത്തിൽ വീഴുവാൻ തക്കവണ്ണം പത്രൊസിനു കുലുക്കമുണ്ടായി. യേശു പറഞ്ഞ ഉടനേതന്നെ അനുസരിക്കാത്തതിലുള്ള പ്രയാസത്താലാണ് ഇതു പറഞ്ഞതെന്നു നമുക്കൂഹിക്കാം. യേശുവിന്റെ മഹത്വത്തിന്റെയും പരിശുദ്ധിയുടെയും ദർശനം ഏതാണ്ടു പത്രൊസിനുണ്ടായപ്പോൾ അവൻ ഭയപ്പെട്ടുപോയി. അവന്റെ എല്ലാ ബലഹീനതകളെയും ശരിക്കറിയാവുന്ന മശീഹയാണു തന്നോടു കൂടി വള്ള ത്തിലുള്ളത്. ഒരു പാപിക്കും ആ മഹാ പരിശുദ്ധതയുടെ മുമ്പിൽ വിറയലോടെയല്ലാതെ നിൽക്കുവാൻ സാധ്യമല്ല. പത്രൊസിന്റെ ഹൃദയം ശരിയ്ക്കറിയാമായിരുന്നതിനാൽ യേശു "എന്നെ വിട്ടു പോകേണമേ" എന്നു പറഞ്ഞതിനു പത്രൊസിനെ യേശു ശാസിച്ചില്ല. ക്രിസ്തുവിന്റെ വ്യക്തിത്വത്തെപ്പറ്റിയും താൻ എന്തിനു ഭൂമിയിലേക്കു വന്നു എന്നതിനെപ്പറ്റിയും പൂർണ്ണമായി അവൻ അറിഞ്ഞി രുന്നില്ലെങ്കിലും, അവന്റെ ഉദ്ദേശ്യശുദ്ധിയെപ്പറ്റി യേശുവി നറിയാമായിരുന്നു; പത്രൊസിനു തന്റെ പാപങ്ങളെപ്പറ്റി ബോധ്യമുണ്ടായിരുന്നു താനും. അവൻ വിചാരിച്ചതു യേശു പാപികളിൽ നിന്നകന്ന് ജീവിക്കണമെന്നാണ്. ക്രിസ്തുവിങ്കലേക്കു വരുന്നതിൽ നിന്നു തടയുന്നതി നായി പാപികളുടെ മനസ്സിൽ മിക്കപ്പോഴും ഇത്തരം അവിശ്വാസത്തിന്റെ വിത്ത് പിശാചു വിതക്കാറുണ്ട്.

തന്റെ അപാരമായ സ്നേഹത്താലും ബുദ്ധി യാലും യേശു പത്രൊസിന്റെ അപേക്ഷ നിഷേധിച്ചു. അവരുടെ നന്മക്ക് ഏറ്റവുമുതകുന്ന കാര്യങ്ങൾക്കു വിരുദ്ധമായി വിശ്വാസികൾ ക്രിസ്തുവിനോടപേക്ഷിച്ചാൽ അത് അവൻ നിരസിക്കുന്നു. പത്രൊസിന്റെ അപേക്ഷക്കു വിരുദ്ധമായിട്ടാണു ക്രിസ്തു പ്രവർത്തിച്ചത്. തന്നെ

വിട്ടുപോകുവാൻ പത്രൊസു ക്രിസ്തുവിനോടപേക്ഷിച്ചപ്പോൾ യേശു കുറെക്കൂടി അടുത്തുവന്നു. പത്രൊസിന്റെ ഉദ്ദേശ്യശുദ്ധി കണ്ട് അവന്റെ വാക്കുകളെ അവഗണിച്ചു. 'ഭയപ്പെടേണ്ട' എന്നു പറഞ്ഞ് അവനെ ധൈര്യപ്പെടുത്തി. അവൻ മനുഷ്യരെ പിടിക്കുന്നവനാകുമെന്നു കൂടെ പറഞ്ഞു. അവന്റെ പഴയ തൊഴിലിനെക്കാൾ കൂടുതൽ മഹനീയമായ ഒരു വേലയായിരുന്നു അത്. അവരുടെ കഴിവിനേയോ സാഹചര്യത്തേയോ കണക്കിടാതെ ആത്മാക്കളെ പിടിക്കുക (നേടുക) എന്നുള്ളതു യേശു തന്റെ അനുയായികൾക്കെല്ലാം കൊടുക്കുന്ന ഒരു ജോലിയാണ്.

രണ്ടു വള്ളങ്ങളും കരക്കടുപ്പിച്ചശേഷം അവർ എല്ലാമുപേക്ഷിച്ചു യേശുവിനെ അനുഗമിച്ചു.

## ഒരു പക്ഷവാതരോഗിയെ സൗഖ്യമാക്കുന്ന അത്ഭുതം

"ചില ദിവസം കഴിഞ്ഞശേഷം അവൻ പിന്നെയും കഫർന്നഹൂമിൽ ചെന്നു, അവൻ വീട്ടിൽ ഉണ്ടെന്നു ശ്രുതി ആയി. ഉടനെ വാതിൽക്കൽ പോലും ഇടമില്ലാത്തവണ്ണം പലരും വന്നു കൂടി, അവൻ അവരോടു തിരുവചനം പ്രസ്താവിച്ചു. അപ്പോൾ നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്നു അവന്റെ അടുക്കൽ കൊണ്ടുവന്നു. പുരുഷാരം നിമിത്തം അവനോടു സമീപിച്ചു കൂടായ്കയാൽ അവൻ ഇരുന്ന സ്ഥലത്തിന്റെ മേല്പ്പുര പൊളിച്ചു തുറന്നു, പക്ഷവാതക്കാരനെ കിടക്കയോടെയിറക്കി വച്ചു. യേശു അവരുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോടു: മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. അവിടെ ചില ശാസ്ത്രിമാർ ഇരുന്നു: ഇവൻ ഇങ്ങനെ ദൈവദൂഷണം പറയുന്നതു എന്തു? ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിക്കുവാൻ കഴിയുന്നവൻ ആർ എന്നു ഹൃദയത്തിൽ ചിന്തിച്ചു

കൊണ്ടിരുന്നു. ഇങ്ങനെ അവർ ഉള്ളിൽ ചിന്തിക്കുന്നതു യേശു ഉടനെ മനസ്സിൽ ഗ്രഹിച്ചു അവരോടു: നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നത് എന്ത്? പക്ഷവാതക്കാരനോടു നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റു കിടക്ക എടുത്തു നടക്ക എന്നു പറയുന്നതോ, ഏതാകുന്നു എളുപ്പം എന്നു ചോദിച്ചു. എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മനുഷ്യപുത്രന്നു അധികാരമുണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു - അവൻ പക്ഷവാതക്കാരനോടു: എഴുന്നേറ്റു കിടക്കയെടുത്തു വീട്ടിലേക്കു പോക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. ഉടനെ അവൻ എഴുന്നേറ്റു കിടക്കയെടുത്തു എല്ലാവരും കാൺകെ പുറപ്പെട്ടു; അതുകണ്ടു എല്ലാവരും വിസ്മയിച്ചു. ഇങ്ങനെ ഒരു നാളും കണ്ടിട്ടില്ല എന്നുപറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി" (മർക്കൊസ് 2:1-12).

കടൽക്കരയിൽ നിന്നും തിരിച്ചുവന്നശേഷം യേശു ഒരു ഭവനത്തിൽ പ്രവേശിച്ചു ഉപദേശിപ്പാൻ തുടങ്ങി. മുമ്പേ അവൻ ദൈവാലയത്തിൽ വെച്ചും ഉപദേശിച്ചു. ഒരു കിണറ്റിന്നരികെവെച്ചും സിന്നഗോഗിൽ വെച്ചും ഒരു വള്ളത്തിലിരുന്നും പഠിപ്പിച്ചു. ഇപ്പോൾ ഒരു വീട്ടിൽ വെച്ചു പഠിപ്പിക്കാൻ തുടങ്ങി. അവനു ചുറ്റും പുരുഷാരം വന്നു കൂടി, വാതിലിന്റെ അരികെപ്പോലും നിൽക്കുവാൻ ആർക്കും സ്ഥലമുണ്ടായിരുന്നില്ല. അവൻ ദൈവവചനം അവരോടു ഘോഷിക്കുകയായിരുന്നു. ഗലീലയിലും യെഹൂദയിലുമുള്ള പല പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും അനേകം പരീശന്മാരും ശാസ്ത്രിമാരും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവർ അവന്റെ ഉപദേശം കേൾക്കുവാനും അത്ഭുതങ്ങൾ കാണുവാനുമാണു വന്നത്. കേൾവിക്കാരായി വന്ന അവർ ഗുരുവിനു സമീപം ഉയർന്ന പീഠങ്ങളിൽ, മാന്യസ്ഥാനങ്ങളിൽ ഉപവിഷ്ടരായിരിക്കുമെന്ന് നമുക്കൂഹിക്കാവുന്ന

താണ്. ആവശ്യക്കാരെ സൗഖ്യമാക്കുവാൻ കർത്താവിന്റെ ശക്തി അവിടെയുണ്ടായിരുന്നു. പലരും തങ്ങൾക്കും തങ്ങളുടെ ബന്ധുക്കൾക്കും സൗഖ്യം ലഭിക്കുവാൻ ഈ അത്ഭുതവൈദ്യനെ സമീപിക്കുവാൻ അവരുടെ ഊഴം കാത്തു നിന്നിരുന്നു. അപ്പോൾ ആൾക്കൂട്ടത്തിനിടയിൽ നാലുപേർ പക്ഷവാതത്താൽ കഷ്ടപ്പെടുന്ന ഒരു മനുഷ്യനെ ചുമന്നുകൊണ്ട് വരുന്ന ബഹളം കേട്ടു. വളരെ ശ്രമിച്ചെങ്കിലും ജനക്കൂട്ടം മൂലം ഈ ആളുകൾക്കു യേശുവിന്റെ അടുത്തേക്കു ചെല്ലാൻ സാധിച്ചില്ല. അപ്പോൾ ഒരു പദ്ധതി അവർ തയ്യാറാക്കി. വീട്ടിൽ യേശു ഇരിക്കുന്ന യിടം അവർ മനസ്സിലാക്കി. ആ വീടിന്റെ നേരെ മുകളി ലുള്ള മേൽക്കൂരയുടെ ഓടുകൾ ഇളക്കി. അവർ അങ്ങനെ ഒരു വഴിയുണ്ടാക്കി ആ പക്ഷവാതക്കാരനെ കിടക്കയോടു കൂടി ഇറക്കി യേശുവിന്റെ മുമ്പിൽ വെച്ചു. എല്ലാവരും ഇതുകണ്ടു ആശ്ചര്യപ്പെട്ടു. അവർ ദിവസങ്ങളോളം ഇതിനെപ്പറ്റി പറഞ്ഞുകാണും. അവിടെ ജനങ്ങളുടെ മദ്ധ്യത്തിൽ, യേശുവിന്റെ മുമ്പിൽ അതാ ആ പക്ഷവാത രോഗി കിടക്കുന്നു. അവൻ സംസാരിക്കുകയോ അനങ്ങുക യോ ചെയ്തില്ല, എന്നാൽ അവന്റെ പരിതാപകരമായ അവസ്ഥ വ്യക്തമായി ഉച്ചത്തിൽ സംസാരിച്ചുകൊണ്ടി രുന്നു.

മറ്റുള്ള ഗുരുക്കന്മാരെ അപേക്ഷിച്ചു യേശു മനുഷ്യരുടെ പുറമേയുള്ള പ്രതികരണത്തിലല്ല, അകമേ യുള്ള വ്യതിയാനത്തിലാണു കൂടുതൽ താല്പര്യം പ്രദർ ശിപ്പിച്ചത്. അവൻ അവരുടെ ഹൃദയത്തിലെ രഹസ്യങ്ങളെ അറിഞ്ഞിരുന്നു. അതുകൊണ്ടാണ് അവരുടെ ആന്തരികാ വസ്ഥയിലേക്ക് അവന്റെ വാക്കുകളേയും പ്രവൃത്തിക ളേയും ലക്ഷീകരിക്കുവാൻ അവന്നു സാധിച്ചത്. യേശു പക്ഷവാതക്കാരന് ഹൃദയസൗഖ്യം നല്കിയിട്ട് പറഞ്ഞു, “മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു” എന്ന്. പക്ഷവാതക്കാരൻ ചിലപ്പോൾ വിചാരിച്ചിരിക്കാം

തന്റെ പാപങ്ങളുടെ ഫലമാണ് ഈ അവസ്ഥയെന്ന്. ക്രിസ്തു അവന്റെ അനുതപിക്കുന്ന ഹൃദയത്തെ കണ്ടു. യേശു അവന്റെ ശാരീരിക രോഗത്തെയും സുഖപ്പെടുത്തുവാൻ തല്പരനായിരുന്നു. എന്നാൽ അവന്റെ ആത്മരക്ഷയ്ക്കു കൂടുതൽ തല്പരനായിരുന്നു. യേശു ഉപദേശിക്കുന്നത് ചിലപ്പോൾ മുമ്പു അവൻ കേട്ടിരിക്കാം. ഇപ്പോൾ ഒരത്ഭുതവിടുതലിനെ മുൻ കണ്ടിരിക്കാം. ക്രിസ്തുവിൽ നിന്നും ശാരീരികമായും ആത്മീകമായും ഉള്ള ഒരു വിടുതൽ അവനു ലഭ്യമായി.

പക്ഷവാതക്കാരനെ ചുമന്നുകൊണ്ടുവന്ന ആ നാലുപേർ വലിയ വിശ്വാസം പ്രദർശിപ്പിച്ചു. അവർക്കു യേശുവിലുണ്ടായിരുന്ന ആശ്രയവും വിശ്വാസവും പ്രവൃത്തിയിൽ കൂടി കാണിച്ചു. ചിലപ്പോൾ അവന്റെ രോഗം അവനെ ഒരു ഊമനാക്കിയിരിക്കാം. സൗഖ്യം ലഭിക്കുവാനുള്ള ആഗ്രഹം പ്രദർശിപ്പിക്കുവാൻ അവനു തനിയെ കഴിഞ്ഞിരുന്നില്ലെന്നും വരാം. യേശു പാപങ്ങൾക്കു മോചനം കൊടുത്തപ്പോൾ അവനു വലിയ ആശ്വാസം ലഭിച്ചിരിക്കാം; അവന്റെ ഹൃദയം സന്തോഷഭരിതമായി; അവൻ അപ്പോഴും രോഗിയാണെങ്കിലും അവന്റെ ഭൗതിക ദൗർഭാഗ്യം അവനെ യേശുവിന്റെ അടുക്കൽ എത്തിച്ചു. യേശു അവന്റെ പാപഭാരത്തിൽ നിന്നും രക്ഷിച്ചു.

പാപബോധമുള്ളവർക്കു മാത്രമേ, യേശു പാപമോചനം നൽകുകയുള്ളൂ. പ്രവാചകനായ ദാവീദിനോടു ചേർന്ന് ഈ പക്ഷവാതക്കാരൻ ഹൃദയത്തിൽ ഇങ്ങനെ പാടിയിരിക്കാം, “ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ” (സങ്കീർത്തനം 32:1,2). ദൈവം പാപക്ഷമ നൽകുമ്പോൾ ഒരുത്തൻ ഭാഗ്യവാനാകുന്നു. പിന്നീടു തന്റെ മറ്റെല്ലാ അനുഗ്രഹങ്ങളും അവന്റെമേൽ

വർഷിപ്പിക്കുന്നു. ദൈവം ക്ഷമിക്കുകയും, തന്റെ വിലയേറിയ വാഗ്ദാനങ്ങൾ അവൻ നല്കുകയും ചെയ്യുന്നു. പാപം ക്ഷമിക്കപ്പെട്ടവർക്ക് നിറഞ്ഞുകവിയുന്ന കൃപയും നിത്യമഹത്വവും ലഭിക്കുന്നു.

പാപക്ഷമയും കൊടുപ്പാനുള്ള യേശുവിന്റെ കഴിവുമൂലം മറ്റെല്ലാ മാനുഷിക ജീവികളിൽ നിന്നും തന്റെ നില എത്രയോ ഉന്നതമാണെന്ന് അവൻ തെളിയിച്ചു. പക്ഷവാതക്കാരന്റെ ശാരീരികസൗഖ്യം ആത്മീക സൗഖ്യത്തിന്നു നിദർശനമായിരുന്നു. കിടക്ക എടുത്തു നടന്നത് അവന്റെ രോഗസൗഖ്യത്തിനുള്ള ഒരു വ്യവസ്ഥ ആയിരുന്നില്ല, പ്രത്യുത അതിന്റെ ഫലമായിരുന്നു. അതുപോലെ നന്മ, പാപമോചനത്തിനുള്ള വ്യവസ്ഥയല്ല, പാപക്ഷമ ലഭിച്ചു എന്നുള്ളതിന്റെ തെളിവാണ്, ഈ അനർഹമായ ദാനം ലഭിച്ചതിന്റെ നന്ദി പ്രകടനമാണ്. മാത്രമല്ല നിമിഷനേരത്തിനുള്ളിൽ അവനു ശരീരസൗഖ്യം ലഭിച്ചു. അതുപോലെ പിന്നീടൊരിക്കൽ നമ്മുടെ പാപം ക്ഷമിക്കാമെന്നു ദൈവം വാഗ്ദാനം ചെയ്യുന്നില്ല, നമ്മുടെ മരണശേഷമോ, നമ്മൾ അതിന് അർഹരാകുമ്പോഴോ അല്ല, ഒരു പാപി പൂർണ്ണ ഹൃദയത്തോടെ ചോദിക്കുന്ന മാത്രയിൽ തന്നെ രക്ഷകനായ ക്രിസ്തുവിൽ നിന്നും പാപക്ഷമ ലഭിക്കുന്നു. നമ്മുടെ ഹൃദയാവസ്ഥ നന്നായിട്ടറിയുന്ന ക്രിസ്തു യേശുവിനോടു അപേക്ഷിക്കുമ്പോൾ ത്തന്നെ അത് സ്വീകരിക്കുന്നു. മനുഷ്യനിൽ നിന്നും വ്യത്യസ്തനായി പാപക്ഷമ ലഭിക്കുവാൻ ഒരുവൻ തയ്യാറാണെന്നുറപ്പ് വരുത്തേണ്ട ആവശ്യമവനില്ല. അവൻ പക്ഷവാതരോഗിയെ ഭാഗീകമായിട്ടല്ല സൗഖ്യമാക്കിയത്, ക്രമേണ അവൻ പൂർണ്ണ സൗഖ്യം പ്രാപിക്കയല്ലായിരുന്നു. അവനെ ചുമന്നു കൊണ്ടു വന്നവരോടു വീണ്ടും അവനെ ഭവനത്തിലേക്കു ചുമന്നുകൊണ്ടുപോകാൻ ആവശ്യപ്പെട്ടില്ല; പ്രത്യുതാപൂർണ്ണ സൗഖ്യമുടൻ നൽകി, നിമിഷത്തിൽ അവന്റെ എല്ലാ പാപങ്ങളും ക്ഷമിച്ചു. ക്രിസ്തു എപ്പോഴും

കാര്യങ്ങൾ പൂർണ്ണമായി ചെയ്യുന്നു. പക്ഷവാതക്കാരന്റെ ചില പാപങ്ങൾ മോചിക്കാതെ ക്രിസ്തു അവനെ വിട്ടിരുന്നുവെങ്കിൽ അവൻ തീർച്ചയായും നശിച്ചേനെ. ഒരു ബോട്ടിന്റെ ഉടമസ്ഥൻ അതിന്റെ ഒന്നൊഴികെയുള്ള ദ്വാരങ്ങളെല്ലാം അടച്ചാലും ആ ബോട്ടുമുങ്ങും. നൂറു ദ്വാരങ്ങളെപ്പോലെ അപകടകാരിയാണ് ഒരു ദ്വാരവും. ദൈവം പരിപൂർണ്ണ പാപക്ഷമ തരുന്നതിനാൽ നമുക്കു ദൈവത്തെ സ്തുതിക്കാം.

യേശുവിന്റെ വാക്കുകൾ കേൾവിക്കാരിൽ വലിയ ചലനമുളവാക്കി. ക്രിസ്തു സ്വർഗ്ഗത്തിലേക്കു കരേറിപ്പോയ തിനുശേഷം പാപം ക്ഷമിക്കുവാനുള്ള തന്റെ അവകാശം പത്രോസിന്റെ സ്മൃതിപഥത്തിൽ രൂഢമൂലമായിരുന്നു. ദൈവാലയത്തിൽ പ്രസംഗിച്ചതിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടതിന്റെ ശേഷം അവനെ വിധിക്കുവാനായി കൂടിയ സംഘത്തോട് പത്രോസ് പ്രഖ്യാപിച്ചു, "യിസ്രായേ ലിനു മാനസാന്തരവും പാപമോചനവും നൽകുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു" (അപ്പോ. പ്ര. 5:31).

യേശുവിന്റെ അടുത്ത് യെരുശലേമിൽ നിന്നു വന്ന പ്രമാണികൾക്കു അവൻ പാപമോചനം ജനങ്ങൾക്കു കൊടുക്കുന്നത് രസിച്ചില്ല. ആ അധികാരമില്ലാത്ത ഏതോ മാനുഷിക ഗുരുവായിരിക്കാം അവൻ എന്നാണവർ വിചാരിച്ചത്. ദൈവീകാധികാരം ഉണ്ടെന്നവൻ അവകാശ പ്പെട്ടതിനാൽ താൻ ദൈവദൂഷകൻ എന്നവർ കരുതി. അവരുടെ ന്യായപ്രമാണമനുസരിച്ചു ദൈവീകശക്തി ഉണ്ടെന്നു സ്വയം പ്രശംസിക്കുന്നവനെ കല്ലെറിഞ്ഞു കൊല്ലണമെന്നാണ് അവരുടെ വിധി.

അവന്റെ ദൈവീകത്വത്തെ തെളിയിച്ചുകൊണ്ടു അവൻ വെറും ഒരു മാനുഷിക ഗുരുവല്ലെന്നുള്ള യാഥാർ ത്ഥ്യത്തിലേക്ക് അവരെ നയിക്കുവാൻ യേശു ആഗ്രഹിച്ചു.

പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആയിരുന്നതു കൊണ്ടു പാപക്ഷമ നൽകുവാൻ അവന്നു പൂർണ്ണ അധികാരമുണ്ട്. അതിനാൽ അവൻ ദൈവദൂഷണം പറയുകയല്ല, അവർ വാക്കുകളാൽ വെളിപ്പെടുത്തുന്ന തിനു മുമ്പെതന്നെ അവരുടെ ഹൃദയവികാരങ്ങളെക്കുറിച്ചു പറയുകയായിരുന്നു അവന്റെ ആദ്യത്തെ തെളിവ്. പ്രവാ ചകനായ യെശയ്യാവ് യേശുവിനെ വെളിപ്പെടുത്തുന്നത്, "അവന്റെമേൽ യഹോവയുടെ ആത്മാവു വസിക്കും. ജ്ഞാനത്തിന്റേയും വിവേകത്തിന്റേയും ആത്മാവു, ആലോചനയുടേയും ബലത്തിന്റേയും ആത്മാവു, പരി ജ്ഞാനത്തിന്റെയും യഹോവഭക്തിയുടെയും ആത്മാവു തന്നെ. അവന്റെ പ്രമോദം യഹോവഭക്തിയിൽ ആയിരി ക്കും" എന്നിങ്ങനെയാണ് (യെശയ്യാവ് 11:2,3).

അവർക്ക് ചിന്തിക്കുന്നതിനായി വേറൊരു തെളിവു യേശു നൽകി. അതായത്, ആ രോഗിയെ സൗഖ്യമാക്കു ന്നതിനുള്ള അവന്റെ കഴിവ്. സാധാരണയായി തളർവാതം ദീർഘനാളുകളായി ഒരുത്തനെ ബാധിച്ചിരുന്നാൽ സുഖം പ്രാപിക്കുവാൻ കഴിയുകയില്ല. എല്ലാവരും കാണത്തക്ക വിധത്തിൽ ക്ഷണനേരം കൊണ്ടു അവനെ പരിപൂർണ്ണ സൗഖ്യമുള്ളവനാക്കുവാൻ തനിക്കു കഴിഞ്ഞതുകൊണ്ട് അവനെ കള്ളൻ എന്ന് വിളിക്കുവാൻ ആർക്കും സാധ്യമല്ലായിരുന്നു. ക്രിസ്തു ആ തളർവാതരോഗിയോടു, "എഴുന്നേറ്റു നിന്റെ കിടക്ക എടുത്തുനടക്ക എന്നു ഞാൻ നിന്നോടു പറയുന്നു" എന്നാണു പറഞ്ഞത്. "നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നുമാത്രം പറഞ്ഞി രുന്നെങ്കിൽ അതിന്റെ ഫലം ആർക്കും കാണാൻ കഴിയാ ത്തതുകൊണ്ട്, അത് വെറും പൊളിയാണെന്ന് ആർക്കും പറഞ്ഞു പരത്താം. അതിനാൽ "എഴുന്നേറ്റു കിടക്ക എടുത്തു നടക്ക" എന്നു പറയുന്നതിനേക്കാൾ എളുപ്പം "നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറയു ന്നതാണ്. പക്ഷവാതക്കാരനെ സൗഖ്യമാക്കി തെളിയിച്ചു

കൊണ്ടു "നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്ന് ആരെങ്കിലും പറഞ്ഞാൽ അവനെ വിശ്വസിക്കാവുന്നതാണ്. ഈ വിധത്തിലാണ് യേശു തന്റെ എതിരാളികളുടെ എതിർപ്പിനെ നേരിട്ടത്. അവൻ മനുഷ്യപുത്രനായതുകൊണ്ട് പാപം മോചിക്കുവാനുള്ള അധികാരം അവനുണ്ടെന്നു വെളിപ്പെടുത്തി കാണിച്ചു. അതിനുശേഷം പ്രവൃത്തികളാൽ അവന്റെ വാക്കുകൾ തെളിയിക്കുന്നതിനാണ് അവൻ പക്ഷവാതക്കാരനോട് എഴുന്നേറ്റ് കിടക്ക എടുത്തുകൊണ്ടു നടക്കുവാൻ പറഞ്ഞത്.

തളർവാതരോഗി ഉടൻതന്നെ എഴുന്നേറ്റു. ആദ്യം അവനെ വഹിച്ചുകൊണ്ടുവരുവാൻ സ്ഥലം കൊടുക്കാത്തവർ ഇപ്പോൾ ധൃതിയിൽ അവനു പോകുവാൻ വഴിയൊരുക്കിക്കൊടുക്കുന്നു. അവന്റെ കഴിവില്ലായ്മയുടെ ചിഹ്നമായിരുന്ന കിടക്ക അത്ഭുതമായി സുഖം ലഭിച്ചു എന്നുള്ളതിനു തെളിവായി മാറി. അത് എടുത്തുകൊണ്ടവൻ നടന്നുപോയി. അവനു ലഭിച്ച സൗഖ്യത്തിന്റെ ശക്തമായ തെളിവാണത്. അവൻ ഉടൻ തന്നെ എഴുന്നേറ്റു നിന്നു കിടക്ക എടുത്തു ദൈവത്തെ പുകഴ്ത്തിക്കൊണ്ടു നടന്നു.

* * *

# II

# യേശു മത്തായിയെ വിളിക്കുന്നു

‘‘അവൻ പിന്നെയും കടൽക്കരെ ചെന്നു; പുരുഷാരം ഒക്കെയും അവന്റെ അടുക്കൽ വന്നു, അവൻ അവരെ ഉപദേശിച്ചു. പിന്നെ അവൻ കടന്നുപോകുമ്പോൾ അല്ഫായിയുടെ മകനായ ലേവി ചുങ്കസ്ഥലത്തു ഇരിക്കുന്നതു കണ്ടു. എന്നെ അനുഗമിക്ക എന്നു പറഞ്ഞു. അവൻ എഴുന്നേറ്റു അവനെ അനുഗമിച്ചു. അവൻ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ പല ചുങ്കക്കാരും പാപികളും യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടി പന്തിയിൽ ഇരുന്നു. അവനെ അനുഗമിച്ചു വന്നവർ അനേകരായിരുന്നു.

അവൻ ചുങ്കക്കാരോടും പാപികളോടും കൂടെ തിന്നുകയും കുടിക്കുകയും ചെയ്യുന്നതു പരീശന്മാരുടെ കൂട്ടത്തിൽ ഉള്ള ശാസ്ത്രിമാർ കണ്ടിട്ടു അവന്റെ ശിഷ്യന്മാരോടു: അവൻ ചുങ്കക്കാരോടും പാപികളോടും കൂടെ തിന്നുകുടിക്കുന്നതു എന്തു എന്നു ചോദിച്ചു. യേശു അതുകേട്ടു അവരോടു: ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെ കൊണ്ടു ആവശ്യമില്ല, ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നതു എന്നു പറഞ്ഞു.” (മർക്കൊസ് 2:13-17).

കച്ചവടക്കാരിൽ നിന്നു ചുങ്കം പിരിക്കാറുള്ള സ്ഥലത്ത് യേശു നിന്നു. അവരിലൊരാളെ അഭിസംബോധന ചെയ്തുകൊണ്ടു പറഞ്ഞു, “എന്നെ അനുഗമിക്ക” എന്ന്. കരം പിരിച്ചുകൊണ്ടിരുന്ന ലേവിയെ (മത്തായിയെ) കർത്താവു വിളിച്ചതുപോലെ ഇപ്പോൾ നിന്നെയും വിളിക്കുന്നു.

ഈ മനുഷ്യന്റെ വിളിയെപ്പറ്റി നാം ധ്യാനിച്ചാൽ അതത്ര ലഘുവായ ഒരു ക്ഷണമല്ലെന്നു കാണാവുന്നതാണ്. കാരണം അവനെ വെറുക്കത്തക്കവണ്ണം പലതും അവനിൽ ഉണ്ടായിരുന്നിരിക്കണം, ഇപ്പോൾ പ്രത്യേകിച്ചും ക്രിസ്തുവിനോടുകൂടി ആയതുകൊണ്ട്. കഫർന്നഹൂം എന്ന പട്ടണക്കാരനാണ് അവനെന്നുള്ളതു ശരിയാണ്. അവന്റെ പേര് മത്തായി എന്നായിരുന്നു. അതിന്റെ അർത്ഥം "ദൈവത്തിന്റെ ദാനം" എന്നാണ്. അവന്റെ എബ്രായനാമം 'ലേവി' എന്നാണ്. അതിന്റെ അർത്ഥം 'പുരോഹിതൻ' എന്നാണ്. അതുകാണിക്കുന്നത് അവൻ കുലീന പുരോഹിത കുടുംബത്തിൽപ്പെട്ടവനാണെന്നാണ്. അവൻ വിദ്യാസമ്പന്നനും ധനികനുമായിരുന്നുവെങ്കിലും എല്ലാവരും നിന്ദിക്കുകയും വെറുക്കുകയും ചെയ്യുന്ന കരം പിരിവുകാരുടെ കൂട്ടത്തിൽ പെട്ടവനായിരുന്നു. ഇവനെ ക്ഷണിച്ചതിൽ യേശുവിന്റെ ശിഷ്യന്മാർ ആകുലചിത്തരായിരുന്നിരിക്കാം. കാരണം മത്തായിയും അവരോടു കൂടെ ചേരും എന്ന് അവർ ഭയപ്പെട്ടിരുന്നു. യേശുവിന്റെ ക്ഷണം മത്തായി സ്വീകരിച്ച് ശിഷ്യന്മാരിൽ ഒരുവനായിത്തീർന്നതിൽ ക്രിസ്തുവിന്റെ ശത്രുക്കളെല്ലാം സന്തോഷിക്കുകയും യേശുവും മത്തായിയെപ്പോലെ പാപിയായി തീരുമെന്ന് ചിന്തിക്കുകയും ചെയ്തിരിക്കാം.

അക്കാലത്തെ ആളുകളുടെ അഭിപ്രായത്തിന് സ്വാധീനിക്കപ്പെടാത്ത ക്രിസ്തുമാഹാത്മ്യം ഈ ക്ഷണം നമുക്കു വ്യക്തമാക്കി തരുന്നു. മറ്റു മനുഷ്യർ സമൂഹത്തോട് ഏകീഭവിക്കുവാനും അവരിൽ നിന്നുള്ള മതിപ്പുണ്ടാകുവാനും ആഗ്രഹിക്കുമ്പോൾ ക്രിസ്തുവിന്റെ ദൈവീക സ്വഭാവത്തിനൊരു തെളിവായി ഇത് ശോഭിക്കുന്നു. യഹോവ തന്റെ ജനത്തോട് ഇപ്രകാരം പറഞ്ഞിട്ടുണ്ടല്ലോ, "നിങ്ങളുടെ വിചാരങ്ങൾ അല്ല എന്റെ വിചാരങ്ങൾ,

നിങ്ങളുടെ വഴികളല്ല എന്റെ വഴികൾ" എന്ന് (യെശയ്യാവ് 55:8). തന്റെ സമകാലികന്മാരെപ്പോലെ പ്രവർത്തിക്കാത്ത തിൽ നിന്നും യേശുവിന്റെ ഉത്ഭവവും തന്റെ തത്ത്വോപ ദേശങ്ങളും വിചാരങ്ങളും നിസ്തുല്യമാണെന്നു തെളിയുന്നു. അവൻ ഭൗമീകനല്ല. യെഹൂദപ്രമാണികൾ ചുങ്കക്കാരെ വെറുത്തിരുന്നു. അവരുടെ മൗലീകാവകാ ശങ്ങൾ അവർക്കു നിഷേദിക്കപ്പെട്ടിരുന്നു. കോർട്ടിലെ അവരുടെ സാക്ഷ്യം പോലും അവർ സ്വീകരിച്ചില്ല. പണം പലിശക്കു കൊടുക്കുന്നവർ, ചൂതുകളിക്കാർ, കള്ളന്മാർ, കൊലയാളികൾ, വ്യഭിചാരികൾ, ജാതികൾ എന്നിവരുടെ കൂട്ടത്തിലാണ് യെഹൂദർ ഇവരെ കണക്കാക്കിയിരുന്നത്. അവർ ചുങ്കക്കാരോടു സ്നേഹസംഭാവനകൾ സ്വീകരിക്കു കയോ സഹഭോജനത്തിനിരിക്കുകയോ ചെയ്തിരുന്നില്ല. ചുങ്കക്കാരെ വന്യമൃഗങ്ങളായി ഗണിച്ചിരുന്നു. അവരോ ടുള്ള ഇത്തരം പെരുമാറ്റം ചുങ്കം പിരിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരുന്നവരെ കൂടുതൽ ചീത്തയാക്കി. ഒരു ചുങ്കക്കാ രൻ യേശുവിനോടു ചേരുവാനും തന്റെ ശിഷ്യനാകു വാനും, തുടർന്ന് അപ്പൊസ്തലനാകുവാനും വേണ്ടി എന്തുകൊണ്ടാണ് ക്ഷണിക്കപ്പെട്ടത്. യെഹൂദന്മാർ ഇക്കൂ ട്ടരെ വെറുത്തിരുന്നതുപോലെ യേശു വെറുത്തിരുന്നില്ല എന്നതാണ് അതിന്റെ കാരണം. അവന്റെ അപാര സ്നേ ഹം എല്ലാവരിലും പ്രസരിച്ചു. സമൂഹം ഒറ്റപ്പെടുത്തിയിരു ന്നവരുടെ അടുക്കലേക്കുപോലും ആ സ്നേഹമെത്തി. അങ്ങനെ ദൈവത്തിന്റെ ആർദ്ര കരുണ അവനിലൂടെ പ്രക ടമാക്കി. അതുകൊണ്ടാണ് യേശു ആ ചുങ്കക്കാരനോടു തന്നെ അനുഗമിക്കുവാൻ പറഞ്ഞത്.

ചുങ്കക്കാരെക്കാൾ മതനേതാക്കന്മാരുടെ തെറ്റുക ളാണു കൂടുതൽ ശിക്ഷാർഹമായിട്ടുള്ളതെന്ന് യേശു കണ്ടു. പരീശന്മാർ ഇത് മനസ്സിലാക്കിയിരുന്നെങ്കിൽ അവർ ശിക്ഷയിൽ നിന്ന് ഒഴിഞ്ഞിരുന്നേനെ. അവർ

അങ്ങനെ ചെയ്യാതിരുന്നതിനാൽ പല പ്രാവശ്യം യേശു പരസ്യമായി അവരെ ശകാരിച്ചു. പാപികൾ മാനസാന്തരപ്പെട്ട് തങ്ങളുടെ പാപങ്ങൾ യേശുവിനോട് ഏറ്റു പറഞ്ഞാൽ അവർ ഈ കപടമതഭക്തിക്കാരെക്കാൾ ദൈവരാജ്യത്തോട് അടുത്തവരായിരിക്കും. അതുകൊണ്ടാണ് ഒരു വെറുക്കപ്പെട്ട ചുങ്കക്കാരന് പരീശനെക്കാൾ മുൻപേ സ്വർഗ്ഗത്തിൽ പ്രവേശിപ്പാനുള്ള അവസരം കിട്ടിയത്. സാമൂഹ്യഭ്രഷ്ട് കല്പിക്കപ്പെട്ട ഒരു ശമര്യാക്കാരിയെ അനുതാപത്തിലേക്കും വിശ്വാസത്തിലേക്കും നടത്തി ഇതിനുമുമ്പു തന്നെ യേശു രക്ഷിച്ചിരുന്നു. ഇപ്പോൾ മത്തായിയെ തന്റെ ആത്മീക സാമ്രാജ്യത്തിലേക്കു പ്രവേശിപ്പാൻ ക്ഷണിച്ചു. ഏറ്റവും വലിയ വൈദ്യൻ എന്ന നിലയിൽ തന്റെ ശ്രദ്ധ ചുങ്കക്കാരിലേക്കു പതിയുവാൻ കാരണം അവരുടെ പാപവും ദുഷ്ടതയുമാണെന്നു യേശു വിവരിച്ചു. അവൻ സൗഖ്യമുള്ളവരെ അല്ല, ദീനക്കാരെ അത്രേ ശുശ്രൂഷിപ്പാൻ വന്നത്. പരീശന്റെ രക്ഷകൻ ചുങ്കക്കാരന്റെയും രക്ഷകനാണ്. യെഹൂദന്മാരുടെ മൂപ്പന്മാരോടും മഹാപുരോഹിതന്മാരോടും ഒരിക്കൽ അവൻ പറഞ്ഞു. ‘‘നിങ്ങളെക്കാൾ മുമ്പെ വ്യഭിചാരികളും ചുങ്കക്കാരും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നു. എന്തുകൊണ്ടെന്നാൽ യോഹന്നാൻ നീതി മാർഗ്ഗം ഉപദേശിച്ചും കൊണ്ടു നിങ്ങളുടെ അടുക്കൽ വന്നു. നിങ്ങൾ അവനെ വിശ്വസിച്ചില്ല; എന്നാൽ ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു. അത് കണ്ടിട്ടും നിങ്ങൾ അവനെ വിശ്വസിപ്പാൻ തക്കവണ്ണം പിന്നത്തേതിൽ അനുതപിച്ചില്ല’’ (മത്തായി 21:31,32). മാനസാന്തരപ്പെട്ടവരാൽ അംഗീകരിക്കപ്പെട്ടവനും മാനസാന്തരപ്പെടാത്ത യെഹൂദ മൂപ്പന്മാരാൽ നിരാകരിക്കപ്പെട്ടവനുമായ യോഹന്നാൻ സ്നാപകന്റെ അന്ത്യം തനിക്കും ലഭിക്കുമെന്നു ക്രിസ്തു സൂചിപ്പിക്കുകയായിരുന്നു.

മത്തായി യേശു കർത്താവിനെ നേരത്തെ അറിഞ്ഞിരിക്കാനാണു സാധ്യത. അവന്റെ പ്രസംഗം പല പ്രാവശ്യം കേട്ടു കുറ്റബോധമുണ്ടായിക്കാണും. മറ്റുള്ളവരെപ്പോലെ ക്രിസ്തുവിന്റെ അത്ഭുതങ്ങൾ കണ്ടു ലഘുവായ വിശ്വാസം യേശുവിൽ അർപ്പിച്ചവനുമാകാം അവൻ. അവൻ തന്റെ തൊഴിൽ വെറുത്തു. അത് ഉപേക്ഷിക്കണമെന്നു പലപ്പോഴും ചിന്തിച്ചിരിക്കാം. അവന്റെ ഹൃദയാവസ്ഥ യേശു കണ്ടു. തന്നെ അനുഗമിക്കാനുള്ള ആഹ്വാനം സ്വീകരിക്കുവാൻ മത്തായി ഒരുക്കമാണെന്നറിഞ്ഞ് അവനെ ക്ഷണിച്ചതാണ്. മത്തായി എല്ലാം ഉപേക്ഷിച്ചു അവനെ അനുഗമിച്ചു. ദൈവീക കൃപയുടെ പ്രവൃത്തി അവനിൽ വെളിപ്പെട്ടിരുന്നു, പണത്തോടുള്ള സ്നേഹം അവനില്ലാതായി. ക്രിസ്തുവിനുവേണ്ടി എല്ലാം ത്യജിക്കുവാൻ അവൻ ഉത്സാഹിച്ചു.

ക്രിസ്തുവിനുവേണ്ടി ലാഭകരമായ തന്റെ തൊഴിൽ ഉപേക്ഷിച്ചു. തന്റെ വീട്ടിൽ വലിയ ഒരു വിരുന്നൊരുക്കി. അവന്റെ സഹപ്രവർത്തകരേയും മാന്യന്മാരെയും വിരുന്നിനു ക്ഷണിച്ചു. സാധാരണഗതിയിൽ മുമ്പ് അവൻ ക്ഷണിച്ചാൽ ആരും പോകുകയില്ലായിരുന്നു. എന്നാൽ തന്റെ സഹപ്രവർത്തകർ യേശുവിനെപ്പറ്റി അറിയണമെന്നും അവന്നു കിട്ടിയ വെളിച്ചം അവർക്കും ലഭിക്കണമെന്നും അവൻ ആഗ്രഹിച്ചു. ഇതാണു ക്രിസ്തുവിന്റെ വെളിച്ചം ലഭിച്ച അനുയായികൾ ചെയ്യേണ്ടത്. യേശുവിനുവേണ്ടി വിരുന്നൊരുക്കിയ ഒരേ ഒരു ശിഷ്യൻ മത്തായിയായിരുന്നു. അവന്നു ക്രിസ്തുവിനോടുള്ള നന്ദി രേഖപ്പെടുത്തേണ്ടതുണ്ടായിരുന്നു; എന്തെന്നാൽ യേശു ശിഷ്യഗണത്തിലേക്കു അവനെ ക്ഷണിക്കുകയും പാപപങ്കിലമായ അവസ്ഥയിൽ നിന്ന് അവനെ രക്ഷിക്കുകയും ചെയ്തു. അതേ, മത്തായിക്ക് തന്റെ ജോലിയും വരുമാനവും നഷ്ടമായി. എന്നാൽ അവൻ പാപക്ഷമയും

രക്ഷയും കരസ്ഥമാക്കി. മുമ്പ് അവനുണ്ടായിരുന്നതെല്ലാം ക്രിസ്തു നിമിത്തം ചപ്പും ചവറുമെന്നെണ്ണി. യുഗായുഗങ്ങളോളം നിലനിൽക്കുന്ന ബഹുമതിയും അവകാശവും അവനു ലഭിച്ചു. ക്രിസ്തു യേശുവിന്റെ ഈ ലോകത്തിലേക്കുള്ള ആഗമനോദ്ദേശ്യം വിവരിക്കുന്ന നാലു സുവിശേഷങ്ങളിൽ ആദ്യത്തേതു മത്തായിയുടേതാണ്. അവന്റെ നാമം രാജാക്കന്മാരുടെയും ശാസ്ത്രജ്ഞന്മാരുടെയും ധനവാന്മാരുടെയും നാമങ്ങളെക്കാൾ അനശ്വരമാക്കപ്പെട്ടു. അവൻ രചിച്ച സുവിശേഷത്തിലൂടെ അനേകരെ അവൻ ക്രിസ്തുവിങ്കലേക്ക് നടത്തി, ഇന്നും ആ പ്രവൃത്തി തുടരുന്നു. ഈ ലോകത്തേയും അതിന്റെ മോഹത്തേയും ത്യജിച്ച് ഈ സ്വർഗ്ഗീയ ഗുരുവിനെ അനുഗമിക്കുകയും സേവിക്കുകയും ചെയ്യുന്നവർക്കെല്ലാം ധാരാളം പ്രതിഫലം ലഭിക്കും. മത്തായി തന്റെ വ്യത്യസ്ത ജീവിതത്തിന്റെ തെളിവ് പ്രദർശിപ്പിച്ചു. വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതാണ് ഉത്തമമെന്ന് അവൻ ഉടൻ തന്നെ ചിന്തിച്ചു. ചിലർ വിചാരിക്കുന്നത് സഭയിൽ ചേരുന്നതുമൂലം സഭക്ക് എന്തോ നന്മ ചെയ്യുന്നു എന്നാണ്. ലൗകീക സുഖങ്ങൾ അതിനു പകരമായി ലഭിക്കണമെന്നവർ ആഗ്രഹിക്കുന്നു. “ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്കു എന്തുകിട്ടും” (മത്തായി 19:27) എന്ന് അധഃപതനാവസ്ഥയിൽ പറഞ്ഞ പത്രോസിനെപ്പോലെയാണ്. തങ്ങളെ സ്വീകരിച്ചതിനാൽ സഭ അവരുടെ ഗുണകാംക്ഷിയാണെന്നു ചിന്തിക്കുന്നതിനു പകരം അവരുടെ നന്മകൾ തങ്ങൾക്കും വേണം എന്നാണ് ഇങ്ങനെയുള്ളവരുടെ ആഗ്രഹം.

മത്തായി തന്റെ സുവിശേഷത്തിൽ യേശുവിന്റെ ശിഷ്യനാകുവാൻ തന്നെ എങ്ങനെ ക്ഷണിച്ചുവെന്ന് വിവരിക്കുന്നു. തന്റെ സ്വഭാവത്തിന്നനുസരണമായി വിനയത്തോടുകൂടി അവൻ സകലതും ഉപേക്ഷിച്ചു യേശുവിനെ അനുഗമിച്ചുവെന്നോ, യേശുവിനുവേണ്ടി ഒരു

വലിയ വിരുന്നൊരുക്കി എന്നോ പ്രതിപാദിക്കുന്നില്ല. ലൂക്കൊസ് മാത്രം ഇതു നമ്മോടു പറയുന്നു. മർക്കൊസും ലൂക്കൊസും അപ്പൊസ്തലന്മാരുടെ പട്ടികയിൽ 'ചുങ്കക്കാരൻ മത്തായി' എന്നു പറയുന്നില്ല. മത്തായിയാകട്ടെ തന്റെ സുവിശേഷലിഖിതത്തിൽ "ഈ നിന്ദ്യനായ ചുങ്കക്കാരൻ" എന്നുപറയുന്നു. അപ്പൊസ്തലന്മാരുടെ തെരഞ്ഞെടുപ്പിൽ ചുങ്കക്കാരനായ തന്നേയും ഉൾപ്പെടുത്തുന്നതിനു കനിഞ്ഞതിനാൽ ക്രിസ്തുവിനു മഹത്വം കൊടുക്കുകയാണു മത്തായി ചെയ്യുന്നത്. "ഒരേ തൂവലുകളുള്ള പക്ഷികൾ ഒരുമിച്ചു ചേരുന്നു" എന്ന പഴഞ്ചൊല്ല് പല ഭാഷകളിലുമുണ്ട്. പരീശന്മാർ യേശുവിനെ നിന്ദിച്ചു, എന്തെന്നാൽ അവൻ വെറുക്കപ്പെട്ടവരുടെ കൂട്ടായ്മ അംഗീകരിച്ച് അവരോടുരൊമിച്ചു ഭക്ഷണം കഴിക്കുകയും പാപികളുമായി ബന്ധപ്പെട്ട് അവരുടെ പാപത്തിൽ പങ്കാളിയാകുകയും ചെയ്തിരുന്നെങ്കിൽ ഈ പഴഞ്ചൊല്ല് യേശുവിന്റെ കാര്യത്തിലും അന്വർത്ഥമാകുമായിരുന്നു. എന്നാൽ പാപികളുമായി കൂട്ടുകൂടുന്നതിലുള്ള തന്റെ ഉദ്ദേശ്യം അവരെ മാനസാന്തരത്തിലേക്കും ദിവ്യപ്രകാശത്തിലേക്കും നയിക്കുകയായിരുന്നു.

ക്രിസ്തു ചുങ്കക്കാരൻ മത്തായിയുടെ ആതിഥ്യം സ്വീകരിച്ച് അവന്റെ ഭവനത്തിൽ ഭക്ഷണം കഴിച്ചു. അപ്രകാരം ചെയ്തതിനാൽ മനുഷ്യരുടെ മദ്ധ്യേ ഉള്ള വർഗ്ഗ - വർണ്ണ വ്യത്യാസത്തെ തച്ചുടക്കുകയായിരുന്നു. തന്നെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്ന ഏവനേയും ദൈവം സ്വീകരിക്കുന്നു എന്നും കാണിക്കുകയായിരുന്നു (അപ്പൊ. പ്ര. 10:35). യേശുവിന്റെ കാലത്തുണ്ടായിരുന്നവർക്ക് ദൈവദൃഷ്ടിയിൽ ധനവാനെന്നോ ദരിദ്രനെന്നോ, വിദ്യാസമ്പന്നനെന്നോ വിദ്യാവിഹീനനെന്നോ, രാജാവെന്നോ അടിമയെന്നോ ഉള്ള വ്യത്യാസമില്ലെന്ന് കാണാൻ സാധിച്ചിരുന്നില്ല. ലോകത്തിനു നല്കപ്പെട്ട ഏറ്റവും വലിയ

ഇഷ്ടദാനമായി ഈ തത്ത്വം ആദ്യം പഠിപ്പിച്ചതു യേശു ആയിരുന്നു.

മത്തായിയുടെ ഭവനത്തിൽ കണ്ട അസാധാരണ ആൾക്കൂട്ടം വളരെ വ്യക്തമായ ഒരു വിരോധാഭാസത്തിനു വഴിതെളിച്ചു. ഒരുവശത്ത് ജനനത്തിനുമുമ്പു തന്നെ 'വിശുദ്ധപ്രജ'യെന്ന് നാമം ലഭിച്ചവനും, "നീ ആരാണെന്നു എനിക്കറിയാം, ദൈവത്തിന്റെ പരിശുദ്ധൻ തന്നെ" എന്ന് അശുദ്ധാത്മാവുള്ളവൻ സാക്ഷ്യപ്പെടുത്തിയവനും (മർക്കൊസ് 1:24), മറുഭാഗത്ത് ചുങ്കക്കാരുടെയും പാപികളുടെയും ഒരു കൂട്ടവും. ഈ രണ്ടു കൂട്ടരേയും ഒന്നിച്ചു കൊണ്ടുവന്ന ചേതോവികാരം ഏതായിരുന്നു? ഇതിന്റെ മറുപടി യേശുവിന്റെ വാക്കുകളിൽ തന്നെ കാണുന്നു, "ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ മാനസാന്തരത്തിലേക്കു നടത്തുവാൻ വന്നതു".

മത്തായിയുടെ ക്ഷണം യേശു സ്വീകരിച്ചപ്പോൾ പരീശന്മാരും ന്യായശാസ്ത്രികളും കുറ്റം പറഞ്ഞു.

തങ്ങളുടെ തരക്കാരുമായി ചുങ്കക്കാർ ഭക്ഷണം കഴിക്കുന്നതിന് അവർക്ക് വിരോധമില്ലായിരുന്നു. എന്നാൽ വെറുക്കപ്പെട്ട കൂട്ടരുമായി ക്രിസ്തു ഇടപഴകുന്നതവർക്കു സഹിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് അവർ അവനെ വെറുത്തത്.

യേശു അതേ പട്ടണത്തിലുള്ള ഒരു പക്ഷവാത രോഗിയെ സൗഖ്യമാക്കിയപ്പോൾ അവർക്കുണ്ടായ മൗനമായ എതിർപ്പിന് യേശു യഹൂദനേതാക്കളെ ശാസിച്ചു. ഒരു പക്ഷേ അവനെതിരായുള്ള വികാരങ്ങൾ അവർ പരസ്യമായി പ്രകടിപ്പിച്ചില്ലായിരിക്കും. കാരണം അവന്റെ പരസ്യമായ ശാസനം അവരുടെ മൗനമായ എതിർപ്പിനെക്കാൾ ഭയങ്കരമാണെന്ന് അവർക്കറിയാമായിരുന്നു. അതിനാൽ അവന്റെ ശിഷ്യന്മാരുടെ നേരെയായി

അവരുടെ എതിർപ്പുകൾ. നിങ്ങളുടെ ഗുരു ചുങ്കക്കാര നോടും പാപികളോടും കൂടെ സഹകരിക്കുന്നതെന്ത്? – എന്ന്. ഈ ചോദ്യത്തിനു മറുപടി പറയാൻ ക്രിസ്തു ശിഷ്യന്മാരെ അനുവദിച്ചില്ല. താൻ തന്നെ അതിനു മറുപടി നൽകി. ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള ആഗമനോദ്ദേ ശ്യത്തെ പരാമർശിക്കുന്ന ഈ ചോദ്യത്തിന് മറുപടി പറയു വാൻ തക്ക സ്ഥിതിയിലായിരുന്നില്ല ശിഷ്യന്മാർ. യേശു അതിനു മറുപടി പറഞ്ഞത് തന്റെ ബാഹ്യപ്രകടനങ്ങൾ തന്റെ ആത്മീക ശുശ്രൂഷയുടെ അടയാളമാണെന്നാണ്. അവൻ ശരീരസൗഖ്യം നൽകികൊണ്ട് ആത്മീകസൗഖ്യം (പാപക്ഷമ) കൊടുക്കുവാൻ കഴിവുള്ളവനാണെന്നു തെളിയിച്ചു. രോഗികളെ സൗഖ്യമാക്കുന്നതിലുള്ള തന്റെ താത്പര്യത്തിന് കാരണം അവരുടെ ആത്മീകസൗഖ്യ മാണെന്ന് തങ്ങൾ ഗ്രഹിക്കണമെന്നതായിരുന്നു. അതാ യത്, അവർക്കു പാപക്ഷമ നല്കുക എന്നത്. യെഹൂദാ നേതാക്കൾക്ക് താൻ ഒരു ആത്മീക വൈദ്യനാണെന്ന് വെളിപ്പെടുത്തികൊടുത്തു. ഒരു രക്ഷകൻ എന്ന നിലയിൽ അവൻ തന്റെ ശുശ്രൂഷ പാപികൾക്കുവേണ്ടി നിർവ്വഹിക്കു കയായിരുന്നു. ആ ശുശ്രൂഷ നീതിമാന്മാർക്കു ആവശ്യ മില്ലല്ലോ. സൗഖ്യമുള്ളവനെന്നു സ്വയം കരുതുന്ന രോഗിയെ ഒരു ഡോക്ടർ ഒരിക്കലും ചികിത്സിക്കയില്ല. അതുപോലെ സ്വയം നീതിമാനാണെന്നു ഭാവിക്കുന്ന ഒരു പാപിയെ യേശു രക്ഷിക്കുന്നില്ല. എന്നാൽ യെഹൂദനേതാ ക്കൾ ചെയ്തത് അതായിരുന്നു. അവർ മതാചാര്യന്മാരാ ണെന്നു സ്വയം പ്രശംസിച്ചു. അതിനാൽ അവർക്കൊരു രക്ഷകന്റെ ആവശ്യമില്ലെന്നവർ വിചാരിച്ചു. അവർ യഥാ ർത്ഥ നീതിമാന്മാരായിരുന്നെങ്കിൽ യേശു നഷ്ടപ്പെട്ടവരെ ശരിയായ പാതയിലേക്കു കൊണ്ടു വരുന്നതിലും രോഗി കളെ ശുശ്രൂഷിച്ചതിലും അവർ ആനന്ദിക്കുമായിരുന്നു. അവൻ തന്നെ ഒരു രോഗിയായിരുന്നെന്നോ അവരുടെ രോഗത്തെ പങ്കുവെച്ചുവെന്നോ ഇതിനർത്ഥമില്ല.

"ഞാൻ നീതിമാന്മാരെയല്ല പാപികളെ അത്രേ മാനസാന്തരത്തിലേക്കു വിളിക്കുവാൻ വന്നതു" എന്നു യേശു പ്രഖ്യാപിച്ചപ്പോൾ അവൻ പശ്ചാത്താപത്തിന്റെ പ്രാധാന്യം ഊന്നി പറയുകയായിരുന്നു. ഏതുവിധത്തിലുള്ള മാനസന്തരത്തിലേക്കാണ് അവൻ അവരെ വിളിച്ചത്? ഒന്നാമതായി ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം താനൊരു പാപിയാണെന്നും പാപം വെറുക്കപ്പെടേണ്ടതാണെന്നും ബോധ്യമാകണം. കൂടാതെ ആ വ്യക്തിക്ക് തന്റെ പാപത്തെപ്പറ്റി അനുതാപം ഉണ്ടാകണം, അത് ഉപേക്ഷിക്കുന്നതിനുള്ള താത്പര്യവും തീരുമാനവും ഉണ്ടായിരിക്കണം. അവസാനമായി ദിവ്യപാപമോചനം നൽകുന്നവനും അന്ത്യത്തോളം വിശ്വസ്തനായി തുടരാൻ സഹായിക്കുന്നവനുമായ ദൈവത്തിൽ അവൻ ശരണപ്പെടണം.

* * *

# IV

# ബെഥേസ്ദാ കുളക്കരയിൽ വെച്ച് ഒരു രോഗിയെ സൗഖ്യമാക്കുന്നു

"അതിന്റെശേഷം യെഹൂദന്മാരുടെ ഒരു ഉത്സവം ഉണ്ടായിട്ടു യേശു യെരുശലേമിലേക്കു പോയി. യെരുശലേമിൽ ആടുവാതില്ക്കൽ ബേഥേസ്ദാ എന്ന എബ്രായ പേരുള്ള ഒരു കുളം ഉണ്ട്. അതിനു അഞ്ചു മണ്ഡപം ഉണ്ട്. അവയിൽ വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയോരു കൂട്ടം (വെള്ള

ത്തിന്റെ ഇളക്കം കാത്തുകൊണ്ടു) കിടന്നിരുന്നു. അതതു സമയത്തു ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും; വെള്ളം കലങ്ങിയശേഷം ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധി പിടിച്ചവനായിരുന്നാലും അവന്നു സൗഖ്യം വരും. എന്നാൽ മുപ്പത്തെട്ടു ആണ്ടു രോഗം പിടിച്ചു കിടന്നോരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. അവൻ കിടക്കുന്നതു യേശു കണ്ടു; ഇങ്ങനെ ഏറെ കാല മായിരിക്കുന്നു എന്നറിഞ്ഞു, നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്നു അവനോടു ചോദിച്ചു. രോഗി അവനോടു: യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിലാക്കുവാൻ എനിക്കു ആരും ഇല്ല. ഞാൻ തന്നെ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കുമുമ്പായി ഇറങ്ങുന്നു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു: എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക എന്നുപറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു. എന്നാൽ അന്ന് ശബ്ബത്തു ആയിരുന്നു" (യോഹന്നാൻ 5:1–9).

സുവിശേഷകനായ യോഹന്നാൻ നമ്മോടു പറയുന്നത് മുപ്പത്തെട്ടു വർഷമായി രോഗി ആയിരുന്ന ഒരു മനുഷ്യന് എങ്ങനെ സൗഖ്യമായി എന്നാണ്. അവൻ ബെഥേസ്ദാ എന്ന കുളക്കരയിൽ താമസിച്ചിരുന്നു. നല്ല ഒരു നീരുറവയുണ്ടായിരുന്ന യെരുശലേമിനടുത്തായി രുന്നു ഈ ഇടം. ആ ഉറവ കുമിഴ്ന്ന് (കലങ്ങി) കൂടുമ്പോ ഴെല്ലാം സൗഖ്യപ്പെടുത്തുന്ന ഗുണം ആ വെള്ളത്തിനു ണ്ടെന്ന് ആളുകൾ വിശ്വസിച്ചിരുന്നു. സൗഖ്യം പ്രാപിക്കു ന്നതിനുവേണ്ടി ആ കുളത്തിലേക്ക് ആളുകൾ ഓടിക്കൂടി. അഞ്ചു വലിയ മണ്ഡപം അതിനു ചുറ്റും ഉണ്ടാക്കപ്പെ ട്ടിരുന്നു. അവിടെ വെള്ളത്തിന്റെ ഇളക്കം (ഉറവ കുമിഴ്ന്ന് കൂടുമ്പോഴുള്ള) കാത്ത് ആളുകൾക്കു കഴിഞ്ഞു കൂടാമാ യിരുന്നു.

ഒരു ദിവസം യേശു ഈ കുളക്കരയിലെ ഒരു മണ്ഡപത്തിലേക്കു വന്നു. വെള്ളത്തിന്റെ ഇളക്കം കാത്തുകിടന്നിരുന്ന ഒരു വലിയ കൂട്ടത്തെ - (രോഗികൾ, അന്ധന്മാർ, മുടന്തന്മാർ, തളർവാതരോഗികൾ മുതലായവർ) - കണ്ടു മനസ്സലിഞ്ഞു. ആ കൂട്ടത്തിൽ വൃദ്ധനായ രോഗിയെ മാത്രം യേശു സൗഖ്യമാക്കുവാൻ ആ ശബ്ബത്ത് നാളിൽ തീരുമാനിച്ചു. എന്തുകൊണ്ടാണ് ഒരു പ്രത്യേക വ്യക്തിയെ ക്രിസ്തു തെരഞ്ഞെടുത്തത്? ചിലപ്പോൾ അവൻ വളരെ വൃദ്ധനായതുകൊണ്ടാവാം, ചിലപ്പോൾ തീരാവ്യാധി പിടിച്ചവനായതുകൊണ്ടാവാം. ഏറ്റവും പഴക്കം ചെന്ന രോഗി അവനായിരുന്നു എന്ന തിനു സംശയമില്ല. തന്റെ രഹസ്യപാപങ്ങൾ മൂലമുണ്ടായ താണെന്ന് അനേകർ ധരിച്ചുവെച്ചിരുന്ന രോഗികളിൽ വെച്ചു ശാരീരിക ആത്മീക സൗഖ്യങ്ങൾക്കാവശ്യമായ ഒരു വ്യക്തിയായിരുന്നു അത് എന്നതിനു മുഖപക്ഷമില്ല. അവന്റെ നിരാലംബമായ അവസ്ഥയിൽ അവൻ നിരാശനായിത്തീർന്നിരുന്നു. ഒരു മനുഷ്യൻ പൂർണ്ണമായും നിസ്സഹായകനാണെന്നു സമ്മതിക്കാത്തിടത്തോളം യേശുവിനു തന്റെ കൈനീട്ടി അവനെ രക്ഷിക്കുവാൻ കഴിയുകയില്ല.

ക്രിസ്തു ഈ മനുഷ്യന്റെ അടുത്തുവന്നു അവനെ നോക്കിയിട്ടവനോട്, "നിനക്കു സൗഖ്യമാകാൻ മനസ്സു ണ്ടോ' എന്നു ചോദിച്ചു. ഗലീലക്കാരനായ ഗുരുവിനു താൻ ഇതിനുമുമ്പു കണ്ടിട്ടില്ലാത്ത ആ രോഗിയിൽ അനുകമ്പയുണ്ടായി. ഒരു അപരിചിതനിൽ നിന്നു കേട്ട ഈ ചോദ്യം ഗൗരവമായി എടുക്കേണ്ടെന്നു തോന്നിയെ ങ്കിലും വളരെ ആദരവോടുകൂടി തന്റെ യഥാർത്ഥാവസ്ഥ അവൻ വ്യക്തമാക്കി. ക്രിസ്തുവിന്റെ വ്യക്തിത്വത്തിലും ശബ്ദത്തിലും അവന്നു നല്ല മതിപ്പുണ്ടായിരുന്നു. അവൻ

ആദരവോടുകൂടി പറഞ്ഞു, “യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിലാക്കുവാൻ, എനിക്കാരുമില്ല. ഞാൻ തനിയെ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു”. ഈ മനുഷ്യനിൽ നിന്നും യേശു ആഗ്രഹിച്ച ഒരേയൊരു കാര്യം അവൻ സ്വയം തന്റെ ആഗ്രഹം പ്രകടിപ്പിക്കണമെന്നുള്ളതാണ്. യേശു എപ്പോഴും ആഗ്രഹിക്കുന്നത് എല്ലാ പാപികളും രക്ഷിക്കപ്പെടണമെന്നാണ്. അവൻ ഓരോരുത്തരോടും യഥാർത്ഥ രക്ഷ ആവശ്യമുണ്ടോയെന്നു ചോദിക്കുകയാണ്. എല്ലാവരും രക്ഷിക്കപ്പെടണമെന്നു ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ഓരോരുത്തരും വ്യക്തിപരമായി രക്ഷിക്കപ്പെടണമെന്ന ആവശ്യം ഉന്നയിക്കണം.

ആ രോഗിയുടെ മറുപടിയിൽ നിന്നു രോഗം അവനെ എത്രമാത്രം തളർത്തിയിരുന്നു എന്നു കാണാം. വെള്ളം കലങ്ങുമ്പോൾ താൻ തനിയെ ചെല്ലുന്നതിനു മുമ്പായി മറ്റൊരുത്തൻ അവിടെ എത്തുന്നു. അവനെ സഹായിക്കാൻ ആരുമില്ലെന്നും അവൻ ഏകാകിയായിരുന്നെന്നും കാണാം. അവനെ സഹായിപ്പാൻ ആരും ഇല്ലാത്തതുകൊണ്ടാണ് യേശു തന്നെ തെരഞ്ഞെടുത്തതെന്ന് അവൻ അറിഞ്ഞിരുന്നുവെങ്കിൽ അവൻ നിരാശയിൽ നിന്ന് ആശയിലേക്കുയരുമായിരുന്നു. രക്ഷിതാവു ഇപ്പോഴും സഹായിപ്പാൻ തനിക്കാരുമില്ലെന്നു ഏറ്റു പറയുന്ന പാപിയെ രക്ഷിക്കുന്നു. ദാവീദ് എഴുതി, “നിങ്ങൾ പ്രഭുക്കന്മാരിൽ ആശ്രയിക്കരുതു, സഹായിപ്പാൻ കഴിയാത്ത മനുഷ്യപുത്രനിലും അരുതു” (സങ്കീർത്തനങ്ങൾ 146:3).

ഈ രോഗി കുളക്കടവിലായിരുന്നതിനാൽ അവനു സൗഖ്യം പ്രാപിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നുവെന്നു വ്യക്തമാണ്. എന്നാൽ പിന്നെ, “നിനക്കു സൗഖ്യമാകു

വാൻ മനസ്സുണ്ടോ" എന്ന് എന്തിനാണ് യേശു ചോദിച്ചത്? അവന്റെ ശരീരത്തെപ്പോലെതന്നെ ദീർഘകാലത്തെ പരാജയജീവിതവും രോഗദൈർഘ്യവും മൂലം അവന്റെ മനസ്സാക്ഷി നിർജ്ജീവമായിത്തീർന്നിരിക്കാം. അതിനാൽ അവന്റെ മനസ്സുണർത്തി സൗഖ്യമാക്കുവാൻ കഴിയുന്ന ക്രിസ്തുവിനു പൂർണ്ണമായി സമർപ്പിക്കേണ്ടതാവശ്യമായിരുന്നു. അവൻ വളരെക്കാലങ്ങളായി പരിചയിച്ചിരുന്ന ആ നിർഗ്ഗുണ നിശ്ചലാവസ്ഥയിൽ നിന്നു അവനെ ഉണർത്തണമെന്നു യേശു ആഗ്രഹിച്ചു. തങ്ങൾക്കു പാപമോചനം ബാഹ്യകർമ്മാനുഷ്ഠാനങ്ങളിൽ നിന്നും ഭക്തിയിൽ നിന്നും ലഭിക്കുമെന്നാശിക്കുന്ന മതഭക്തരായ പാപികളെ അവൻ ഇന്നും രക്ഷിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ അനേകപ്രാവശ്യം പരാജയപ്പെട്ടതിനാൽ തന്റെ പാപസ്വഭാവത്തെ ഉടയ്ക്കുവാൻ കഴിയുമോ എന്നവൻ ഭയപ്പെടുന്നു. അഭിവൃദ്ധിക്കു യാതൊരു പഴുതുമില്ലാത്തതിനാൽ കാലക്രമേണ തന്റെ പരാജയങ്ങളാൽ ഹൃദയം മരവിച്ചുപോകും, അവൻ സഹായത്തിനായി ആവശ്യപ്പെടുകയും ഇല്ല. അതുകൊണ്ടാണ് നിനക്ക് സൗഖ്യമാകുവാൻ മനസ്സുണ്ടോ? എന്നു യേശു ചോദിച്ചത്.

അവന്റെ സഹായം യഥാർത്ഥത്തിൽ ആവശ്യമുണ്ടോ എന്ന് ക്രിസ്തു സഹായിക്കാൻ തെരഞ്ഞെടുത്തവരോടു ചോദിക്കാറുണ്ട്, എന്തെന്നാൽ ക്രിസ്തു വാഗ്ദത്തം ചെയ്യുന്ന രക്ഷ മിക്കവാറും പലരും ആവശ്യപ്പെടാറില്ല. പൂർണ്ണ ഹൃദയത്തോടുകൂടെ ആവശ്യപ്പെടുന്നവർക്കു മാത്രമേ ക്രിസ്തു തന്റെ രക്ഷ ദാനമായി കൊടുക്കുന്നുള്ളൂ.

ഈ മനുഷ്യൻ തന്റെ സ്വയരീതിയിൽ സൗഖ്യമാകുവാൻ ആഗ്രഹിച്ചു. എന്നാൽ താൻ പ്രതീക്ഷിച്ചിരുന്നതിനു വിപരീതമായിട്ടാണ് അവനു സൗഖ്യം ലഭിച്ചത്.

അവൻ അനുഗ്രഹത്തിനുവേണ്ടി കുളത്തിലേക്കെപ്പോഴും നോക്കിക്കൊണ്ടിരുന്നു, ദൂതൻ വന്നു വെള്ളം കലക്കുമെന്നും വിശ്വസിച്ചു. എന്നാൽ എല്ലാ ദൂതന്മാരും അനുസരിക്കുന്നവനായ ക്രിസ്തു തന്നെ പകരം വന്നു. രോഗി പ്രതീക്ഷിച്ചതിനു വിപരീതമായി പൂർണ്ണസൗഖ്യം നൽകി.

ക്രിസ്തു ആ രോഗിയോടു കല്പിച്ചു, "എഴുന്നേറ്റു കിടക്കയെടുത്തു നടക്ക" എന്ന്. രോഗി ഇപ്രകാരം മറുപടി പറഞ്ഞിരുന്നുവെങ്കിൽ നമ്മൾ അതിശയിക്കയില്ലായിരുന്നു. "ദയവു ചെയ്തു എന്നെ സഹായിക്കുക എന്നെ വെള്ളം കലങ്ങുമ്പോൾ കുളത്തിലേക്കു എടുത്തുകൊണ്ടു പോകുക. അപ്പോൾ ഞാൻ എന്റെ കിടക്ക എടുത്തുകൊണ്ടു നടക്കാൻ പ്രാപ്തനാകും. നിനക്കെന്റെ കാര്യത്തിൽ അത്ര താത്പര്യമുണ്ടെങ്കിൽ വെള്ളം അനങ്ങുന്നതുവരെ എന്റെ അടുത്തു നിൽക്കുക. എന്റെ ആവശ്യസമയത്തു എന്റെ കൂട്ടുകാരനായിരിക്കുക. ഒരിക്കലും എന്റെ അടുക്കൽ വരാത്തവനും എപ്പോഴും പ്രതീക്ഷിച്ചവനുമായ ഒരാളായിരിക്കുക". ഇതൊന്നും അവൻ പറഞ്ഞില്ലെങ്കിലും അവനു വിശ്വാസവും വിശ്വാസത്തിന്റെ പ്രവൃത്തിയുമുണ്ടായിരുന്നു. അതിനാൽ നാം അവനെ ശ്ലാഘിക്കുന്നു! രക്ഷയെപ്പറ്റിയുള്ള അറിവു ക്രിസ്തുവിന്റെ ഉപദേശങ്ങൾ ധ്യാനിക്കുന്നതിനാൽ നമുക്കു ലഭിക്കുന്നുവെന്ന് ഈ മനുഷ്യനിൽ നിന്നും മനസ്സിലാകുന്നു. അതു നമ്മുടെ മുൻവിധിയുടെ അടിസ്ഥാനത്തിലോ മറ്റുള്ളവരിൽ നിന്നോ അല്ല ലഭിക്കുന്നത്.

പാപത്തിൽ നിന്നുള്ള രക്ഷയുടെ അടയാളമാണ് രോഗത്തിൽ നിന്നും വിമുക്തനാകുന്നത്. അതിനാൽ അന്ന് ശബ്ബത്തുനാളായിരുന്നിട്ടും ആ രോഗിയെ സൗഖ്യമാക്കുന്നതിൽ കാലവിളംബം യേശു കാണിച്ചില്ല. രക്ഷയും അതുപോലെ താമസിപ്പിക്കാവുന്ന കാര്യമല്ല.

യേശു ആ രോഗിയോട്: 'എഴുന്നേൽക്കുക' എന്നാജ്ഞാ പിച്ചപ്പോൾ അയാൾക്കു ആകെക്കൂടി ചെയ്യാമായിരുന്ന കാര്യം 'എഴുന്നേൽക്കുക' എന്നതായിരുന്നു. ഇപ്പോഴും അവൻ പാപികളോട് പറയുന്നു "അവങ്കലേക്കു ചെല്ലു വാൻ". ആജ്ഞാപിക്കുന്നവൻ ചെല്ലുന്നതിനുള്ള കഴിവും നൽകുന്നവനാണ്. നിനക്കു ബൈബിൾ പഠിക്കാം, പ്രാർ ത്ഥനക്കു മുട്ടുകുത്താം, മറ്റുള്ളവരുമായി (വിശ്വാസികളു മായി) കൂട്ടായ്മയും നിർദ്ദേശങ്ങളും പങ്കുവെയ്ക്കാം. നിങ്ങൾ ആത്മീക നേതാക്കളായി കരുതുന്നവരുടെ നിർദ്ദേ ശങ്ങൾ ആരായാം. എന്നാൽ ഇപ്പോൾ എഴുന്നേൽക്കുക, ആത്മീകമായി മുന്നേറുക എന്നവർ കല്പിക്കുന്നു.

നിരാശയുടെ പടുകുഴിയിൽ കിടന്നിരുന്ന ആ രോഗിയ്ക്ക് ആശയുടെ കിരണങ്ങൾ ക്രിസ്തു നൽകി. അവന്റെ മജ്ജകളിൽ പുതിയ ചൈതന്യം അവൻ അനുഭ വിച്ചു. അവൻ ഉടൻതന്നെ സൗഖ്യമുള്ളവനായിത്തീർന്നു. അവൻ എഴുന്നേറ്റു കിടക്ക എടുത്തു നടന്നു. യേശു അവനോടു തന്റെ കിടക്ക എടുക്കുവാൻ ആജ്ഞാപിച്ച പ്പോൾ അവന്നു പെട്ടെന്നുണ്ടായ പൂർണ്ണ സൗഖ്യം ആ മനുഷ്യൻ പ്രദർശിപ്പിക്കണമെന്ന് അവൻ ആഗ്രഹിച്ചു. അത് രോഗസൗഖ്യം നൽകിയവനെ ഉയർത്തിക്കാണിക്കു ന്നതിനും സാധിക്കുമായിരുന്നു. അവൻ അനേക വർഷങ്ങളായി വസിച്ചിരുന്ന സ്ഥലം ഉപേക്ഷിക്കാനും അവൻ കല്പിച്ചു. (പിന്നെ ആ ഇടത്തിലേക്ക് തിരിച്ചു വരാതെവണ്ണം). എഴുന്നേറ്റു തനിക്കും മറ്റുള്ളവർക്കും പ്രയോജനകരമായ കാര്യം ചെയ്യുന്നതിനു യേശു ആജ്ഞാപിക്കുകയായിരുന്നു. ക്രിസ്തു പാപിയോടു പറയുന്നു, "നിന്റെ പാപത്തിന്റെ ഫലങ്ങളെ കഴിവുള്ളിട ത്തോളം ശരിപ്പെടുത്തുക. ഇപ്പോൾ നിനക്കു പൂർണ്ണ പാപക്ഷമ ദാനമായി ലഭിച്ചുവല്ലോ. അതിനാൽ പുറപ്പെട്ടു പോയി ദൈവഹിതമെന്ന് ബോധ്യമായത് നിനക്കും മറ്റുള്ള

വർക്കും വേണ്ടി ചെയ്യുക. മറ്റുള്ളവർ നിന്നെ ചുമക്കുന്ന തിനു പകരം നീ അവരെ ചുമക്കുക, അവർ നിന്നെ സേവിക്കുന്നതിനു പകരം നീ അവരെ സേവിക്കുക. നിന്റെ രക്ഷയുടെ അനുഭവം സൽപ്രവൃത്തിയിൽ കൂടി കാണിക്ക. നീ ഇനി ഒരിക്കലും പഴയ പാപജീവിതത്തിലേക്കു പോകു കയില്ലെന്നു പ്രഖ്യാപിക്കുക".

ക്രിസ്തു ആ രോഗിയോടു നടക്കാൻ ആജ്ഞാപി ച്ചപ്പോൾ അവന് സൗഖ്യം വരണമെന്നു അവൻ ആഗ്രഹി ച്ചുവെന്ന് വ്യക്തമാണ്. രോഗികളുടെ കൂട്ടം വിട്ടു സൗഖ്യമാ യവരുടെ കൂട്ടായ്മയിലേക്കു വരുന്നതിനും അവരെ പ്പോലെ ആകുന്നതിനും അവൻ ആശിച്ചു. യേശു അവനു വേണ്ടി എന്തു ചെയ്തുവെന്നു മറ്റുള്ളവർ കാണേണ്ട തിന്നു അവരുടെ അടുത്തേക്കു പോകേണ്ടതാവശ്യ മായിരുന്നു. ഒരു പാപി രക്ഷിക്കപ്പെട്ടാൽ തന്റെ പഴയ കൂട്ടുകെട്ടിൽ നിന്നും വിശ്വാസികളുടെ കൂട്ടുക്കെട്ടിലേക്കു വരണം. അങ്ങനെ അവന്റെ വിശ്വാസം വളരും, ശക്തി പ്പെടും. വാക്കുകളാലും പ്രവൃത്തികളാലും അവനിലു ണ്ടായ മാറ്റത്തിന്റെ പ്രാധാന്യം മറ്റുള്ളവരെ ബോധ്യപ്പെടു ത്താം. ബെഥേസ്ദാ മണ്ഡപങ്ങൾ തന്റെ ദിവ്യസൗഖ്യം പ്രദാനം ചെയ്യുന്ന ഒരു പ്രദർശനവേദിയായി ക്രിസ്തു ഉപയോഗിച്ചു. പശ്ചാത്തപിക്കുന്നവൻ പ്രാർത്ഥിക്കുന്ന സ്ഥലം രക്ഷയുടെ ഒരു സ്ഥലമായി മാറ്റുകയും ചെയ്യുന്നു.

എന്നാൽ അന്നു ശബ്ബത്തായിരുന്നു. ആകയാൽ യെഹൂദന്മാർ സൗഖ്യം പ്രാപിച്ചവനോട്: ഇന്നു ശബ്ബത്താ കുന്നു. കിടക്ക എടുക്കുന്നതു വിഹിതമല്ല എന്നുപറഞ്ഞു. അവന് അവരോടു: എന്നെ സൗഖ്യമാക്കിയവൻ: കിടക്ക എടുത്തു നടക്ക എന്ന് എന്നോടു പറഞ്ഞുവെന്ന് ഉത്തരം പറഞ്ഞു. അവർ അവനോട്: കിടക്ക എടുത്തു നടക്ക എന്നു നിന്നോടു പറഞ്ഞ മനുഷ്യൻ ആർ എന്നുചോദിച്ചു.

എന്നാൽ അവിടെ വളരെ പുരുഷാരം ഉണ്ടായിരിക്കയാൽ യേശു മാറിക്കളഞ്ഞതുകൊണ്ട് അവനാരെന്നു സൗഖ്യം പ്രാപിച്ചവൻ അറിഞ്ഞില്ല. അനന്തരം യേശു അവനെ ദൈവാലയത്തിൽ വച്ചു കണ്ട് അവനോടു: നോക്കൂ, നിനക്കു സൗഖ്യമായല്ലോ; അധികം തിന്മയായുള്ളതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുതെന്നു പറഞ്ഞു. ആ മനുഷ്യൻ പോയി തന്നെ സൗഖ്യമാക്കിയതു യേശു എന്നു യെഹൂദന്മാരോടു അറിയിച്ചു. (യോഹന്നാൻ 5:10–15).

അവൻ തന്നെ സൗഖ്യമാക്കിയവന്റെ കല്പനകൾ അനുസരിച്ചു. അവൻ കിടക്ക എടുത്തു ജനങ്ങളുടെ മദ്ധ്യേ നടന്നു. അന്നു ശബ്ബത്തായിരുന്നു. യെഹൂദമൂപ്പന്മാർ അവനെ വിമർശിച്ചു. കിടക്ക എടുത്ത് നടക്കയെന്ന് ആരാണവനോടു പറഞ്ഞതെന്ന് ചോദിച്ചപ്പോൾ 'എനിക്കു അറിഞ്ഞുകൂടാ' എന്നവൻ മറുപടി നൽകി. യേശു തങ്ങൾക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളിൽ മിക്കവരും സന്തുഷ്ടരാണ്, എന്നാൽ അവനുമായി ഒരു ഉറ്റബന്ധം ഉറപ്പിക്കുവാൻ അവർ തയ്യാറാകുന്നില്ല. അവർക്കു ലഭിച്ച രക്ഷക്കു നന്ദിപറയാൻപോലും അവർ കൂട്ടാക്കുന്നില്ല.

യെഹൂദമൂപ്പന്മാരുടെ ആത്മാവിൽ അന്ധമായ മതഭ്രാന്ത് കടന്നുകൂടിയിരിക്കുന്നു. പക്ഷവാതക്കാരനോട് ശബ്ബത്ത് നാളിൽ, തന്റെ കിടക്ക എടുത്തു നടക്കുവാൻ ആജ്ഞാപിച്ച യേശുവിനെ കുറ്റം ചുമത്താൻ അവർ വെമ്പൽ കൊള്ളുന്നു. തന്നെ സൗഖ്യമാക്കിയതാരാണെന്നു ചോദിക്കുവാൻ കൂട്ടാക്കാതെ അവർ ചോദിക്കുന്നത്, "കിടക്ക എടുത്തു നടക്ക എന്നു നിന്നോടു കല്പിച്ചതാർ" എന്നാണ്. അവനതു അറിഞ്ഞുകൂടെന്ന് അവർ മനസ്സിലാക്കിയപ്പോൾ അവനെ വെറുതെ വിട്ടു. എന്നാൽ

യേശു അവനെ വിട്ടില്ല. അവൻ ദൈവാലയത്തിൽ അവന്റെ അടുക്കൽ ചെന്നു പറഞ്ഞത്, 'നോക്കൂ, നീ സൗഖ്യമായ ല്ലോ? ഇനിയും അധികം തിന്മ ഭവിക്കാതിരിപ്പാൻ മേലിൽ പാപം ചെയ്യരുത്" എന്നാണ്. ഒരു മനുഷ്യൻ അനുഭവിക്കുന്ന കഷ്ടതകളെല്ലാം അവനെ അനുതാപത്തിലേക്കു നയിക്കുകയോ, തന്റെ ദുഷിച്ച പ്രവണതകൾക്കു പരിഹാരം വരുത്തുകയോ ചെയ്കയില്ല. സൗഖ്യം പ്രാപിച്ച വ്യക്തിയുടെ പൂർവ്വ കഷ്ടതകൾ അവൻ മേലിൽ പാപം ചെയ്യാതിരിക്കുമെന്നു ഗാരണ്ടി നൽകുന്നില്ല. അതുകൊണ്ടാണ് അതിലേക്കു വീണ്ടും തിരിച്ചു പോകരുതെന്നു യേശു മുന്നറിയിപ്പു നൽകിയത്.

തന്നെ സൗഖ്യമാക്കിയവന്റെ പേരറിഞ്ഞ ഉടൻ തന്നെ അവൻ അതു യെഹൂദമൂപ്പന്മാരോടു പറഞ്ഞു. ക്രിസ്തു ശബ്ബത്തിൽ സൗഖ്യമാക്കിയതിനാലും ദൈവം തന്റെ പിതാവാണെന്നു പറഞ്ഞിരുന്നതിനാലും അവർ അവനെ കൊല്ലുവാൻ ആഗ്രഹിച്ചു. ദൈവത്തിന്റെ മകനാണെന്നു പറഞ്ഞതിനാൽ അവൻ ദൈവത്തോടു സമനാക്കുകയായിരുന്നു. തിരുവെഴുത്തുകളിൽ മനുഷ്യരാശി ദൈവമക്കളാണെന്ന് ആവർത്തിച്ചുപറയുന്നു. അതിനാൽ മനുഷ്യരെല്ലാം ദൈവത്തെപ്പോലെയാണെന്നർത്ഥമില്ല. യേശു ദൈവവുമായുള്ള തന്റെ സമത്വം ഊന്നിപ്പറഞ്ഞപ്പോൾ യെഹൂദന്മാർ അവൻ ദൈവദൂഷണം പറയുന്നെന്നു തെറ്റിദ്ധരിച്ച് അവനെ എങ്ങനെയും വകവരുത്തണമെന്നു ചിന്തിച്ചു. യഥാർത്ഥത്തിൽ യേശുവിനോടു പ്രത്യക്ഷവും പരോക്ഷവുമായി അവർക്കുണ്ടായ പകക്കു നാം യെഹൂദന്മാരോടു കടപ്പെട്ടവരാണ്. എന്തെന്നാൽ അത് ക്രിസ്തുവിന്റെ ദൈവീക സ്വഭാവത്തിന്റെ പരസ്യപ്രഖ്യാപനത്തിന് വഴിതെളിയിച്ചു. ദൈവത്തിനും പുത്രനും തമ്മിലുള്ള അഭേദ്യബന്ധം വിളംബരം ചെയ്യുവാനും ഇടവരുത്തി.

*"ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞതു: ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രനു സ്വതേ ഒന്നും ചെയ്യാൻ കഴികയില്ല, അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു. പിതാവു പുത്രനെ സ്നേഹിക്കയും താൻ ചെയ്യുന്നതൊക്കെയും അവനു കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. നിങ്ങൾ ആശ്ചര്യപ്പെടുമാറ് ഇവയിൽ വലിയ പ്രവൃത്തികളും അവന്നു കാണിച്ചുകൊടുക്കും. പിതാവു മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനേയും ബഹുമാനിക്കേണ്ടതിനു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനേയും ബഹുമാനിക്കുന്നില്ല.*

*ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു. അവൻ ന്യായവിധിയിലാകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു.*

*ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവത്തിന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. പിതാവിന്നു തന്നിൽ തന്നെ ജീവൻ ഉള്ളതുപോലെ*

***അവൻ പുത്രനും തന്നിൽ തന്നെ ജീവൻ ഉള്ളവൻ ആകുമാറു വരം നൽകിയിരിക്കുന്നു. ഇതിൽ ആശ്ചര്യപ്പെടരുത്. കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യാനുള്ള നാഴിക വരുന്നു. എനിക്കു സ്വതേ ഒന്നും ചെയ്യാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതു പോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ട മല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളതാകുന്നു" (യോഹന്നാൻ 5:19–30).***

തന്റെ പിതാവായ ദൈവവുമായുള്ള സമത്വത്തെ ക്രിസ്തു ഒരിക്കലും നിഷേധിച്ചില്ല. അവൻ ഒന്നും സംസാരിക്കാതെയും ഇരുന്നില്ല. എന്തെന്നാൽ അവന്റെ മൗനം അവനെപ്പറ്റിയുള്ള തങ്ങളുടെ അഭിപ്രായത്തിനു യോജിച്ചതായി അവർ കരുതുമെന്നവനറിയാം. അതിനാൽ നേരെ എതിരെയുള്ളതാണവൻ ചെയ്തത്. ഈ കുറ്റാരോപണം എടുത്തു കാട്ടികൊണ്ടവൻ പറഞ്ഞു പിതാവു ചെയ്യുന്നതെല്ലാം പുത്രനും ചെയ്യുന്നുണ്ടെന്ന്. എന്തെന്നാൽ പിതാവ് അവനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. പിതാവു മരിച്ചവരെ ഉയിർപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു. പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രനെ ഏല്പിച്ചിരിക്കുന്നു. അതിനാൽ പിതാവിനെ ബഹുമാനിക്കുന്നതുപോലെ എല്ലാവരും പുത്രനേയും ബഹുമാനിക്കേണ്ടതാകുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനേയും ബഹുമാനിക്കുന്നില്ല. പിതാവിന്നു തന്നിൽ തന്നെ ജീവൻ ഉള്ളതുപോലെ

പുത്രനും തന്നിൽ തന്നെ ജീവൻ ഉണ്ടാകേണ്ടതിന്നു വരം നൽകിയിരിക്കുന്നു. അവൻ മനുഷ്യപുത്രനാകയാൽ ന്യായവിധി എല്ലാം അവനെ ഏല്പിച്ചിരിക്കുന്നു.

ദൈവം തന്റെ പിതാവാണെന്നും തനിക്കു പിതാവിനോടു സകലത്തിലും തുല്യതയുണ്ടെന്ന കാര്യവും ക്രിസ്തു വെളിപ്പെടുത്തി. ഈ കാര്യത്തിൽ അവൻ ഒരിക്കലും മൗനം ദീക്ഷിച്ചിരുന്നില്ല. പ്രത്യുത, ഈ സത്യത്തെ ഉറപ്പിക്കുന്ന പ്രസ്താവനകൾ മാത്രമേ അവൻ ചെയ്തിരുന്നുള്ളൂ താഴെ പറയുന്നവ അതു തെളിയിക്കുന്നു.

*"ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യം പറഞ്ഞാൽ എന്റെ സാക്ഷ്യം സത്യമല്ല. എന്നെക്കുറിച്ചു സാക്ഷ്യം പറയുന്നതു മറ്റൊരുത്തൻ ആകുന്നു. അവൻ എന്നെക്കുറിച്ചു പറയുന്ന സാക്ഷ്യം സത്യം എന്നു ഞാൻ അറിയുന്നു. നിങ്ങൾ യോഹന്നാന്റെ അടുക്കൽ ആളയച്ചു. അവൻ സത്യത്തിനു സാക്ഷ്യം പറഞ്ഞിരിക്കുന്നു. എനിക്കോ മനുഷ്യന്റെ സാക്ഷ്യം കൊണ്ടു ആവശ്യമില്ല. നിങ്ങൾ രക്ഷിക്കപ്പെടുവാനത്രേ ഇതു പറയുന്നത്. അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കു ആയിരുന്നു. നിങ്ങൾ അല്പസമയത്തേക്കു അവന്റെ വെളിച്ചത്തിൽ ഉല്ലസിപ്പാൻ ഇച്ഛിച്ചു. എനിക്കോ യോഹന്നാന്റെ സാക്ഷ്യത്തിലും വലിയ സാക്ഷ്യം ഉണ്ട്, പിതാവു എനിക്കു അനുഷ്ഠിപ്പാൻ തന്നിരിക്കുന്ന പ്രവൃത്തികൾ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നെ, പിതാവു എന്നെ അയച്ചു എന്നു എന്നെക്കുറിച്ചു സാക്ഷീകരിക്കുന്നു. എന്നെ അയച്ച പിതാവു താനും എന്നെക്കുറിച്ചു സാക്ഷ്യം*

*പറഞ്ഞിരിക്കുന്നു. നിങ്ങൾ അവന്റെ ശബ്ദം ഒരുനാളും കേട്ടിട്ടില്ല. അവന്റെ രൂപം കണ്ടിട്ടില്ല. അവന്റെ വചനം നിങ്ങളുടെ ഉള്ളിൽ വസിക്കുന്നതുമില്ല. അവൻ അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലോ. നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ? അവ എനിക്കു സാക്ഷ്യം പറയുന്നു. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന്നു എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല. ഞാൻ മനുഷ്യരോടു ബഹുമാനം വാങ്ങുന്നില്ല. എന്നാൽ നിങ്ങൾക്കു ഉള്ളിൽ ദൈവസ്നേഹമില്ല എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു. എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല. മറ്റൊരുത്തൻ സ്വന്ത നാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും. തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ടു ഏകദൈവത്തിന്റെ പക്കൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്കു എങ്ങനെ വിശ്വസിപ്പാൻ കഴിയും? ഞാൻ പിതാവിന്റെ മുമ്പിൽ നിങ്ങളെ കുറ്റം ചുമത്തുമെന്ന് നിങ്ങൾക്കു തോന്നരുത്. നിങ്ങളെ കുറ്റം ചുമത്തുന്നവൻ ഉണ്ട്, നിങ്ങൾ പ്രത്യാശ വച്ചിരിക്കുന്ന മോശെ തന്നെ. നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കാമായിരുന്നു; അവൻ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു. എന്നാൽ അവന്റെ എഴുത്തു നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ എന്റെ വാക്കു എങ്ങനെ വിശ്വസിക്കും?”*

*(യോഹന്നാൻ 5:31–47).*

ദൈവത്തിന്റെ ഏകജാതനാണു യേശു എന്ന തിനു താഴെ പറയുന്ന അഞ്ചു സാക്ഷികൾ അവൻ നമുക്കു നൽകിയിരിക്കുന്നു:

1. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം. ക്രിസ്തു വിന്റെ ശ്രോതാക്കൾ യേശു ദൈവപുത്രനാണെ ന്നുള്ള യോഹന്നാൻ സ്നാപകന്റെ വിളംബരം നേരത്തെ കേട്ടിരിക്കാം. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യത്തിലേക്കു വിരൽ ചൂണ്ടിയതു തന്റെ ശ്രോതാക്കൾ അതിന്റെ യാഥാർത്ഥ്യത്തെ സംശയി ക്കയില്ല എന്നുള്ളതുകൊണ്ടാണ്. അവർക്ക് അതു നിഷേധിക്കാൻ സാധിച്ചില്ല. താൻ ദൈവപുത്രനാ ണെന്നു തന്റെ ശ്രോതാക്കൾ വിശ്വസിക്കുന്നതിനു ഈ സാക്ഷ്യം ക്രിസ്തു ഉപയോഗിച്ചു.

2. തന്റെ തന്നെ അത്ഭുതപ്രവൃത്തികളുടേയും അടയാ ളങ്ങളുടെയും സാക്ഷ്യം.

3. അതുല്യനായ, മറ്റൊരുത്തനുമായി തുലനം ചെയ്യാൻ സാധിക്കാത്തവന്റെ സാക്ഷ്യം. യേശുവിന്റെ ശ്രോതാക്കൾ പാപത്തിന്റെ അഗാധഗർത്തത്തിൽ താണിരുന്നു. അതിനാൽ പിതാവിന്റെ ശബ്ദം കേൾക്കുവാൻ അവർക്കു കഴിയുമായിരുന്നില്ല. യേശു ദർശിച്ചതുപോലെ അവർക്കു ദർശിക്കുവാ നും കഴിഞ്ഞില്ല.

4. തിരുവെഴുത്തുകളുടെ സാക്ഷ്യം. ക്രിസ്തു പറഞ്ഞു, "നിങ്ങൾ തിരുവെഴുത്തുകളെ ശോധനച്ചെയ്യുവിൻ, അവയിൽ നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ നിരൂപിക്കുന്നു. അവ എന്നെ സാക്ഷിക്കുന്നു.

5. അവരുടെ ന്യായപ്രമാണദാതാവായ മോശെയുടെ സാക്ഷ്യം. യേശു പറഞ്ഞു, "നിങ്ങൾ മോശെയെ

വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. എന്തെന്നാൽ, അവൻ എന്നെപ്പറ്റി എഴുതി. നിങ്ങൾ അവന്റെ എഴുത്തുകൾ വിശ്വസിക്കുന്നില്ലെങ്കിൽ പിന്നെ എന്റെ വചനങ്ങളെ എങ്ങനെ വിശ്വസിക്കും?

പിതാവ് തന്നെ ഏല്പിച്ച രണ്ടു ജോലികൾ ഏതെല്ലാമാണെന്നു ക്രിസ്തു വിവരിക്കുന്നു. അവ ഇതാണ് - ജീവൻ കൊടുക്കുകയും ജീവൻ എടുത്തുകളകയും ചെയ്ക എന്നത്. അവൻ അതു വളരെ വ്യക്തമാക്കി. "എങ്കിലും ജീവൻ പ്രാപിക്കേണ്ടതിനു എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല" എന്നുപറഞ്ഞപ്പോൾ, മനുഷ്യർ നശിക്കുന്നത് സ്വന്തം തെരഞ്ഞെടുപ്പുമൂലമാണെന്ന് അവൻ വ്യക്തമാക്കുകയായിരുന്നു. അവൻ പൂർണ്ണ ദൈവീകനാണെന്നു ജനങ്ങൾ ധരിക്കുമെന്നുള്ളതിനാൽ തന്റെ മനുഷ്യത്വത്തേയും അവൻ വെളിപ്പെടുത്തി. അവൻ മനുഷ്യപുത്രനാകയാൽ മനുഷ്യരെ ന്യായം വിധിക്കുന്നതിനുള്ള പൂർണ്ണ അധികാരവും അവന്നു നൽകപ്പെട്ടിരുന്നു. ഫിലിപ്പിയർ 2:5-11 അത് വ്യക്തമാക്കുന്നു.

***"ക്രിസ്തു യേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിന്നും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരു***

***ടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും, "യേശു ക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടി വരും".***

പിതാവ് നൽകിയ മഹത്വത്തെ തുച്ഛീകരിച്ചതിനു യേശു തന്റെ ശ്രോതാക്കളെ ശാസിച്ചു. അവരുടെ ഒരേ ഒരു ചിന്ത മനുഷ്യനിൽ നിന്നുള്ള മഹത്വം മാത്രമായിരുന്നു.

പ്രിയ സുഹൃത്തേ! നിനക്കു ക്രിസ്തുവിനെപ്പറ്റി എന്തു തോന്നുന്നു? സുവിശേഷം അവനെപ്പറ്റി പറയുന്നത് നീ വിശ്വസിക്കുമോ?

* * *

# V

# ഉപവാസത്തെപ്പറ്റി യേശു പഠിപ്പിക്കുന്നു

“യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരും ഉപവസിക്ക പതിവായിരുന്നു; അവർ വന്നു അവനോടു: യോഹന്നാന്റെയും പരീശന്മാരുടെയും ശിഷ്യന്മാർ ഉപവസിക്കുന്നവല്ലോ; നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതു എന്തു എന്നു ചോദിച്ചു. യേശു അവരോടു പറഞ്ഞത് : മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്കു ഉപവസിക്കുവാൻ കഴിയുമോ? മണവാളൻ കൂടെയിരിക്കും കാലത്തോളം അവർക്കു ഉപവസിപ്പാൻ കഴികയില്ല. എന്നാൽ മണവാളൻ അവരെ വിട്ടുപിരിയേണ്ടുന്ന കാലം വരും. അന്ന് ആ കാലത്തു അവർ ഉപവസിക്കും. പഴയ വസ്ത്രത്തിൽ കോടിത്തുണിക്കണ്ടം ആരും ചേർത്തു തുന്നുമാറില്ല. തുണിയിൽ ചേർത്ത പുതുക്കണ്ടം പഴയതിൽ നിന്നു വലിഞ്ഞിട്ടു ചീന്തൽ ഏറ്റവും വല്ലാതെ ആകും. ആരും പുതിയ വീഞ്ഞു പഴയ തുരുത്തിയിൽ പകർന്നു വെക്കുമാറില്ല. വെച്ചാൽ പുതുവീഞ്ഞു തുരുത്തിയെ പൊളിക്കും; വീഞ്ഞു ഒഴുകിപ്പോകും, തുരുത്തി നശിച്ചുപോകും; പുതിയ വീഞ്ഞു പുതിയ തുരുത്തിയിലത്രേ പകർന്നു വെക്കേണ്ടതു” (മർക്കൊസ് 2:18–22).

യെഹൂദാചാരമര്യാദപ്രകാരം യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർ പരോക്ഷമായി ഉപവസിച്ചിരുന്നു. എന്നാൽ യേശുവും ശിഷ്യന്മാരും ഉപവസിച്ചില്ല. തന്നെ അനുഗമിക്കാൻ ചുങ്കക്കാരൻ മത്തായിയെ യേശു

വിളിച്ചപ്പോൾ അവൻ യേശുവിന്നും ശിഷ്യന്മാർക്കുമായി ഒരു വിരുന്നൊരുക്കി. ഇതു യെഹൂദനേതാക്കന്മാരുടെ നിരൂപണങ്ങൾക്കു വിധേയമായി. ഉപവാസത്തെ യെഹൂദന്മാർ വലിയ ഒരു കാര്യമായി പരിഗണിച്ചിരുന്നു. ഇന്നും അവരുടെ ഇടയിൽ അത് പ്രാധാന്യമുള്ളതാണ്. പാപപരിഹാര ദിവസമായ ആണ്ടിൽ ഒരിക്കൽ ഉപവസിക്കുന്നതിന് ന്യായപ്രമാണം അനുശാസിച്ചിരുന്നു. അവരുടെ ഉപവാസം ദൈവത്തെ പ്രസാദിപ്പിക്കുമെന്ന് അവർ ആശിച്ചിരുന്നു. അതിനാൽ ബാബിലോന്യ അടിമത്തത്തിൽ നിന്നും മടങ്ങി വന്നശേഷം ആണ്ടുതോറും കൂടുതൽക്കൂടുതൽ ഇത് പ്രസിദ്ധപ്പെട്ടിരുന്നു. പിന്നീട് അവർ വർഷം മുഴുവൻ ആഴ്ചയിൽ രണ്ടുദിവസം വീതം ഉപവാസം പ്രഖ്യാപിച്ചു. ക്രിസ്തുവിന്റെ മറുപടിയിൽ നിന്നും ഉപവാസം സ്വമേധയാ ആകണമെന്നും അത് സാഹചര്യങ്ങളെ ആശ്രയിച്ചായിരുന്നു എന്നും ഒരുവനു മനസ്സിലാക്കാവുന്നതാണ്. അത്യാവശ്യമില്ലാതെ ഉപവസിക്കേണ്ടതില്ല. സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും ചില കാലയളവിൽ ചെയ്തു തീർക്കേണ്ട ഒരു ധർമ്മമായി ആരും അതിനെ കണക്കാക്കരുത്, എന്തെന്നാൽ ഉദ്ദേശ്യശുദ്ധിയോടുകൂടി യെഹൂദന്മാർ അതു അനുവർത്തിച്ചിരുന്നില്ല. അതുകൊണ്ട് അങ്ങനെയുള്ള സ്വയത്യാഗത്തെ യഹോവ വിലമതിച്ചിരുന്നില്ല. യഹോവ ഉപവാസത്തെ എങ്ങനെ വീക്ഷിക്കുന്നു എന്നു യെശയ്യാ പ്രവാചകൻ പറയുന്നു. യെശയ്യാവ് 58:3 ൽ യെഹൂദന്മാർ ഈ ചോദ്യവുമായി ദൈവത്തെ അഭിമുഖീകരിക്കുന്നു: “എന്തിനാണു ഞങ്ങൾ ഉപവസിച്ചതു” എന്നവർ ചോദിക്കുന്നു. “യഹോവ കണ്ടില്ലതാനും. എന്തിനു ഞങ്ങൾ ഞങ്ങളുടെ ദേഹങ്ങളെ പീഡിപ്പിച്ചു? യഹോവ അതു ശ്രദ്ധിച്ചില്ലതാനും.” താഴെപ്പറയുന്ന മറുപടി ദൈവം അവർക്കു നൽകുന്നു:

“ഇതാ, നിങ്ങൾ നോമ്പു നോക്കുന്ന ദിവസത്തിൽ തന്നെ നിങ്ങളുടെ കാര്യാദികളെ നോക്കുകയും നിങ്ങ

ളുടെ എല്ലാ വേലക്കാരെയും കൊണ്ട് അദ്ധ്വാനിപ്പിക്കയും ചെയ്യുന്നു. നിങ്ങൾ വിവാദത്തിന്നും കലഹത്തിന്നും ക്രൂര മുഷ്ടികൊണ്ടു അടിക്കേണ്ടതിന്നും നോമ്പു നോൽക്കുന്നു; നിങ്ങളുടെ പ്രാർത്ഥന ഉയരത്തിൽ കേൾപ്പാൻ തക്കവണ്ണമല്ല, നിങ്ങൾ ഇന്നു നോമ്പു നോൽക്കുന്നതു. എനിക്കു ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയിക്കുക, രട്ടും വെണ്ണീറും വിരിച്ചു കിടക്കുക, ഇതാകുന്നുവോ ഉപവാസം? ഇതിന്നോ നീ നോമ്പെന്നും യഹോവക്കു പ്രസാദമുള്ള ദിവസമെന്നും പേർ പറയുന്നത്? അന്യായബന്ധനങ്ങളെ അഴിക്കുക, നുകത്തിന്റെ അടിമക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയക്ക; എല്ലാ നുകത്തേയും തകർക്കുക; ഇതല്ലോ എനിക്കു ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നെ മറക്കാതെ ഇരിക്കുന്നതും അല്ലയോ?" (യെശയ്യാവ് 58:3–7).

ദൈവം സ്വീകരിക്കുന്ന ഉപവാസം യഥാർത്ഥ പശ്ചാത്താപത്തിൽ നിന്നും ഉളവാകുന്നതായിരിക്കണം. ദുഃഖിക്കുന്ന ഒരാൾ ഭക്ഷണം കഴിക്കുന്നില്ലെന്നു കാണാവുന്നതാണ്. അവന്റെ ദുഃഖം കാരണം അവന്റെ ആഹാരം രുചിക്കുന്നതിന്നു അവന്നു സാധ്യമല്ല, അവന്റെ ശരീരം അതു എളുപ്പം ദഹിപ്പിക്കുകയും ഇല്ല. സന്തോഷമുള്ള മനസ്സ് ദഹനത്തെ സഹായിക്കുന്നു, എന്നാൽ ദുഃഖം അതിനെ തടസ്സപ്പെടുത്തുന്നു. ആത്മീക വിനയമില്ലാതെ ശാരീരിക വിനയത്തിനു അർത്ഥമില്ല. ഗിരിപ്രഭാഷണത്തിൽ നമുക്കു ഉപവാസത്തിനിടയ്ക്കുള്ള അഹങ്കാര

ത്തിനും കപടഭക്തിക്കും എതിരായ മുന്നറിയിപ്പു യേശു നൽകുന്നു. ഉപവസിക്കുന്നവനല്ലാതെ മറ്റാരും അറിയാത്തതായ ഉപവാസമാണ് ദൈവം അംഗീകരിക്കുന്നത് (മത്തായി 6:16–18).

ഉപവാസത്തെപ്പറ്റി യെഹൂദാ മൂപ്പന്മാരോടു യേശു പറഞ്ഞപ്പോൾ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർക്കു ഉപവസിക്കാൻ കാരണമുണ്ടെന്നു വിവരിച്ചു. അവരുടെ ഗുരുവും ഉപദേഷ്ടാവുമായവൻ അവരിൽ നിന്നും മാറ്റപ്പെട്ട് അന്യായമായി ജയിലിൽ അടക്കപ്പെട്ടിരുന്നു. എന്നാൽ യേശുവിന്റെ ശിഷ്യന്മാർക്ക് ഉപവസിക്കാൻ ഒരു കാരണവുമില്ലായിരുന്നു. എന്തെന്നാൽ അവരുടെ ഗുരു അവരോടുകൂടി അപ്പോഴും ഉണ്ടായിരുന്നു. യേശു പറഞ്ഞു, “തങ്ങളുടെ മണവാളൻ അവരെ വിട്ടുപിരിയുന്ന കാലം വരും. അപ്പോൾ അവർ ഉപവസിക്കും.” അവരുടെ ഹൃദയ കാഠിന്യത്തേയും ക്രൂരതയേയും ഇതിലൂടെ സൂചിപ്പിക്കുകയായിരുന്നു. അവർ അവനെ ക്രൂശിച്ചു. അതേ, യേശു കുരിശിൽ തന്റെ സ്വന്ത ഇഷ്ടപ്രകാരം ജീവനെ അർപ്പിക്കയായിരുന്നു. എന്നാൽ അവന്റെ മരണം സ്വജനങ്ങളുടെ ശത്രുത്വത്താൽ സംഭവിച്ചു. പ്രവാചകനായ യെശ്യാവ് ഇതേപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു. “അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു” (യെശയ്യാവ് 53:8). അപ്പൊസ്തലനായ പത്രൊസു താഴെപ്പറയും പ്രകാരം ചിത്രീകരിച്ചിരിക്കുന്നു. “യേശുവിനെ ദൈവം തന്റെ സ്ഥിര നിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ട്, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചു കൊന്നു” (അപ്പൊ. പ്ര. 2:23).

യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർ ഉപവാസത്തെപ്പറ്റി യേശു പറയുന്നത് ശ്രദ്ധിച്ചിരുന്നു. അവരുടെ ഗുരുവിനെ മണവാളനോടും ശിഷ്യന്മാരെ കല്യാണ സദ്യക്കു ക്ഷണിക്കപ്പെട്ട അതിഥികളോടും ഉപമിച്ചു. മണ

വാളൻ കൂടെയുള്ളപ്പോൾ കല്യാണാതിഥികൾക്ക് എങ്ങനെ ഉപവസിക്കാനും കരയാനും കഴിയും? തനിക്കും വിശ്വാസികൾക്കും തമ്മിലുള്ള ബന്ധത്തെ കാണിക്കുവാൻ ക്രിസ്തു ഉപയോഗിച്ച ഏറ്റവും ശക്തമായ ഒരു ഉപമയാണിത്. മണവാളനും മണവാട്ടിക്കും തമ്മിലുള്ള ഐക്യതാബന്ധം പോലെയാണിത്. യേശുക്രിസ്തു വിശ്വാസികളെ സ്നേഹിക്കുകയും ആ സ്നേഹം നിത്യതയോളം തുടരുകയും ചെയ്യുന്നു. രണ്ടും ഒന്നാകുന്നു. അവർ ക്രിസ്തുവിലും ക്രിസ്തു അവരിലുമാകുന്നു. അവർ ശരീരവും യേശുക്രിസ്തു തലയുമാകുന്നു. എല്ലാ കടവും അവൻ അവർക്കുവേണ്ടി ദൈവത്തിനു കൊടുത്തു തീർത്തു. അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും പ്രയാസങ്ങളിൽ പങ്കാളിയാകുകയും അവരുടെ ഭാരങ്ങൾ ചുമക്കുകയും ചെയ്യുന്നു. അവരുടെ ബലഹീനതയിൽ സഹതാപം കാണിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യുന്നു. അവരെ ഒരിക്കലും കൈവിടുന്നില്ല. അവർക്ക് നന്മയോ തിന്മയോ ആരു ചെയ്താലും അത് തനിക്കു ചെയ്തതായി കണക്കാക്കുന്നു. ലോക സൃഷ്ടിക്കു മുമ്പേ പിതാവ് അവനു നൽകിയിരുന്ന മഹത്വം അവർക്കു കൊടുക്കാൻ അവൻ സന്നദ്ധനായി. അവൻ ഇരിക്കുന്നിടത്ത്, അവരും ആയിരിക്കും. മഹത്തായ ഈ അഭേദ്യബന്ധം അവനെ വിശ്വസിക്കുന്നതിനാലും തന്നോടു പറ്റിച്ചേരുന്നതിനാലുമുണ്ടാകുന്ന സന്തോഷാനുഭവമാണ്.

വിശ്വാസികളും താനുമായിട്ടുള്ള ബന്ധം മണവാളനും മണവാട്ടിയും തമ്മിലുള്ള ബന്ധം പോലെയാണെന്ന് പറഞ്ഞശേഷം മോശൈക പാരമ്പര്യത്തിൽ തന്റെ കാഴ്ചപ്പാടെന്തെന്നു ക്രിസ്തു രണ്ടു ഉപമകളാൽ വ്യക്തമാക്കി. അത് സ്നാപകന്റെ ശിഷ്യന്മാരെ സംബന്ധിച്ചുള്ളതായിരുന്നു. യേശു വെളിപ്പെടുത്തിയ സുവിശേഷം മോശെ അവർക്കു കൊടുത്തതിനോടുകൂടി ചേർക്കപ്പെടും എന്ന

വർ ആശിച്ചു. പുതിയതു വന്നു പഴയതിനെ നീക്കേണ്ട ആവശ്യമില്ലാതെ വണ്ണം നിലനില്ക്കുമെന്നു അവർ വിചാരിച്ചു. ക്രിസ്തുവിനും ശിഷ്യന്മാർക്കും എല്ലാ യെഹൂദാ ചാരങ്ങളും അനുഷ്ഠിക്കേണ്ട ആവശ്യമുണ്ടെന്ന് അവർ ചിന്തിച്ചു. എന്നാൽ യേശു പറഞ്ഞു: "പുതിയതു പഴയതിനോടു ചേർത്താൽ അതിനെ നശിപ്പിക്കുമെന്ന്. പുതിയതു കൂടുതൽ ശക്തിയുള്ളതായതു കൊണ്ടു പഴയതു കൊണ്ടു പ്രയോജനമില്ലെന്ന് അവൻ പറഞ്ഞു. "പഴയ വസ്ത്രത്തിൽ കോടിത്തുണിക്കണ്ടം ആരും ചേർത്തു തുന്നാറുമില്ല. തുന്നിയാൽ ചേർത്ത പുതുകണ്ടം പഴയതിൽ നിന്നു വലിഞ്ഞിട്ടു ചീന്തൽ ഏറ്റവും വല്ലാതെ ആകും" (മർക്കൊാസ് 2:21). ബുദ്ധിയുള്ളവർ അതു ചെയ്കയില്ല, പുതിയ വീഞ്ഞു പഴയ തുരുത്തിയിലാരും പകരുമാറില്ല. അങ്ങനെയായാൽ വീഞ്ഞും തുരുത്തിയും നഷ്ടപ്പെടും. വസ്ത്രം മനുഷ്യനെ പുതപ്പിക്കുന്നു. ആ തുണി അതിന്റെ ജോലി (ഉപയോഗം) നിർവ്വഹിച്ചു കഴിഞ്ഞു പഴയതാകുമ്പോൾ അതു നീക്കുകയും അതിന്റെ സ്ഥാനത്ത് പുതിയതു വരികയും ചെയ്യുന്നു എന്നു ക്രിസ്തു പഠിപ്പിച്ചു. അത് ഏച്ചുവെക്കപ്പെടുന്നില്ല. പഴയത് മോശമാണെന്ന് ഇതിനർത്ഥമില്ല. പ്രത്യുത, അതിന്റെ ഉദ്ദേശ്യം അതു നിവർത്തിച്ചു എന്നുമാത്രം. കല്യാണവിരുന്നിലേക്ക് ദ്വാരങ്ങളും കീറലുമുള്ള പഴയ വസ്ത്രം തുന്നിപിടിപ്പിച്ചാരും വരാറില്ല. പുതിയ വസ്ത്രങ്ങളാണ് ആയതിലേക്കു വാങ്ങിക്കുന്നത്. മതപരമായ കാര്യത്തെ സംബന്ധിച്ചും ശരിയാണിത്. യോഹന്നാൻ സ്നാപകന്റെയോ പരീശന്മാരുടെയോ ശിഷ്യൻമാർ ക്രിസ്തു എന്ന സ്വർഗ്ഗീയ മണവാളനെ അനുഗമിക്കാനാഗ്രഹിച്ചാൽ അവർ പുതിയ വസ്ത്രം ധരിക്കേണ്ടി വരും. അതായത് പുതിയ പദ്ധതികൾ അവർക്കാവശ്യമായി വരും - പരിച്ഛേദനക്കു പകരം സ്നാനം, പെസഹാവിരുന്നിനു പകരം പരിശുദ്ധ കർത്തൃമേശ, ലേവ്യാ പൗരോഹിത്യത്തിന് പകരം സകല വിശുദ്ധ

ന്മാർക്കുമുള്ള രാജകീയ പൗരോഹിത്യം, ഏഴാം ദിനത്തിന് പകരം ആഴ്ചവട്ടത്തിന്റെ ആദ്യദിവസത്തെ ആരാധന, ദൈവാലയത്തിനു പകരം രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭ.

ഈ ദൃഷ്ടാന്തത്താൽ മോശൈക ന്യായപ്രമാണങ്ങളും ചട്ടങ്ങളും അവയുടെ ഉദ്ദേശ്യം നിവർത്തിച്ചതിനുശേഷം പഴയതായി എന്നു യേശു വ്യക്തമാക്കുകയായിരുന്നു. അതുവീണ്ടും നിലവിൽ വരുത്താൻ സാധ്യമല്ല. അതിനെ മാറ്റിമറിച്ചുകൊണ്ടു പുതുതായ ഒന്നു രംഗപ്രവേശം ചെയ്യേണ്ടതുണ്ട്. മോശെയുടെ ന്യായപ്രമാണം, ത്വക്കുപോലെ, മതത്തിന്റെ പുറമേയുള്ള ചട്ടക്കൂടാണ്. രണ്ടാമത്തെ ഉപമയിലൂടെ യേശു പഠിപ്പിച്ചത്, ആരെങ്കിലും തന്റെ പുതിയ ഉപദേശം അംഗീകരിക്കുന്നെങ്കിൽ അതു പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ ഉണ്ടാകുന്ന പുതിയ ഹൃദയത്തോടുകൂടെ വേണമെന്നാണ്. ക്രിസ്തു തന്റെ പ്രഭാഷണം ഇപ്രകാരം ഉപസംഹരിച്ചു: “പഴയതു കുടിച്ചിട്ടു ആരും പുതിയതു ഉടനെ ആഗ്രഹിക്കുന്നില്ല; പഴയതു ഏറെ നല്ലതു എന്നു പറയും” (ലൂക്കൊസ് 5:39). അവൻ അർത്ഥമാക്കിയത് പുതുജീവൻ പ്രാപിച്ച ഹൃദയം പുതിയ തുരുത്തിപോലെയാണെന്നാണ്. അതിൽ പുതിയ വീഞ്ഞിന്റെ സമ്മർദ്ദം, ശക്തിയേറിയ ക്രിസ്തീയ സന്ദേശം സ്വീകരിക്കുന്നതാകുന്നു. ഇങ്ങനെയാണ് വിശുദ്ധ ബാസിലസ് അത് വ്യാഖ്യാനിച്ചത്. വിശുദ്ധനാക്കപ്പെട്ട അഗസ്തീൻ പറഞ്ഞു: “അത് പെന്തക്കൊസ്തുനാളിൽ നിവൃത്തിയായി” എന്ന്, അപ്പോൾ പുതിയ വീഞ്ഞു ശക്തിയോടെ പുതിയ തുരുത്തിയിലേക്കു പകർന്നു, പരിശുദ്ധാത്മാവു ഉയരത്തിൽ നിന്നു ജനിച്ച (ആത്മീകമായി ജനിച്ച) അപ്പൊസ്തലന്മാരെ നിറച്ചു. ചില വ്യാഖ്യാതാക്കൾ പഴയ തുരുത്തി പരീശന്മാരായും പുതിയ തുരുത്തി അപ്പൊസ്തലന്മാരായും ചിത്രീകരിച്ചിട്ടുണ്ട്.

സ്നാപകന്റെ ശിഷ്യന്മാർ പഴയ വീഞ്ഞിനെ മുറുകെപ്പിടിച്ചിരുന്നു. ഇതാണ് മിക്കവാറും എല്ലാവരും ചെയ്യുന്നത്. പുതിയതു പഴയതിനെക്കാൾ വളരെ മെച്ചപ്പെട്ടതാണെന്ന് അവർ മനസ്സിലാക്കേണ്ടിയിരുന്നു. ഈ അറിവ് ശരിയായ വചനധ്യാനം കൊണ്ടു ലഭിക്കുന്നു. ഈ പുതു വെളിച്ചം മറ്റുള്ളവരിലേക്കും വ്യാപരിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ ഈ അറിവ് വളരെ അത്യന്താപേക്ഷിതമാണ്. നമ്മൾ കൈപ്പുള്ളവരും ഈർഷ്യയുള്ളവരുമായി ഇരിക്കരുത്. പുതിയ വീഞ്ഞിനെപ്പറ്റി മനസ്സിലാക്കുന്നതിൽ അവരുടെ ജീവിതത്തിലും നമ്മുടെ ജീവിതത്തിലും തടസ്സമായി നിൽക്കുന്നതെന്താണെന്ന് നാം കണ്ടുപിടിക്കണം.

***"ഞാൻ തന്നെ***
***വഴിയും, സത്യവും, ജീവനും***
***ആകുന്നു.***
***ഞാൻ മുഖാന്തരമല്ലാതെ***
***ആരും, പിതാവിന്റെ അടുക്കൽ***
***എത്തുന്നില്ല."***

*(യോഹന്നാൻ 14:6)*

* * *

# VI

## ശബ്ബത്തിനെപ്പറ്റി യേശു പഠിപ്പിക്കുന്നു

"ഒരു ശബ്ബത്തിൽ അവൻ വിളഭൂമിയിൽ കൂടി കടന്നുപോകുമ്പോൾ അവന്റെ ശിഷ്യന്മാർ കതിർ പറിച്ചു കൈക്കൊണ്ടു തിരുമ്മിതിന്നു. പരീശന്മാരിൽ ചിലർ ശബ്ബത്തിൽ വിഹിതമല്ലാത്തതു നിങ്ങൾ ചെയ്യുന്നതു എന്തു എന്നുപറഞ്ഞു. യേശു അവരോടു: ദാവീദ് തനിക്കും കൂടെയുള്ളവർക്കും വിശന്നപ്പോൾ ചെയ്തതു എന്തു? അവൻ ദൈവാലയത്തിൽ ചെന്നു പുരോഹിതന്മാർ മാത്രമല്ലാതെ ആരും തിന്നരുതാത്ത കാഴ്ചയപ്പം വാങ്ങി തിന്നുകയും കൂടെയുള്ളവർക്കു കൊടുക്കുകയും ചെയ്തു എന്നുള്ളതു നിങ്ങൾ വായിച്ചിട്ടില്ലയോ എന്നു ഉത്തരം പറഞ്ഞു. മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു" (ലൂക്കൊസ് 6:1-5).

ധാന്യവിളഭൂമിയിൽ കൂടി യേശുവും ശിഷ്യന്മാരും നടക്കുകയായിരുന്നു. ശിഷ്യന്മാർ ധാന്യക്കതിർ പറിച്ചു തിന്നു തുടങ്ങി. മോശെയുടെ ന്യായപ്രമാണം ഇത് അനുവദിക്കുന്നു. അവിടെ പറയുന്നു "കൂട്ടുകാരന്റെ വിളഭൂമിയിൽ കൂടി പോകുമ്പോൾ നിനക്കു കൈകൊണ്ടു കതിർ പറിക്കാം. എങ്കിലും കൂട്ടുകാരന്റെ വിളവിൽ അരിവാൾ വെക്കരുതു" (ആവർത്തനം 23:25). എന്നാൽ ശിഷ്യന്മാർ അതു ചെയ്തപ്പോൾ അത് ശബ്ബത്തുനാളായതിനാൽ യെഹൂദന്മാർ അതു നിഷേധിച്ചു. "കൊയ്ത്തുപോലെയാണ് കതിർ പറിക്കുന്നതും. ശബ്ബത്തിൽ കൊയ്ത്ത് അനുവദനീയമല്ല" എന്നവർ പറഞ്ഞു. കതിർ പറിച്ചു തിരുമ്മിത്തിന്നുന്നത് മെതിക്കുന്നതിനു തുല്യമാകയാൽ അതും

ശബ്ബത്തുനാളിൽ അനുവദനീയമല്ല. സീനായി പർവ്വത ത്തിൽ വെച്ചു യഹോവ മോശെക്കു കൊടുത്ത പത്തു കല്പനകളുടെ ലംഘനമാണ് ഇങ്ങനെ കതിർ പറിച്ചു ശബ്ബത്തുനാളിൽ തിന്നുന്നതെന്നു യെഹൂദാ മൂപ്പന്മാർ കരുതി. ഈ കല്പന കൊടുക്കുമ്പോഴുണ്ടായ ഇടിയും മിന്നലും ആ കല്പനകളുടെ പ്രാധാന്യം വെളിപ്പെടുത്തി. ശബ്ബത്തു നാളാചരണം ബാഹ്യമായ ഒരു ചടങ്ങായതിനാൽ യാഥാസ്ഥിതികരായ യെഹൂദന്മാർക്ക് ഇത് ഒട്ടും സഹിച്ചില്ല. അക്ഷരാർത്ഥത്തിന്റെ അതിരു കടന്ന് എല്ലാ പ്രവർത്തന ങ്ങളും ശബ്ബത്തിൽ നിർത്തി വയ്ക്കണമെന്നുള്ള അങ്ങേ അറ്റത്തേയ്ക്ക് അവർ നീങ്ങി.

ക്രിസ്തുവിന്റെ ശിഷ്യന്മാർ ചെയ്തതിനെ പരീശന്മാർ വിമർശിച്ചു. അവർ ചോദിച്ചു. “ശബ്ബത്തിൽ വിഹിതമല്ലാത്തതു നിങ്ങൾ എന്തുകൊണ്ടു ചെയ്യുന്നു?” എന്ന്. അവർ മനഃപ്പാഠമാക്കിയിരുന്ന തോറാ (പഴയനിയമതിരുവെഴുത്ത്)യിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് യേശു മറുപടി നൽകി. അവൻ അവരെ ശകാരിച്ചു. എന്തെന്നാൽ അവരുടെ പ്രവാചകനും നേതാവും രാജശ്രേഷ്ഠനുമായിരുന്ന ദാവീദ് ചെയ്തത് അവർ ഓർത്തില്ലായിരുന്നു. അവനും അവനോടുകൂടെയുള്ള പുരുഷന്മാരും വിശന്നപ്പോൾ പുരോഹിതന്മാർക്കു മാത്രമുള്ള കാഴ്ചയപ്പം എടുത്ത് ഭക്ഷിച്ചു. അതായതു ആ സന്ദർഭത്തിൽ കാരുണ്യാധിക്യത്താൽ ദാവീദ് ന്യായപ്രമാണം ലംഘിച്ചു എന്നാണു മനസ്സിലാകുന്നത്. ഇതിന് ദൈവം അവനെ ശകാരിച്ചില്ലെങ്കിൽ എത്രയും മഹാനായ ദാവീദുപുത്രൻ തന്റെ അനുയായികൾക്ക് ശബ്ബത്തുനാളിൽ കതിർ പറിച്ചു തിന്നുന്നതിന് അനുമതി നൽകിയതിൽ എന്താണ് തെറ്റ്.

ക്രിസ്തുവിന്റെ ഉപദേശപ്രകാരം “മറ്റുള്ളവരെ നിന്നെപ്പോലെ സ്നേഹിക്കുക” എന്ന രണ്ടാമത്തെ കല്പന,

നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടു കൂടി സ്നേഹിക്കുക എന്ന ഒന്നാമത്തെ കല്പനയെ ദുർബ്ബലമാക്കുന്നില്ല. മറ്റുള്ളവരോടു ദയയില്ലാതെ പെരുമാറിയിട്ടു ശബ്ബത്ത് ആചരിക്കുന്നതിൽ ദൈവം പ്രസാദിക്കുന്നില്ല. "യാഗത്തിലല്ല ദയയിലും, ഹോമയാഗങ്ങളെക്കാൾ ദൈവ പരിജ്ഞാനത്തിലും ഞാൻ പ്രസാദിക്കുന്നു" (ഹോശയ 6:6) എന്നുള്ള പ്രവാചകന്റെ വാക്കുകൾ ക്രിസ്തു തന്റെ ശ്രോതാക്കളെ ഓർപ്പിക്കുന്നു. ഇതിന്റെ അർത്ഥം യേശുവിന്റെ ശ്രോതാക്കൾ മനസ്സിലാക്കിയിരുന്നെങ്കിൽ തന്റെ നിഷ്കളങ്ക ശിഷ്യന്മാരുടെ മേൽ അവർ കുറ്റം ആരോപിക്കയില്ലായിരുന്നു.

നേതാക്കന്മാരുടെ പൂർണ്ണ അറിവോടുകൂടി ശബ്ബത്ത് തോറും നടക്കുന്ന വേറൊരു വസ്തുതയിലേക്കു യേശു വിരൽചൂണ്ടി. ഇതു മാനുഷിക പാരമ്പര്യപ്രകാരമല്ല ദൈവീക കല്പനയുടെ അനുസരണമാണ്. അവൻ പറഞ്ഞു, "അല്ല, ശബ്ബത്തിൽ പുരോഹിതന്മാർ ദൈവാലയത്തിൽ വെച്ചു ശബ്ബത്തിനെ ലംഘിക്കുന്നു എങ്കിലും കുറ്റമില്ലാതെ ഇരിക്കുന്നു എന്നു ന്യായപ്രമാണത്തിൽ വായിച്ചിട്ടില്ലയോ?" (മത്തായി 12:6). അവർ യാഗങ്ങൾക്കുവേണ്ടി തീ കത്തിക്കുന്നതിനാലും മതപരമായ ശുശ്രൂഷയ്ക്കായി ഇരട്ടി അദ്ധ്വാനിക്കുന്നതിനാലും ശബ്ബത്തിനെ അശുദ്ധമാക്കുന്നു.

ഈ അവസരത്തിൽ ക്രിസ്തു തന്റെ അധികാരം സ്ഥാപിച്ചു. ദേവാലയത്തെക്കാൾ താൻ വലിയവനാണെന്നു അവൻ അവകാശപ്പെട്ടു. എന്തുകൊണ്ടെന്നാൽ അവൻ കർത്താവാണ്. വളരെ ഔന്നത്യമുള്ള ദേവാലയ ശുശ്രൂഷയിൽ ശബ്ബത്തിനെ ലംഘിക്കാമെങ്കിൽ, ദേവാലയത്തിന്റെ കർത്താവിന് ആ ദിവസത്തിനുവേണ്ടി യെഹൂദന്മാർ കല്പിച്ചിരുന്ന മനുഷ്യനിർമ്മിത വിലക്കുകളെ

നിഷേധിക്കുവാൻ എത്ര അധികം അവകാശമുണ്ട്, എന്തു കൊണ്ടെന്നാൽ അവൻ ദൈവാലയത്തിന്റെ കർത്താവും ശബ്ബത്തിന്റെ കർത്താവുമാണ്. വാസ്തവത്തിൽ അവൻ തന്നെയാണു ദൈവം വസിക്കുന്ന ഇടം; അവനിലല്ലോ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് (കൊലോസ്യർ 2:9). അവനിലാണു സത്യാ രാധന ദൈവത്തിനർപ്പിക്കുന്നത്, കാരണം അവൻ മാത്ര മാണു ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള ഏകമ ദ്ധ്യസ്ഥൻ (1 തിമോ. 2:5). ശബ്ബത്തിനേക്കാൾ ദൈവാലയം വലുതാണെങ്കിൽ ദൈവാലയത്തിന്റെ കർത്താവ് എത്ര വലിയവനായിരിക്കണം?

ശബ്ബത്തിനെപ്പറ്റി ഒരു കാര്യം കൂടി ക്രിസ്തു വെളി പ്പെടുത്തി. "ഈ ദിവസം (ശബ്ബത്ത്) മനുഷ്യനുവേണ്ടി ഉണ്ടാക്കിയതാണ്, മനുഷ്യൻ ശബ്ബത്തിനുവേണ്ടി ഉണ്ടാ ക്കപ്പെട്ടവനല്ല. (മർക്കൊസ് 2:27). 'ശബ്ബത്തും ദൈവാല യവും മനുഷ്യനെ ശുശ്രൂഷിക്കുന്നു. ശബ്ബത്തിന്റെ കർത്താവ് യേശുവാകുന്നു. അവൻ അതിനെ മാനിക്കു കയും അതിന്റെ ഉപയോഗത്തെ അവൻ വിപുലമാക്കു കയും ചെയ്തു. പരീശന്മാർ അതിന്മേൽ വച്ചിരുന്ന നുക ത്തിൽ നിന്ന് അതിനെ സ്വതന്ത്രമാക്കി. ക്രിസ്തു ഒരു സാധാരണ മനുഷ്യൻ ആയിരുന്നെങ്കിൽ ശബ്ബത്തിന്റെ കർത്താവ് താനാണെന്ന് അവകാശപ്പെടാൻ സാധ്യമല്ലാ യിരുന്നു.

പുതിയ നിയമത്തിലെ പല വാക്യങ്ങളിൽ നിന്നും – വിശിഷ്യാ ഉയർത്തെഴുന്നേൽപ്പിനെ സംബന്ധിച്ചോളം – ശബ്ബത്തിന്റെ കർത്താവായ ക്രിസ്തു ആരാധനയ്ക്കുള്ള പ്രധാന ദിവസം ശബ്ബത്തു ദിവസത്തിൽ നിന്നും ആഴ്ച യുടെ ഒന്നാം ദിവസമാക്കി മാറ്റി. അങ്ങനെ ഞായറാഴ്ച "കർത്തൃദിവസം" എന്നു വിളിക്കപ്പെട്ടു. ആഴ്ചയിൽ ഒരു

ദിവസം നന്മ പ്രവൃത്തികൾക്കായും (കാരുണ്യപ്രവൃത്തികൾ) ആരാധനയ്ക്കായും വിശ്രമത്തിനായും മാറ്റിവെക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ആഴ്ചയിൽ ഒരു ദിവസം പൂർണ്ണമായി ആരാധനയ്ക്കായി, കർത്താവിനെ സേവിക്കുന്നതിനായി മാറ്റിവെയ്ക്കുന്നതോടെ ദൈവീക കല്പന നിറവേറ്റുകയാണു നാം ചെയ്യുന്നത്. ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലും നടത്തിപ്പിനാലും ഈ ദിവസത്തെ ഏഴാമത്തേതിൽ നിന്നും ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായി മാറ്റി. എന്നാൽ ആ കല്പനയുടെ ആത്മാവിനേയോ അതിന്റെ ഉദ്ദേശ്യത്തേയോ മാറ്റിയില്ല. പഴയനിയമത്തിൽ ദൈവം ഏഴാം ദിവസത്തിന് ഒരു പ്രത്യേക നാമം നൽകി. പുതിയ നിയമത്തിൽ അത് ആഴ്ചയുടെ ആരംഭ ദിവസമായി കൂടുതൽ ധന്യമാക്കിത്തീർത്തു. യെഹൂദന്മാരുടെ ശബ്ബത്ത് സൃഷ്ടിപ്പിലുള്ള ദൈവവേലയെ ഓർമ്മപ്പെടുത്തുമ്പോൾ ക്രിസ്ത്യാനികളുടെ ആരാധന ദിവസമായ ആ ദിവസത്തെ അതിലും ശ്രേഷ്ഠമായ ഒന്നിനെ, വിടുതലിന്റെ പ്രവൃത്തി (രക്ഷണ്യവേല)യെ ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ വീണ്ടെടുപ്പുകാരൻ ആഴ്ചയുടെ ആദ്യദിവസമാണ് മരണത്തെ ജയിച്ചുയിർത്തെഴുന്നേറ്റത്. അതുകൊണ്ടാണ് നാം അതിനെ കർത്തൃദിവസമെന്നു പറയുന്നത്. ആഴ്ചയുടെ ആരംഭ ദിവസത്തെ ആരാധന പെന്തക്കോസ്തുനാളിനെ കൂടെ ഓർക്കാൻ നമ്മെ സഹായിക്കുന്നു. അന്നാണല്ലോ പരിശുദ്ധാത്മ സ്നാനത്തിലൂടെയും നിറഞ്ഞു കവിഞ്ഞ ആത്മാവിലൂടെയും ഉള്ള ക്രിസ്തു സഭയുടെ ഉദയം. ക്രിസ്തുവിന്റെ ഐഹിക ജീവിതത്തിനുശേഷം മനുഷ്യ സംസ്കാരത്തിൽ ക്രിസ്തീയാരാധന ദിവസമായ ആ സുദിനത്തെ മാനിക്കുന്നതിനാലുള്ള പ്രയോജനം അളന്നു തിട്ടപ്പെടുത്താനാവതല്ല.

"അവൻ അവിടം വിട്ടു അവരുടെ പള്ളിയിൽ ചെന്നപ്പോൾ, കൈവരണ്ട ഒരു മനുഷ്യനെ കണ്ടു. അവർ അവനിൽ കുറ്റം ചുമത്തേണ്ടതിന്നു ശബ്ബത്തിൽ സൗഖ്യമാക്കുന്നതു വിഹിതമോ എന്ന് അവനോടു ചോദിച്ചു. അവൻ അവരോടു: നിങ്ങളിൽ ഒരുത്തന്നു ഒരാടുണ്ടെന്നിരിക്കട്ടെ. അതു ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ? എന്നാൽ മനുഷ്യൻ ആടിനെക്കാൾ എത്ര വിശേഷതയുള്ളവൻ. ആകയാൽ ശബ്ബത്തിൽ നന്മ ചെയ്യുന്നതു വിഹിതം തന്നെ എന്നു പറഞ്ഞു. പിന്നെ ആ മനുഷ്യനോട് കൈ നീട്ടുക എന്നു പറഞ്ഞു. അവൻ നീട്ടി. അതു മറ്റേതു പോലെ സൗഖ്യമായി. പരീശന്മാരോ പുറപ്പെട്ടു അവന നശിപ്പിപ്പാൻ വേണ്ടി അവന്നു വിരോധമായി തമ്മിൽ ആലോചിച്ചു" (മത്തായി 12:9-14).

മറ്റൊരു ശബ്ബത്ത് ദിവസം ശബ്ബത്തിനെപ്പറ്റിയുള്ള തന്റെ ഒന്നാമത്തെ നിർദ്ദേശം ദൈവാലയത്തിൽ വെച്ചും രണ്ടാമത്തേത് വയലിൽ വെച്ചും മൂന്നാമത്തേത് പള്ളിയിൽ വെച്ചും നൽകി. യേശു പള്ളിയിൽ വെച്ചു ശബ്ബത്തിൽ പഠിപ്പിക്കുമ്പോൾ വലതു കൈ വരണ്ട ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നതായി പരീശന്മാരുടെയും ശാസ്ത്രിമാരുടെയും ശ്രദ്ധയിൽപ്പെട്ടു. രോഗികളായി അവൻ കണ്ടവരേയും തന്റെ അടുക്കൽ വന്നു സൗഖ്യത്തിനായി അപേക്ഷിക്കുന്നവരേയും സൗഖ്യമാക്കുവാൻ യേശുവിന്നു കഴിയുമെന്നു അവർ കേട്ടിരുന്നു. പരീശന്മാരും ശാസ്ത്രിമാരും ആ വരണ്ട കൈയുള്ള മനുഷ്യൻ സൗഖ്യമുള്ളവനായിത്തീരുമെന്നാശിച്ചു, അവനോടുള്ള ദയ കൊണ്ടല്ല, പ്രത്യുത യേശുവിൽ ചില കുറ്റങ്ങൾ ചുമത്തുവാൻ അവർ ആഗ്രഹിച്ചതുകൊണ്ടാണ്. അത് മതനേതാക്കന്മാരുടെ അടുത്തു റിപ്പോർട്ടു ചെയ്യുമല്ലോ? അതിനാലാണ് അവർക്ക് ഈ രോഗിയിൽ പ്രത്യേക താത്പര്യം

ഉണ്ടായത്. അവർ യേശുവിനോട് ചോദിച്ചു, “ശബ്ബത്തിൽ സൗഖ്യമാക്കുന്നതു വിഹിതമോ'' എന്ന്. അവർ ആത്മാർത്ഥയുള്ളവരല്ലാതിരുന്നതിനാൽ ക്രിസ്തു അവരുടെ ചോദ്യത്തെ മാനിച്ചില്ല. ആ രോഗിയോട് അവരുടെ മദ്ധ്യത്തിൽ എഴുന്നേറ്റ് നിൽക്കാൻ അവൻ ആജ്ഞാപിച്ചു. അതിനാൽ എതിരാളികളെ നിശ്ശബ്ദരാക്കാം; അവന്നു അവരെ ഭയമില്ലെന്ന് കാണിക്കുകയും ചെയ്യാം. അവൻ അവരോടു ചോദിച്ചു: “ശബ്ബത്തിൽ നന്മ ചെയ്കയോ തിന്മ ചെയ്കയോ ജീവനെ രക്ഷിക്കുകയോ നശിപ്പിക്കുകയോ ഏതു വിഹിതം” എന്ന് (ലൂക്കൊസ് 6:9). ഈ മനുഷ്യനെ ശബ്ബത്തുനാളിൽ സൗഖ്യമാക്കുന്നത് നന്മ പ്രവൃത്തിയാണ്, എന്നാൽ ക്രിസ്തുവിനെ ശബ്ബത്തുനാളിൽ കൊല ചെയ്യണമെന്നുള്ള അവരുടെ ആഗ്രഹം തിന്മയായിരുന്നു. ഇപ്പോൾ ആരാണ് ന്യായപ്രമാണം അനുസരിക്കുന്നത്? ആരാണു ലംഘിക്കുന്നത്? ശബ്ബത്തുനാളിൽ അവരുടെ ആടു കുഴിയിൽ വീണാൽ അവർ അതിനെ പിടിച്ചു കയറ്റുമെന്ന്, തീർച്ചയായും അതിനെ രക്ഷിക്കുമെന്ന് അവൻ അവരെ ഓർപ്പിച്ചു. ആടിനെക്കാൾ വളരെ വിലയുള്ള ഒരു മനുഷ്യാത്മാവിനെ രക്ഷിക്കുന്നത് എത്ര അധികം ശ്രേഷ്ഠമാണ്. നന്മ ചെയ്യാൻ സാധിക്കുന്ന സമയത്തത് ചെയ്യാതിരിക്കുന്നതു പാപമാകുന്നു. അതുപോലെ ആരെങ്കിലും ഒരാത്മാവിനെ രക്ഷയിലേക്കു നയിക്കുന്നതിനു സാധ്യതയുള്ളപ്പോൾ അത് അവഗണിച്ചാൽ അതു തിന്മയായി കണക്കാക്കും. ഒരാത്മാവിനെ രക്ഷയിലേക്ക് നയിക്കുന്നതിനു സാധ്യതയുള്ളപ്പോൾ അത് അവഗണിച്ചാൽ അതു തിന്മയായി കണക്കാക്കും. ഒരാത്മാവനെ രക്ഷയിലേക്ക് നടത്തുന്നത് അവഗണിച്ചാലോ ആ ആത്മാവിന്റെ നാശത്തിനു സംഭാവന ചെയ്യുകയാണ്. ക്രിസ്തു തന്റെ ചോദ്യത്താൽ ശാസ്ത്രിമാരെയും പരീശന്മാരെയും ന്യായം വിധിക്കയായിരുന്നു. അവർക്ക് പ്രതിവാദം പറയുവാൻ കഴിഞ്ഞുമില്ല.

യേശു അവരുടെ മറുപടിക്കായി കാത്തിരുന്നു. എന്നാൽ അവർ മൗനം അവലംബിച്ചു. അവരുടെ മൗനത്താൽ യേശുവിന്നാണ് ധാർമ്മികമായ അധികാര മെന്ന് അവർ സമ്മതിക്കുകയായിരുന്നു. നിർഭാഗ്യവശാൽ അവരുടെ ഹൃദയ കാഠിന്യത്താൽ, അവരുടെ മനസ്സാ ക്ഷിക്ക് കുത്തുകൊണ്ടില്ല, അവർ അവരുടെ പാപം ഏറ്റു പറഞ്ഞതുമില്ല. വരണ്ട കൈ സൗഖ്യമായ മനുഷ്യനിൽ നിന്ന് ക്ഷമയും ആവശ്യപ്പെട്ടില്ല. അവരുടെ ഹൃദയ കാഠിന്യം നിമിത്തം അവനു സങ്കടവും കോപവും വന്നു. ദൈവീക കാര്യങ്ങളിൽ കോപിക്കുന്നതു നല്ലതാണ് കൂടാത ദൈവരാജ്യത്തെപ്പറ്റിയുള്ള ദുഃഖം കോപത്തെ ശമിപ്പിച്ചു അതിനെ സൽഗുണമാക്കുന്നു. ദൈവകോപ ത്തെപ്പറ്റി നാം ബൈബിളിൽ പല പ്രാവശ്യം വായിക്കുന്നു ണ്ട്. എന്നാലും ദൈവം പരിശുദ്ധനും പൂർണ്ണതയുള്ള വനുമാണ്. ഈ വിധത്തിലാണ് ക്രിസ്തുവിന്റെ കോപ ത്തെ നാം കണക്കാക്കേണ്ടത്. യഥാസ്ഥാനത്തുള്ള കോപം ശ്ലാഘനീയമാണ്. ക്രിസ്തു അഹംഭാവമുള്ള ആ ആളുക ളോടു കോപിച്ചു, എന്നാൽ കൈ വരണ്ട മനുഷ്യനോടു അങ്ങേ അറ്റം ദയയുള്ളവനായിരുന്നു. ചുരുക്കം വാക്കു കൾ കൊണ്ട് അവൻ അവനെ സൗഖ്യമാക്കി. ഈ അത്ഭുത രോഗശാന്തി നല്കുകയാൽ അവൻ ശബ്ബത്തിനും കർത്താ വാകുന്നു എന്ന് തെളിയിക്കുകയായിരുന്നു. അവൻ ആ മനുഷ്യനോട് ആജ്ഞാപിച്ചു: “നിന്റെ കൈ നീട്ടുക” എന്ന്. ഈ ആജ്ഞയ്ക്കു സാധാരണ പ്രതികരണം:- “കർത്താ വേ, എന്നെകൊണ്ടു കഴിയുകയില്ല. എനിക്കു കൈനീട്ടാ മായിരുന്നെങ്കിൽ നിന്റെ സഹായം ആവശ്യമില്ലല്ലോ” എന്നായിരിക്കും. എന്നാൽ ഈ മനുഷ്യൻ അസാധ്യമായത് വിശ്വസിച്ചു. യേശു അവനെ സൗഖ്യമാക്കി. അപൂർണ്ണ മായിട്ടല്ല, പൂർണ്ണമായിട്ടു തന്നെ. അവന്റെ അടുക്കൽ വരുന്ന എല്ലാവർക്കും അവൻ പൂർണ്ണമായി പാപമോചനം

നൽകുന്നു. കൈവരണ്ട ഈ മനുഷ്യനിൽ രക്ഷയുടെ യഥാർത്ഥ ദൃഷ്ടാന്തം നാം കാണുന്നു. അവൻ ചെയ്ത പ്രവൃത്തി അല്ല, യേശുവിന്റെ പ്രവൃത്തിയാണ് അവനെ സൗഖ്യമാക്കിയത്. ഒരുവൻ തന്നിലും തന്റെ പ്രവൃത്തി യിലും വിശ്വസിക്കാത്തിടത്തോളം ക്രിസ്തു അവനെ സൗഖ്യമാക്കുകയില്ല. പാപിയെ രക്ഷിക്കുന്നതു ക്രിസ്തു വിന്റെ പ്രവൃത്തിയാണ്, മനുഷ്യന്റെ പ്രവൃത്തിയല്ല. രക്ഷ കനായ ക്രിസ്തുവിന്റെ വ്യക്തിത്വത്തിലും പ്രവൃത്തി യിലും ആശ്രയിക്കുന്ന വിശ്വാസമാണ് ഒരു പാപിയെ രക്ഷിക്കുന്നത്.

യേശു ശബ്ബത്തിനെക്കുറിച്ചു പറഞ്ഞ ഈ മൂന്നു സന്ദർഭങ്ങളിലും, "ഞാൻ നിങ്ങളോടു പറഞ്ഞ വചനം തന്നെ ജീവനും ആത്മാവുമാകുന്നു" (യോഹന്നാൻ 6:63) എന്ന തത്ത്വം അവൻ വെളിപ്പെടുത്തുകയായിരുന്നു. അവൻ തങ്ങളെ പുതുനിയമത്തിന്റെ ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി; അക്ഷരത്തിന്റെ ശുശ്രൂഷക ന്മാരല്ല, ആത്മാവിന്റെ ശുശ്രൂഷകന്മാരത്രേ. അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു (2 കൊരിന്ത്യർ 3:6) എന്ന് അപ്പൊസ്തലനായ പൗലോസ് പറഞ്ഞിട്ടുള്ള തുമായി ഇത് യോജിക്കുന്നു.

യേശുവിന്റെ വാക്കുകൾ പരീശന്മാർക്കും ശാസ്ത്രിമാർക്കും കോപം ജനിപ്പിച്ചു. സുവിശേഷകനായ ലൂക്കൊസ് പറയുന്നു, "അവർ ഭ്രാന്തു നിറഞ്ഞവരായി യേശുവിനെ എന്തു ചെയ്യേണ്ടു എന്നു തമ്മിൽ ആലോചന കഴിച്ചു" (ലൂക്കൊസ് 6:11) ശബ്ബത്തിനെ സംബന്ധിച്ചുള്ള കല്പന ആചരിക്കുന്നതിന് 'നീ കൊല ചെയയ്യരുത്' എന്ന ആറാമത്തെ കല്പന ലംഘിക്കുവാൻ അവർ തയ്യാറായി രുന്നു. എല്ലാക്കാലത്തും ദൈവജനത്തോടു ലോകം പെരുമാറിയതു പോലെ തന്നെ ആയിരുന്നു ക്രിസ്തുവി

നോടുള്ള അവരുടെ വിചാരങ്ങളും പെരുമാറ്റങ്ങളും. ജ്വലിക്കുന്ന തീക്ഷ്ണതയും അനിതര സാധാരണമായ ഭക്തിയുമുള്ള പ്രവാചകന്മാരും, അപ്പൊസ്തലന്മാരും, സാമൂഹ്യ പരിഷ്കർത്താക്കളും, രക്തസാക്ഷികളും യേശുവിനുണ്ടായ വിധി അനുഭവിക്കേണ്ടി വന്നു. ശത്രുക്കളാൽ നീതിമാന്മാർ വിമർശിക്കപ്പെടുമ്പോൾ അത് നല്ലതിനാണ്. എന്തുകൊണ്ടെന്നാൽ അവരുടെ രഹസ്യ വും പരസ്യവുമായ ജീവിതത്തിൽ അവർ കൂടുതൽ ശ്രദ്ധാലുക്കളാകുന്നു. തങ്ങളുടെ സാക്ഷ്യത്തിന്റെ പ്രഭാപൂരം കൂടുതൽ ശോഭായമാനമാകുകയും ചെയ്യുന്നു.

**“നീതിക്കു വിശന്നു ദാഹിക്കുന്നവർ**
**ഭാഗ്യവാന്മാർ**
**അവർക്കു തൃപ്തി വരും”**

**(മത്തായി 5:6)**

* * *

# VII

# യേശു തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നു

"ആ കാലത്തു അവൻ പ്രാർത്ഥിക്കേണ്ടതിന്നു ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു. നേരം വെളുത്തപ്പോൾ അവൻ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു. അവരിൽ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു. അവർക്കു അപ്പൊസ്തലന്മാർ എന്നു പേർ വിളിച്ചു. അവർ ആരെന്നാൽ : പത്രൊസ് എന്ന് അവൻ പേർ വിളിച്ച ശിമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ്, യാക്കോബ്, യോഹന്നാൻ, ഫീലിപ്പൊസ്, ബർത്തൊലൊമായി, മത്തായി, തോമാസ്, അൽഫായിയുടെ മകനായ യാക്കോബ്, എരിവുകാരനായ ശിമോൻ, യാക്കോബിന്റെ സഹോദരനായ യൂദാ, ദ്രോഹിയായിത്തീർന്ന ഈസ്കോര്യോത്താ യൂദാ എന്നിവർ തന്നെ.

അവൻ അവരോടു കൂടെ ഇറങ്ങി സമഭൂമിയിൽ നിന്ന്; അവന്റെ ശിഷ്യന്മാരുടെ കൂട്ടവും യെഹൂദയിൽ എല്ലായിടത്തു നിന്നും യെരുശലേമിൽ നിന്നും സോർ സീദോൻ എന്ന സമുദ്ര തീരങ്ങളിൽ നിന്നും അവന്റെ വചനം കേൾപ്പാനും രോഗശാന്തി കിട്ടുവാനും വന്ന ബഹുപുരുഷാരവും ഉണ്ടായിരുന്നു. അശുദ്ധാത്മാക്കൾ ബാധിച്ചവരും സൗഖ്യം പ്രാപിച്ചു. ശക്തി അവനിൽ നിന്നു പുറപ്പെട്ടു എല്ലാവരേയും സൗഖ്യമാക്കുക കൊണ്ടു പുരുഷാരം ഒക്കെയും അവനെ തൊടുവാൻ ശ്രമിച്ചു" (ലൂക്കൊസ് 6:12-19).

യെഹൂദന്മാരുടെ ഭരണാധികാരികൾ യേശുവിനെതിരായുള്ള വിദ്വേഷ ശക്തികളുമായി ഒന്നിച്ചുകൂടി. അവർ അവനെ കൊല്ലുന്ന കാര്യത്തിൽ യോജിച്ചു. ശബ്ബത്തിനെ ലംഘിച്ചതു കൊണ്ടു പരീശന്മാർ അവനെ വെറുത്തിരുന്നു. അവർ അവനെ ദുഷ്പ്രേരണ ചെലുത്തുന്ന ഒരു ദൈവദൂഷകനായി, ഒരു ശമര്യക്കാരനായി, ഒരു ചതിയനായി, പിശാചു ബാധിച്ചവനായി കരുതി. അവൻ പാപികളുമായി ഇടകലർന്ന് അവരുടെ കാഴ്ച്ചപ്പാടിൽ അവരുടെ ദേവാലയത്തേയും ന്യായപ്രമാണത്തേയും അശുദ്ധമാക്കി. മറുവശത്ത് ഹെരോദ്യർ, അവൻ ഹെരോദാ രാജാവിൽ നിന്നും സിംഹാസനം തട്ടിയെടുക്കുമെന്ന് ഭയപ്പെട്ടു.

യെഹൂദമൂപ്പന്മാർ തനിക്കെതിരായി സഖ്യം ഉണ്ടാക്കിയെന്നു ക്രിസ്തു കണ്ടപ്പോൾ ജനക്കൂട്ടത്തെ ശുശ്രൂഷിക്കുവാനും ശുശ്രൂഷിക്കുവാൻ തന്റെ അനുയായികളെ അഭ്യസിപ്പിക്കുവാനുമായി ക്രിസ്തു ഗലീല കടൽത്തീരത്തേക്കു പോയി. യെഹൂദനേതാക്കന്മാരുടെ കൈയ്യിൽ ഏല്പിക്കപ്പെട്ട് അവൻ മരിച്ചുയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി പോയതിനുശേഷം അപ്പൊസ്തലന്മാർ സുവിശേഷം വിളംബരം ചെയ്യണമെന്ന് അവൻ ആഗ്രഹിച്ചു. ഗലീലയിൽ നിന്നും യെഹൂദയിൽ നിന്നും, ഇഡൂമിയായിൽ നിന്നും, ബരോവ സീദോൻ, ടയർ മുതലായ തീരപ്രദേശങ്ങളിൽ നിന്നും അനേകർ അവന്റെ അടുക്കൽ വന്നു. അവൻ അവരെയെല്ലാം സൗഖ്യമാക്കി.

ആ കൂട്ടത്തിൽ കൂടുതൽ ആളുകളും ശരീരസൗഖ്യത്തിനായി വന്നുവെങ്കിലും ചിലർ അവന്റെ ഉപദേശങ്ങൾ കേൾക്കാനും താൽപര്യം കാണിച്ചു. പിശാച് ബാധിച്ചവരിൽ നിന്നും ക്രിസ്തു ഭൂതങ്ങളെ പുറത്താക്കി. അശുദ്ധാത്മാക്കൾ അവനെ തിരിച്ചറിഞ്ഞു. “നീ ദൈവത്തിന്റെ പുത്രൻ” എന്നു അലറി. ക്രിസ്തുവിന്റെ ദൈവീ

കാധികാരത്തെ കണ്ടു പിശാചുക്കൾ അതിനു സാക്ഷി നിന്നു. യേശുവിനെ തൊടുന്നതിനാൽ അവന്റെ ചുറ്റും ആളുകൾ തിങ്ങിക്കൂടി. ഒരു ചെറിയ പടക് തയ്യാറാക്കി നിർത്താൻ അവൻ ശിഷ്യന്മാരോട് ആവശ്യപ്പെട്ടു. ജനങ്ങളിൽ നിന്നു തിക്കും തിരക്കുമുണ്ടാകുമ്പോൾ അതിൽ കയറുന്നതിന് സാധിക്കുമല്ലോ? മറ്റുള്ളവരെ നിറക്കുന്നതിനും ശക്തീകരിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനുമായി താൻ മിക്കവാറും ഒഴിഞ്ഞവനായും ക്ഷീണിച്ചവനായും കാണപ്പെട്ടു.

രോഗികളെ സൗഖ്യമാക്കുന്നതിനും, ഭൂതങ്ങളെ പുറത്താക്കുന്നതിനും, അവന്റെ ഉപദേശങ്ങൾ പരസ്യപ്പെടുത്തുന്നതിന്നും, വിശ്വാസ സത്യങ്ങളെ രേഖപ്പെടുത്തുവാനുമായി തന്റെ അപ്പൊസ്തലന്മാരെ യേശു എങ്ങനെ തെരഞ്ഞെടുത്തു എന്നു നോക്കാം. അവരുടെ കഴിവുകളിൽ പുകഴാതിരിക്കേണ്ടതിന്നു അവൻ ഈ ലോകത്തിലെ ശ്രേഷ്ഠന്മാരെ തെരഞ്ഞെടുത്തില്ല. അങ്ങനെയെങ്കിൽ ദൈവത്തിന് തക്കതായ പുകഴ്ച ലഭിക്കയില്ല. എല്ലാ മഹത്വവും ദൈവത്തിനു മാത്രം ഉള്ളതാണ്. ഇതിനെ ആധാരമാക്കി അപ്പൊസ്തലനായ പൗലോസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "എങ്കിലും ഈ അത്യന്ത ശക്തി ഞങ്ങളുടെ സ്വന്തമെന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിന്നു ഈ നിക്ഷേപത്തെ ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളതു" (2 കൊരിന്ത്യർ 4:7). യേശു ബലഹീനരേയും അറിവില്ലാത്തവരേയും തിരഞ്ഞെടുത്തു തന്നെ ശുശ്രൂഷിക്കുവാൻ അവർക്കു യോഗ്യത നൽകുന്നു. അന്നുണ്ടായിരുന്ന ലോകനേതാക്കന്മാരെക്കാൾ ലോത്തെ സ്വാധീനിക്കുന്നതിന് അവർക്കു സാധിച്ചു. താൻ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പേ അവരെ പരിശീലിപ്പിക്കുന്നതിനാണ് യേശു അവരെ തിരഞ്ഞെടുത്തത്.

യേശുവിനെ അടുത്ത് അറിയുന്നതിനും അവനുമായി അഭേദ്യബന്ധം സ്ഥാപിക്കുന്നതിനും അവനിലുള്ള അവരുടെ വിശ്വാസം വളർത്തുവാനും അവർക്ക് സാധിച്ചു. അവന്റെ സ്നേഹം അവർ രുചിച്ചറിഞ്ഞു. അവനുവേണ്ടി പീഡനങ്ങളും ഉപദ്രവങ്ങളും സഹിച്ചു. യിസ്രായേലിന്റെ 12 ഗോത്രങ്ങൾക്കൊത്തവണ്ണം ക്രിസ്തു അവരിൽ 12 പേരെ തെരഞ്ഞെടുത്തു. പഴയതും പുതിയതുമായ നിയമങ്ങളെ തമ്മിൽ യോജിപ്പിക്കുവാൻ അവൻ ആഗ്രഹിച്ചു. അപ്പൊസ്തലന്മാരുടെ തെരഞ്ഞെടുപ്പ് വളരെ പ്രധാനപ്പെട്ടതായിരുന്നു. അതുകൊണ്ട് അപ്പൊസ്തലന്മാരെ തെരഞ്ഞെടുക്കുന്നതിന് മുമ്പേ, താൻ രാത്രി മുഴുവൻ പ്രാർത്ഥനയിൽ ചെലവഴിച്ചു. പ്രാർത്ഥനയുടെ ആ രാത്രി അവരുടെ ജീവിതങ്ങളിൽ ആത്മീക വിത്തു വിതച്ചു. അവരുടെ പിൽക്കാല പ്രവൃത്തികളും എഴുത്തുകളും തലമുറകളായി മനുഷ്യരെ സ്വാധീനിക്കുന്ന വലിയ കൊയ്ത്തുളവാക്കുവാൻ ഇടയാക്കി. ദൈവത്തിന്റെയും തന്റെ ക്രിസ്തുവിന്റെയും മഹത്വത്തിനായി ഇന്നും ആ കൊയ്ത്തു തുടർന്നുകൊണ്ടിരിക്കുന്നു.

പിന്നെ അവൻ മലയിൽ കയറി തനിക്കു ബോധിച്ചവരെ അടുക്കൽ വിളിച്ചു. അവർ അവന്റെ അരികെ വന്നു. അവൻ തന്നോടു കൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിനയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന്നധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു (മർക്കൊസ് 3:13 –15).

ആ പന്ത്രണ്ട് ശിഷ്യന്മാരെ ക്രിസ്തു അപ്പൊസ്തലന്മാർ എന്നു വിളിച്ചു (ഗ്രീക്ക് - അയക്കപ്പെട്ടവർ). അവൻ അവരെ തന്റെ നാമത്തിൽ (അവരുടെ നാമത്തിലല്ല) അയക്കുവാൻ ആഗ്രഹിച്ചു. പിന്നീട് അവൻ പറഞ്ഞു, “പിതാവു എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളേയും അയയ്ക്കുന്നു” എന്ന് (യോഹന്നാൻ 20:21). പ്രായമായ നേതാ

ക്കളിൽ നിന്നും അവർ പഠിച്ചിരുന്നതും കുട്ടിക്കാലത്ത് ശീലിച്ചിരുന്നതുമായ അനേകം വഴിതെറ്റിയ ആശയങ്ങ ളിൽ നിന്നും സാംസ്കാരിക പാരമ്പര്യത്തിൽ നിന്നും പൂർണ്ണമായി വിമോചനം നേടുന്നതിനുള്ള സമയം കിട്ട ത്തക്കവണ്ണം മുമ്പേതന്നെ അവരെ തെരഞ്ഞെടുത്തിരുന്നു. പുതിയതും പഴയതുമായ ഉപദേശങ്ങളുടെ നന്മ തിന്മ തിരി ച്ചറിയാൻ അവർ പ്രാപ്തരാകേണ്ടതിന്നു, തന്റെ പുതിയ ആത്മീക ആഹാരം കൊണ്ട് - യഥാർത്ഥ ദൈവീക പരി ജ്ഞാനം കൊണ്ട് അവരെ തൃപ്തിപ്പെടുത്തുവാൻ അവൻ ആഗ്രഹിച്ചു.

അവന്റെ മുമ്പിൽ കുടിയിരിക്കുന്ന കൂട്ടത്തെ യേശു കർത്താവ് സ്നേഹപുരസ്സരം വീക്ഷിക്കുന്നതു നമുക്ക് ദർശിക്കാൻ സാധിക്കും. തെരഞ്ഞെടുത്ത അപ്പൊസ്തല ന്മാരോട് പുതിയ നിയമത്തിന്റെ പ്രാധാന്യം കൃപയോടു കൂടി പറഞ്ഞു മനസ്സിലാക്കുന്നതു നമുക്കു കേൾക്കാം. തന്റെ സ്നേഹത്തിന്റെ ഉദ്ദേശ്യവും അവരുടെ ഉത്തരവാ ദിത്വങ്ങളും അവൻ അവരെ മനസ്സിലാക്കി. താൻ ആരെ യെങ്കിലും തെരഞ്ഞെടുക്കുന്നതിനു മുമ്പേ തന്റെ ശ്രോതാ ക്കൾ എന്തു ചിന്തിച്ചു കാണും? അവരെല്ലാവരും യേശു തെരഞ്ഞെടുക്കുന്ന അപ്പൊസ്തലന്മാരുടെ കൂട്ടത്തിൽ ആകണമെന്ന് ആഗ്രഹിച്ചു കാണും. അവർ അവരുടെ വാത്സല്യഗുരുവായ യേശുവിൽ പൂർണ്ണമായി ആശ്രയിച്ചു. അവരെ സംബന്ധിച്ചിടത്തോളം അവന്റെ ജ്ഞാനമൊഴി കൾക്കു ചെവികൊടുക്കുന്നതും അവനോടു കൂടി സഞ്ച രിക്കുന്നതും സുവർണ്ണാവസരമായി കരുതി. പിന്നെ ശ്രേഷ്ഠ ശുശ്രൂഷയ്ക്കുള്ള ഒരവസരം വന്നു ചേർന്നു. ആ കൂട്ടത്തിലുള്ള എല്ലാവരും സന്തോഷത്താൽ നിറയപ്പെട്ടു എന്നുള്ളതിനു സന്ദേഹമില്ല, പ്രത്യേകിച്ചും അപ്പൊസ്ത ലന്മാരെ അവൻ പേർചൊല്ലി വിളിച്ചപ്പോൾ തീർച്ചയായും അവൻ തെരഞ്ഞെടുത്തവരെ അനുമോദിക്കുന്നതിനായി

ചിലർ ആഗ്രഹിച്ചു കാമും, ചിലർ അസൂയാഭരിതരായും തീർന്നിരിക്കാം.

ശീമോന്റെ തീക്ഷ്ണതയും ഉത്സാഹവും കണ്ടിട്ടായിരിക്കാം യേശു തെരഞ്ഞെടുത്തത്. അവന്റെ പേരാണ് ആദ്യം കാണുന്നത്. അതിനാൽ അവനെ ആദ്യം വിളിച്ചതായി അനുമാനിക്കാം. അവൻ തെരഞ്ഞെടുത്തതിൽ ശീമോൻ എന്നു പേരുള്ള മറ്റൊരുത്തനിൽ നിന്നു വേർതിരിച്ചു മനസ്സിലാക്കുന്നതിനായിരിക്കാം ക്രിസ്തു അവനു പത്രൊസ് എന്ന നാമം നൽകിയത്. അതിനുശേഷം അന്ത്രെയാസിന്റെ പേരാണു നാം കാണുന്നത്. യേശുവിനെ അനുഗമിച്ചവരിൽ ആദ്യത്തവൻ അന്ത്രെയോസ്സാണ്. തന്റെ സഹോദരനായ പത്രൊസിനെ ക്ഷണിക്കുന്ന ആദ്യത്തെ സുവിശേഷകൻ അന്ത്രയോസാണ്. പിന്നീടു തിരുവെഴുത്തിൽ അവനെപ്പറ്റി കൂടുതലായി ഒന്നും കാണുന്നില്ല. പിന്നീടു സെബദിയുടെ മക്കളായ യാക്കോബിനെയും യോഹന്നാനെയും തെരഞ്ഞെടുത്തു. അവരും അന്ത്രയോസിന്റേയും പത്രൊസിന്റേയും പട്ടണത്തിൽ നിന്നുള്ളവരും അതേ തൊഴിലിൽ ഏർപ്പെട്ടവരുമായിരുന്നു. മൂത്തവനായ യാക്കോബ് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം സഭയിലെ നേതൃസ്ഥാനത്തുള്ള മൂപ്പനായിത്തീർന്നു. 15 വർഷങ്ങൾക്കു ശേഷം യെഹൂദന്മാരെ പ്രസാദിപ്പിക്കാനായി ഹെരോദ്യ അഗ്രിപ്പാ അവനെ കൊന്നു. ഇളയവനായ യോഹന്നാൻ തന്റെ സഹപ്രവർത്തകരുടെ മരണശേഷവും ദീർഘകാലം ജീവിച്ചിരുന്നു പല സഭകളേയും ശുശ്രൂഷിച്ചു.

യേശുവിനെ ആദ്യം (പ്രസിദ്ധനാകാതെ ഇരുന്നപ്പോഴും അവനെ) അനുഗമിച്ചവരായിരുന്നതിനാലാണ് ഈ നാല് അപ്പൊസ്തലന്മാരുടെ പേർ ആദ്യം രേഖപ്പെടുത്തിയിരിക്കുന്നത്. യേശു പിന്നീടു രണ്ടുപേരെ തിരഞ്ഞെടുത്തു. ഫീലിപ്പിനേയും നഥനയേലിനേയും. യോഹന്നാന്റെ

സുവിശേഷത്തിൽ മാത്രമേ ഫിലിപ്പിനെ പിന്നെ കാണുന്നുള്ളൂ. ബർത്തലോമായ്ക്കുള്ള വേറൊരു പേരാണ് നഥനയേൽ. ഇവർ ആറുപേരുമായിരുന്നു അപ്പൊസ്തലന്മാരിൽ ആദ്യത്തെ അർത്ഥഭാഗം. അവർ എല്ലാവരും യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർ ആയിരുന്നു. യഥാർത്ഥ ആത്മീകത്വം തിരിച്ചറിഞ്ഞപ്പോൾ മുതൽ അവർ അവനോടുകൂടെ ആയിരുന്നു. തീർച്ചയായും യേശു തങ്ങളെ തെരഞ്ഞെടുത്തതിൽ എല്ലാവരും അഭിമാനം കൊണ്ടിരുന്നു.

ചുങ്കക്കാരനായ മത്തായിയെ അപ്പൊസ്തലനായി തെരഞ്ഞെടുത്തത് ചിന്തനീയമാണ്. അവനെപ്പോലുള്ള ഒരാൾക്കു അപ്പൊസ്തലനാകാൻ സാധിക്കുമോ? ആത്മികമായും, മാനസികമായും അവൻ അതിന് യോഗ്യനായിരുന്നു. മനുഷ്യർ തള്ളിയ പലരും ദൈവദൃഷ്ടിയിൽ വിലപ്പെട്ടവരാണെന്ന് അവനെ തിരഞ്ഞെടുത്തതിനാൽ യേശു തെളിയിച്ചു. സാമൂഹ്യഭ്രഷ്ടനായ ഒരുവനെ ശ്രേഷ്ഠ അപ്പൊസ്തലനായി മാറ്റുന്ന ദൈവകൃപയുടെ ശക്തി മത്തായിയുടെ തിരഞ്ഞെടുപ്പിൽ കാണാവുന്നതാണ്. മത്തായിയോടു ചേർന്ന് കാണുന്ന അടുത്ത അപ്പൊസ്തലൻ തോമാസാണ്.

***"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റു പറയും; മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനേയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും"***

(മത്തായി 10:32,33)

തോമാസിന്റെ പശ്ചാത്തലത്തെപ്പറ്റി നമുക്കറിഞ്ഞു കൂടാ. അവന്നു മുമ്പേ തെരഞ്ഞെടുത്ത ഏഴുപേരിൽ നിന്ന് അവൻ വ്യത്യസ്തനാണ്. നാം പിന്നീടു വേറൊരു യാക്കോബിനെ കാണുന്നു. അവനു ജൂണിയർ (ചെറിയ) യാക്കോബ് എന്നു പേരിട്ടു. ചിലർ വിചാരിക്കുന്നതും ഇവൻ മത്തായിയുടെ സഹോദരനാണെന്നാണ്, എന്തെന്നാൽ രണ്ടുപേരുടെയും പിതാക്കന്മാർ അല്ഫായിമാരായിരുന്നു. ഇത് ശരിയായിരിക്കണമെന്നില്ല. കാരണം പത്രോസ് അന്ത്രെയോസ് എന്നിവരുടെയും യാക്കോബ് യോഹന്നാൻ എന്നിവരുടെയും പോലെ, ഒരുമിച്ച് ഈ രണ്ടുപേർ നാം കാണുന്നില്ല.

പിന്നീടു ക്രിസ്തു തെരഞ്ഞെടുത്തത് റോമക്കാരുടെ ശത്രുവായിരുന്ന എരിവുകാരൻ ശിമയോനെയാണ്. ഇത് ആശ്ചര്യമായിരിക്കുന്നു. അവൻ റോമിന് എതിരായി മത്സരിച്ച ഒരു സംഘടനയിലെ അംഗമായിരുന്നു. അതിനാൽ അവന്റെ ആളുകൾ അവനെ ബഹുമാനിച്ചിരുന്നു. തന്റെ ശിഷ്യഗണത്തിൽ ഇപ്രകാരമുള്ള ഒരുവനെക്കൂടി ചേർത്തതിനാൽ ആ കൂട്ടത്തിൽ വ്യത്യസ്ത സ്വഭാവമുള്ളവരും വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്നുള്ളവരും ഉണ്ടായിരുന്നതായി മനസ്സിലാക്കാം. പതിനൊന്നാമത്തെ അപ്പൊസ്തലനു പല പേരുകളും ഉണ്ടായിരുന്നു – യൂദാ, യാക്കോബിന്റെ സഹോദരൻ, തദ്ദായി, ലബ്ബായി എന്നൊക്കെ.

ഒടുവിലത്തെ അപ്പൊസ്തലനായ ഇസ്‌ക്കോര്യത്താ യൂദാ യെഹൂദയിൽ നിന്നുള്ളവനും. മറ്റെല്ലാവരും ഗലീലയിൽ നിന്നുള്ളവരുമാണ്. അതിനാൽ അവൻ മറ്റുള്ളവരിൽ നിന്നു വിഭിന്നനായിരുന്നു, അവൻ തന്റെ ഗുരുവിനെ ഒറ്റിക്കൊടുത്തവനാകയാൽ അവന്റെ പേരിനോടുകൂടി ‘ഒറ്റിക്കൊടുത്തവൻ’ എന്ന വിശേഷതകൂടി ഉണ്ടായിരിക്കും. ഒരു അപ്പൊസ്തലന്റെ യാതൊരു യോഗ്യതയും

യൂദാസിനില്ലായിരുന്നെങ്കിലും പ്രവചന നിവൃത്തിക്കു വേണ്ടി യേശു അവനെ തെരഞ്ഞെടുത്തു. അങ്ങനെ ദൈവേഷ്ടം നിവൃത്തിയായി (നോക്കുക, സങ്കീർത്തനങ്ങൾ 41:9, 109:7,8). യൂദാസിനെ തെരഞ്ഞെടുത്തതിനാൽ നഷ്ടപ്പെട്ടവരെ എങ്ങനെ നേടാമെന്ന് തന്റെ അനുയായികളെ യേശു പഠിപ്പിക്കുന്നതിന് ആഗ്രഹിച്ചിരുന്നതായും മനസ്സിലാക്കാം, ചിലർ വേഗത്തിൽ പ്രതികരിക്കുന്നില്ല. ഒരാളെ മാനസാന്തരത്തിലേക്കു നയിക്കുന്ന വഴി മറ്റൊരാളുടെ കാര്യത്തിൽ പ്രാവർത്തികമായിരിക്കയില്ല. യൂദാസിനു യേശുവിനെ ഒറ്റിക്കൊടുക്കേണ്ട യാതൊരു കാര്യവും ഇല്ലായിരുന്നു, എന്നാലും അവൻ അതു ചെയ്തു. അവനു നല്ലവനാകുവാൻ അനേകം അവസരങ്ങൾ ലഭിച്ചെങ്കിലും അവൻ അതെല്ലാം അവഗണിച്ചു.

യേശുവിനെ ആദ്യമായി അനുഗമിക്കുമ്പോൾ അവൻ ദുഷ്ടനല്ലായിരുന്നിരിക്കാം. എന്നാൽ അവൻ അപ്പൊസ്തലനായപ്പോൾ മറ്റുള്ളവരെപ്പോലെ നല്ല ഒരു തുടക്കത്തിൽ തുടങ്ങി ചീത്തയിൽ അവസാനിച്ചതായിരിക്കാം. ദൈവകൃപയെപ്പറ്റി തെറ്റായി മനസ്സിലാക്കിയതിനാൽ, ആ സമൂഹത്തിന്റെ ഖജാൻജി ആയിരുന്ന യൂദാസിന് ആ സ്ഥാനം തന്റെ സഹപ്രവർത്തകർ തീരുമാനിച്ചു കൊടുത്തതായിരിക്കാം, കാരണം അവനെ വളരെ ഉത്സാഹിയും പണമിടപാടിൽ വളരെ മിടുക്കനുമായി കണ്ടിരിക്കാം.

ഭാവിയിൽ തന്റെ ശിഷ്യന്മാർക്ക് എന്തു സംഭവിക്കുമെന്ന് പൂർണ്ണമായി അറിഞ്ഞുകൊണ്ടാണു യേശു യൂദാസിന്റെ തെരഞ്ഞെടുപ്പോടുകൂടി അപ്പൊസ്തലന്മാരുടെ എണ്ണം അവസാനിപ്പിച്ചത്. പ്രവചനാത്മാവിൽ അവൻ അവരുടെ ബലഹീനതകളും തെറ്റുകളും തീഷ്ണതയും, ചുറുചുറുക്കും, കഷ്ടതകളിലെ വിജയവും പീഡനങ്ങളു

മെല്ലാം യേശു മുൻകൂട്ടി കണ്ടു. അവരുടെ പ്രസംഗത്തിന്റെ സ്വാധീനതയും നിര്യാണത്തിനുശേഷം തങ്ങളുടെ എഴുത്തുകളും സംരംഭങ്ങളും മറ്റുള്ളവരെ എങ്ങനെ ബാധിക്കുമെന്നും അവൻ കണ്ടു. രക്തസാക്ഷികളുടെ കൂട്ടത്തിൽ അവർ മഹത്വകിരീടം ചൂടിയ യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ടു ന്യായം വിധിക്കുന്നതും (മത്തായി 19:28) അവൻ മുൻകണ്ടു.

**"കൊയ്ത്തു വളരെയുണ്ടു സത്യം,**
**വേലക്കാരോ ചുരുക്കം;**
**ആകയാൽ കൊയ്ത്തിന്റെ**
**യജമാനനോടും കൊയ്ത്തിലേക്കു**
**വേലക്കാരെ അയക്കേണ്ടതിന്നു**
**യാചിപ്പിൻ എന്നു പറഞ്ഞു."**

(മത്തായി 9:37–38).

* * *

# VIII

# ഗിരിപ്രഭാഷണം

അപ്പൊസ്തലന്മാരുടെ തെരഞ്ഞെടപ്പിനുശേഷം ക്രിസ്തു ഏറ്റവും ഗൗരവമുള്ള ഒരു പ്രഭാഷണം നടത്തി – ഗിരിപ്രഭാഷണം. അത് നമ്മുടെ ശ്രദ്ധയേറിയ പഠനത്തിന് വിഷയമാണ്, എന്തെന്നാൽ മതപരമായ (ഭക്തിയുടെ) കാര്യങ്ങളിൽ ദൈവം മനുഷ്യനിൽ നിന്നു എന്താണു പ്രതീക്ഷിക്കുന്നതെന്നതിന്റെ ഒരു പൂർണ്ണരൂപവും മാതൃകയും അതു തരുന്നു. ക്രിസ്തു കഫർന്നഹൂമിനടുത്തുള്ള ഒരു കുന്നിൽ നിന്നാണ് ഈ പ്രഭാഷണം നടത്തിയത്. തിബര്യാസിന് വടക്കുള്ള ഹത്തീന മുമ്പിൽ (Horns of Hattina) വെച്ചാണ് ഈ പ്രഭാഷണം ചെയ്തതെന്നാണ് ബൈബിൾ പണ്ഡിതരുടെയും ഭൂരിപക്ഷാഭിപ്രായം. രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ക്രിസ്തുവിന്റെ പ്രഭാഷണങ്ങളിൽ ഏറ്റവും ഉത്തമവും സുദീർഘവുമായത് ഇതാണ്. ക്രിസ്ത്യാനിത്വത്തിന്റെ എതിരാളികൾ പോലും വിലമതിച്ച ഒരു പ്രഭാഷണമാണിത്.

യേശു സ്ഥാപിച്ച പുതിയ ആത്മിക സാമ്രാജ്യത്തിന്റെ ഭരണഘടനയാണ് ഈ പ്രഭാഷണം. അത് മോശെയുടെയും മറ്റു പ്രവാചകന്മാരുടെയും വെളിപ്പാടിനെ ആശ്രയിച്ചിരിക്കുന്നു. ക്രിസ്തു അതു നിവൃത്തിയാക്കാനാണു വന്നത്. ദാവീദ് മുഖാന്തരം ദൈവം അരുളിച്ചെയ്തതാണ് ആ ആത്മീക സാമ്ര്യാജ്യത്തിന്റെ രാജാവ് ക്രിസ്തു ആയിരിക്കുമെന്ന്. "എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു" (സങ്കീർത്തനം 2:6). രാജാവെന്ന നിലയിൽ അപ്പൊസ്തല

ന്മാർക്ക്, - തന്റെ സ്ഥാനാപതികൾക്ക് ചില പ്രത്യേക കല്പനകൾ കൊടുക്കേണ്ടതുണ്ട്. തന്റെ രാജ്യത്തിന്റെ പുതുമ നിറഞ്ഞ ചട്ടക്കൂടുകളുടെയും പഴയ വ്യവസ്ഥിതി യുടെ പുതിയ അർത്ഥങ്ങളും വിശദീകരിച്ചുകൊണ്ടു യേശു രാജാവ് തന്റെ അപ്പൊസ്തലന്മാരെ നിയമിക്കുക മാത്രമ ല്ല, അത്ഭുതമാർന്ന വിവിധ വേലകൾ ചെയ്യുന്നതിനുള്ള ശക്തി കൊടുക്കുകയും ചെയ്തു. ക്രിസ്തുവിന്റെ വാക്കു കളെ ധ്യാനിക്കുന്നതിനു മുമ്പ് നമുക്ക് ആ പ്രഭാഷണ ത്തിന്റെ സന്ദർഭത്തേയും സാഹചര്യത്തേയും പരിശോ ധിക്കാം. സീനായി പർവ്വതത്തിൽ വെച്ചു പഴയ നിയമ ന്യായപ്രമാണം കൊടുത്തതുപോലെയല്ല ഈ പ്രഭാഷണം നൽകിയത്. ന്യായപ്രമാണം കൊടുത്തപ്പോൾ അദൃശ്യ നായ ദൈവത്തിന്റെ ശബ്ദവും, ഇടിയും മിന്നലും ഭൂമി കുലുക്കവും തീയും ഉണ്ടായിരുന്നു. മോശെ അല്ലാതെ ആരും ആ പർവ്വതത്തിനടുത്തേക്കു ചെല്ലാൻ പാടില്ലായി രുന്നു, ആരെങ്കിലും അടുത്തു ചെന്നാൽ അവനെ കല്ലെ റിഞ്ഞു കൊല്ലണമായിരുന്നു. എന്നാൽ ഈ ഗിരിപ്രഭാ ഷണം നൽകിയതാകട്ടെ പച്ചപരവതാനി വിരിച്ച ഹത്തീന പർവ്വതത്തിൽ വെച്ചായിരുന്നു. അവിടെ പക്ഷികളുടെ ഗാന ങ്ങൾ കേൾക്കാമായിരുന്നു. സുഗന്ധപുഷ്പങ്ങളിൽ തട്ടി വരുന്ന നറുമണം വീശുന്നതെന്നലുണ്ടായിരുന്നു. മനുഷ്യാ വതാരം എടുത്ത ദൈവത്തിന്റെ ചുണ്ടുകളിൽ കൂടിയാണ് ഈ ദൂത് മുഴങ്ങി കേട്ടത്. അവന്റെ ചുറ്റും തന്റെ അനുയാ യികളും ശ്രദ്ധയോടുകൂടി ശ്രവിക്കുന്ന ജനാവലിയുമുണ്ടാ യിരുന്നു. അവർ പാലസ്തീനിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും വന്നവരായിരുന്നു.

ഒരു യെഹൂദാ പാരമ്പര്യത്തിൽ ഇപ്രകാരം പറ യുന്നു: "മസീഹാ ജാഫാ കടൽത്തീരത്തുനിന്ന് ആ കട ലിനോട് തന്നിലുള്ള ധനത്തെ പുറത്തുകൊണ്ടുവരാൻ ആജ്ഞപിക്കുന്നതും കടൽ അപ്പോൾ തന്നെ അതിന്റെ

അടിത്തട്ടിൽ അടിഞ്ഞുപോയ രത്നങ്ങളും മുത്തുകളും അവന്റെ പാദപീഠത്തിൽ സമർപ്പിക്കുകയും, അവൻ തന്റെ അനുയായികളെ രാജകീയ വസ്ത്രം ധരിപ്പിക്കുകയും വില യേറിയ രത്നങ്ങൾ കൊണ്ട് അലങ്കരിക്കുകയും സ്വർഗ്ഗീയ മന്നയാൽ തീറ്റിപ്പോറ്റുകയും ചെയ്തു. ഈ മന്നാ മരുഭൂമി യിൽ അവർക്ക് ലഭിച്ചതിനെക്കാൾ രുചികരവും മധുരത രവും ആയിരിക്കും". ഈ പാരമ്പര്യം ഒരു സാങ്കല്പിക മശീഹായുടെ വരവിനെ ചൂണ്ടിക്കാണിക്കുന്നതാണെ ങ്കിലും തെറ്റിക്കുന്ന വിധത്തിലുള്ളതാണ്. നാം ഇപ്പോൾ ചിന്തിക്കുന്ന രംഗം അതിനെക്കാൾ എത്രയോ സൗന്ദര്യ മുള്ളതും പൂർണ്ണതയുള്ളതുമാണ്? സമുദ്രത്തിന്റെ അടി ത്തട്ടിൽ നമ്മുടെ മുമ്പിലുള്ള ആത്മിക സത്യങ്ങളോടു കിടപിടിക്കാവുന്ന രത്നങ്ങൾ ഉണ്ടാകുമോ? ക്രിസ്തു വിന്റെ സ്വഭാവത്താൽ വെളിപ്പെടുത്തപ്പെട്ട രാജകീയ വസ്ത്രത്തെക്കാൾ മെച്ചമായ വസ്ത്രം വേറെയുണ്ടോ? കടലിനോടു തന്നിലുള്ള ധനത്തെ കൊണ്ടുവരാൻ ആജ്ഞാപിക്കുന്നതിനെക്കാൾ എത്ര ശ്രേഷ്ഠവും ഭയാ നകവും അത്ഭുതം ഉളവാക്കുന്നതുമാണ് ഭൂതത്തെ ശാസി ക്കുന്നതും മരിച്ചവരെ ഉയർപ്പിക്കുന്നതും, തന്റെ അനുയാ യികളോടു മറ്റുള്ളവരുടെ എല്ലാ തെറ്റുകളും ക്ഷമിക്കണ മെന്ന് ആവശ്യപ്പെടുന്നതും.

ഈ ഗിരിപ്രഭാഷണത്തിലൂടെ യേശു പഠിപ്പിച്ചതു ഉപദേശിച്ചതുമെല്ലാം പുതുതായിരുന്നില്ല. പഴയ നിയമ ത്തിലെ ഉപദേശ സത്യങ്ങളെ യെഹൂദന്മാർക്കു നല്ലവണ്ണം അറിയാമായിരുന്നു. ദൈവത്തിന്റെ കല്പനകളെ പ്രതിഫ ലിപ്പിക്കുന്ന തത്ത്വങ്ങൾ ജാതികളുടെ മനസ്സാക്ഷിയിലും ഉണ്ടായിരുന്നു (റോമർ 2:14,15 നോക്കുക). ഭൂമിയിലെ പൊടിയിൽ നിന്ന് മനോഹരമായി ആദാമിന്റെ ശരീരം മെനഞ്ഞെതിനുശേഷം ദൈവം ജീവശ്വാസം ഊതിയതു പോലെ ക്രിസ്തുവിന്റെ ഉപദേശങ്ങൾ പഴയ നിയമ ന്യായ

പ്രമാണങ്ങൾക്കു ജീവൻ നൽകി.

'അവൻ പുരുഷാരത്തെ കണ്ടാറെ മലമേൽ കയറി. അവൻ ഇരുന്നശേഷം ശിഷ്യന്മാർ അടുക്കൽ വന്നു. അവൻ തിരുവായ്മൊഴിഞ്ഞു അവരോടു ഉപദേശിച്ചതെന്തെന്നാൽ: ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു. ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു ആശ്വാസം ലഭിക്കും. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും. നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തി വരും. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും. നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളതു. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും, ഉപദ്രവിക്കയും നിങ്ങളെകൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പൻ; നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ" (മത്തായി 5:1-12).

## പ്രഭാഷണത്തിന്റെ ആരംഭം

യേശു മലമേൽ കയറി. അവൻ ഇരുന്നപ്പോൾ ശിഷ്യന്മാർ അടുക്കൽ വന്നു. അവൻ അവരെ പഠിപ്പിച്ചു. 'ഭാഗ്യവാന്മാർ' എന്ന പദപ്രയോഗം ആ പ്രഭാഷണത്തിൽ തെളിഞ്ഞുനില്ക്കുന്നു. പഴയനിയമത്തിന്റെ ആത്മാവിനെ ആ വാക്കുകളിൽ വ്യക്തമായി കാണാവുന്നതാണ്. "ഈ

ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ചു നടക്കാത്തവൻ ശപിക്കപ്പെട്ടവൻ" (ആവർത്തനം 27:26). ഇതുതന്നെ ഇബ്വാൽ പർവ്വതത്തിൽ വെച്ച് ഉച്ചരിക്കപ്പെട്ട ശാപപ്പട്ടികയിൽ കാണാവുന്നതാണ്. യേശുവിനാൽ നല്കപ്പെട്ട പുതിയ നിയമത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ (ക്രിസ്തുവിനെ) നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). അവന്റെ മുൻഗാമിയും പിതാമഹനുമായ ദാവീദ് ഉപയോഗിച്ച അതേ പദം തന്നെയാണ് സങ്കീർത്തനങ്ങളിൽ അതുല്യമനോഹരമായി ഉപയോഗിച്ചിരിക്കുന്നു "ഭാഗ്യവാന്മാർ" എന്ന പദം. യേശു തന്റെ പ്രഭാഷണം കല്പനകളെ കൊണ്ടല്ല അനുഗ്രഹങ്ങളെ കൊണ്ടാണ് ആരംഭിക്കുന്നത്. പാപത്താൽ നഷ്ടപ്പെട്ട സന്തോഷം മനുഷ്യരാശിക്കു തിരിച്ചു നൽകുന്നതിനാണ് അവൻ പിതാവിൽ നിന്നു (പിതാവിന്റെ ഇടത്തു നിന്നും) വന്നത്. അതിനാൽ സന്തോഷം തന്റെ രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തത്ത്വങ്ങളിൽ ഒന്നാക്കി. 'ഭാഗ്യവാന്മാർ' എന്ന പദത്തിൽ അഭിനന്ദനം, സന്തോഷം, ആനന്ദം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. അവൻ യഥാർത്ഥ അനുഗ്രഹത്തെപ്പറ്റിയാണു പറഞ്ഞത്; സാങ്കല്പികാനുഗ്രഹത്തെപ്പറ്റി അല്ല. ആരംഭ ദിനം മുതൽ ശതാബ്ദങ്ങളായി ഇന്നെയോളം തന്റെ രാജ്യത്തെ സന്തോഷാനുഭവം വർദ്ധിച്ചു കൊണ്ടേ ഇരിക്കുന്നു. പലരും, പല സംസ്കാരങ്ങളിൽ നിന്നും വന്ന ബുദ്ധിജീവികൾ ഉൾപ്പെടെ; ഭക്തിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് ക്രിസ്തുവിന്റെ നിയമമാണെന്ന് സമ്മതിക്കുന്നു.

നമ്മുടെ പ്രത്യേക ശ്രദ്ധ ആകർഷിക്കുന്ന ഒരു കാര്യം ഗിരിപ്രഭാഷണത്തിന്റെ ആരംഭത്തിൽ കാണാം.

അത് ദൈവീക വചനങ്ങളുമായി യോജിക്കുന്നു: "എന്റെ വിചാരങ്ങളല്ല നിങ്ങളുടെ വിചാരങ്ങൾ, നിങ്ങളുടെ വഴി കളല്ല എന്റെ വഴികൾ എന്നു കർത്താവു അരുളിച്ചെയ്യുന്നു" (യെശയ്യാവ് 55:8). അക്കാലത്ത് പ്രാബല്യത്തിലിരുന്ന മത പരമായ മൂല്യങ്ങളിലെ തെറ്റായ കാര്യങ്ങളെ മാറ്റി മറി ക്കുകയായിരുന്നു യേശു ആദ്യകാര്യങ്ങളിൽ ചെയ്ത ഒരു കാര്യം.

## ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ

ആദ്യത്തെ അനുഗ്രഹം, "ആത്മാവിൽ ദരിദ്രരായ വർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു" എന്ന താണ്. യേശുവിന്റെ സമകാലീകർ ഒരിക്കലും വിചാരിച്ചു കാണില്ല, ആത്മാവിൽ ദരിദ്രരായവർ സ്വർഗ്ഗരാജ്യം അവ കാശമാക്കുമെന്നുള്ളത്. മശിഹാ ഒരു ഭൗമിക രാജ്യം സ്ഥാപിക്കുമെന്നും ആ രാജ്യത്തിൽ മതനേതാക്കന്മാരും പുരോഹിതന്മാരും ശാസ്ത്രിമാരും പരീശന്മാരും ആയി രിക്കും ആദ്യനിരയിൽ അധികാരമുള്ളവരും ഏറ്റവും നല്ല നിലയുമുള്ളവരെന്നാണ് അവർ വിചാരിച്ചത്. എന്നാൽ സ്വർഗ്ഗരാജ്യം അങ്ങനെയുള്ളവരുടേതാണെന്ന് ക്രിസ്തു ഒരിക്കലും പറഞ്ഞില്ല, പ്രത്യുത ആത്മാവിൽ ദരിദ്രരായ വരുടേതാണെന്നാണു പറഞ്ഞത്. അവർ അവനോടുകൂടി വാഴുമെന്നും അവൻ പറഞ്ഞു. അവൻ മുമ്പ് പറഞ്ഞിരു ന്നു, "ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുവാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെ മേൽ ഉണ്ടു" (ലൂക്കൊസ് 4:18) എന്ന്. അതുകൊണ്ടാണ് തന്റെ ആദ്യത്തെ അനുഗ്രഹം ആത്മാ വിൽ ദരിദ്രർക്കു കൊടുത്തുകൊണ്ടിപ്രകാരം പറഞ്ഞത് "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു."

## ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ

ജീവിതത്തിലെ ദുഃഖ വേളകളിൽ അവരെ ആശ്വസിപ്പിക്കുന്നതാണ് രണ്ടാമത്തെ അനുഗ്രഹം. അവർക്കു കരച്ചിലിനുശേഷം സന്തോഷിക്കാൻ ഇടയാകും. ക്രിസ്തുവിന്റെ ശ്രോതാക്കൾ ധനികർക്കു മാത്രമുള്ളതാണ് ആശ്വാസം എന്നു സമ്മതിച്ചിരുന്നു, എന്തെന്നാൽ തങ്ങളുടെ കൂട്ടുകാർക്ക് അവരെ ആശ്വസിപ്പിക്കാനും കഷ്ടകാലത്തെ ലഘൂകരിക്കാനും സാധിക്കുമല്ലോ. എന്നാൽ തങ്ങളുടെ അരിഷ്ടാവസ്ഥയും തെറ്റുകളും ഓർത്തു വിലപിക്കുന്നവരെ മുമ്പിൽ കണ്ടുകൊണ്ടാണു യേശു ഇങ്ങനെ പറഞ്ഞത്. അവരെ സംബന്ധിച്ചിടത്തോളം ദൈവികമായ ആശ്വാസം അവരുടെ പാപം ക്ഷമിക്കപ്പെടുന്നതു നിമിത്തം ലഭിക്കുന്നതാണ്. അവർക്ക് അവരുടെ അതിക്രമങ്ങൾക്കു പകരമായി ഇരട്ടിയനുഗ്രഹങ്ങൾ ലഭിക്കുന്നു. (യെശയ്യാവ് 40:2).

## സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ

മൂന്നാമത്തെ അനുഗ്രഹം ഭൂമിയെ കൈവശമാക്കുന്നതാണ്. ആരാണു കൈവശമാക്കുന്നത്? അധികാരസ്ഥാനത്തുള്ളവരല്ല, മറ്റുള്ളവരെ വ്യാജമായി നിയന്ത്രിച്ച് അവരുടെ സ്വാധീനത്താൽ ധനം വർദ്ധിപ്പിക്കുന്നവരുമല്ല, പ്രത്യുത സൗമ്യതയുള്ളവരാണ് ഭൂമിയെ അവകാശമാക്കുന്നത്. ക്രിസ്തുവിന്റെ രാജ്യത്തിൽ സ്നേഹിക്കുന്നവരാണ് – മറ്റുള്ളവരുടെ മേൽ കർത്തൃത്വം നടത്തുന്നവരല്ല ഭൂമിയെ കൈവശമാക്കുന്നത്. ഈ സത്യം മനസ്സിലാക്കിയ ദാവീദ് എഴുതി "കുറഞ്ഞോന്നു കഴിഞ്ഞിട്ടു ദുഷ്ടന്മാർ ഇല്ല. നീ അവന്റെ ഇടം സൂക്ഷിച്ചു നോക്കും. അവനെ കാണുകയില്ല. എന്നാൽ സൗമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും. സമാധാന സമൃദ്ധിയിൽ അവർ ആനന്ദിക്കും" (സങ്കീർത്തനം 37:10, 11).

## നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ

നാലാമത്തെ അനുഗ്രഹം സംതൃപ്തിയുടേത്, അഥവാ നിറയപ്പെടുന്നതിന്റേതാണ്. ക്രിസ്തുവിനെ ശ്രദ്ധിച്ചവർ വിചാരിച്ചത് ഭൗതികമായ ധനം കൊണ്ട് അവർ ആഗ്രഹിക്കുന്നതെന്തും നേടാമെന്നും വ്യാമോഹിക്കുന്നവരായ ധനവാന്മാരെയാണ് ക്രിസ്തു അർത്ഥമാക്കിയതെന്നുമാണ്. അവർക്ക് വിശപ്പിനെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. എന്നാൽ ഈ ലോകത്തിലെ വസ്തുക്കളെ മോഹിക്കാതെയും ധനത്തെ ഗണ്യമാക്കാതെയുമിരിക്കുന്നവരെയാണ് യേശു സംതൃപ്തരായി ചിത്രീകരിച്ചത്. അവനാണ് സ്വർഗ്ഗീയ നീതിക്കുവേണ്ടി - അവർക്കും അവരുടെ ചുറ്റുപാടുള്ളവർക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നത്. ക്രിസ്തുവിന്റെ സാമ്രാജ്യത്തിൽ ഇങ്ങനെയുള്ളവരാണ് നിറയപ്പെടുന്നത്. “അതുകൊണ്ടു യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ എന്റെ ദാസന്മാർ ഭക്ഷിക്കും; നിങ്ങളോ വിശന്നിരിക്കും; എന്റെ ദാസന്മാർ പാനം ചെയ്യും; നിങ്ങളോ ദാഹിച്ചിരിക്കും; എന്റെ ദാസന്മാർ സന്തോഷിക്കും; നിങ്ങളോ ലജ്ജിച്ചിരിക്കും” (യെശയ്യാവ് 65:13).

## കരുണയുള്ളവർ ഭാഗ്യവാന്മാർ

അഞ്ചാമത്തെ അനുഗ്രഹം കരുണയുള്ളവർക്കു കരുണ ലഭിക്കുമെന്നുള്ളതത്രേ. അവർക്ക് മനുഷ്യരിൽ നിന്നും ദൈവത്തിൽ നിന്നും കരുണ ലഭിക്കും. അവർ ധനികന്മാരോ, ഭരണാധികാരികളോ, അധികാരസ്ഥാനത്തുള്ളവരോ? മറ്റുള്ളവരെ പഠിപ്പിക്കുന്നവരും മനുഷ്യർ ഭയപ്പെടുന്നവരുമോ ആരാണവർ? മതപരമായ കാര്യങ്ങളിൽ താത്പര്യം കാണിക്കുന്നവർക്കു ദൈവത്തിൽ നിന്നും ആനുകൂല്യം പ്രതീക്ഷിക്കാമോ? ക്രിസ്തു പറയുന്നു, മറ്റു

ള്ളവരെപ്പറ്റി കരുതലുള്ളവർക്കാണ് കരുണ ലഭിക്കുന്നത്, അഹംഭാവികളായി മറ്റുള്ളവരുടെ മേൽ പ്രഭുത്വമാളുന്ന വർക്കല്ല എന്ന്. അവർ മറ്റുള്ളവർക്കു കീഴ്പെടുന്നു. മറ്റു ള്ളവർ തങ്ങൾക്കു കീഴ്പ്പെടണമെന്നു പ്രതീക്ഷിക്കുന്നില്ല. ക്രിസ്തുവിന്റെ രാജ്യം ശക്തിമാന്മാർക്കല്ല, കരുണയുള്ള വർക്കാണ്. "ദയാലു ആയവൻ സ്വന്ത പ്രാണനു നന്മ ചെയ്യു ന്നു. ക്രൂരനോ സ്വന്ത ജഡത്തെ ഉപദ്രവിക്കുന്നു" എന്നു ശലോമോൻ പറയുന്നു (സദൃശ്യവാക്യങ്ങൾ 11:17). അവന്റെ പിതാവായ ദാവീദും, "ദയാലുവോടു നീ ദയാലു ആകു ന്നു. നിഷ്ക്കളങ്കനോടു നീ നിഷ്ക്കളങ്കൻ. നിർമ്മലനോടു നീ നിർമ്മലനാകുന്നു" (സങ്കീർത്തനം 18:25) എന്നുപറ ഞ്ഞിരിക്കുന്നു.

## ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ

ആറാമത്തെ അനുഗ്രഹം മനസ്സിലാക്കാൻ പ്രയാ സമാണ്. യേശു പറഞ്ഞു, "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യ വാന്മാർ, അവർ ദൈവത്തെ കാണും". ദൈവത്തെ കാണു ന്നതസാദ്ധ്യമല്ലേ, ഈ ലോകത്തിൽ? അവൻ എല്ലാം കാണുന്നവനാണെങ്കിലും, അവനെ ആരും കാണുന്നില്ല ല്ലോ. ക്രിസ്തു ഒരിക്കൽ പറഞ്ഞിട്ടുണ്ട്. "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല" എന്ന് (യോഹന്നാൻ 1:18). സ്വന്ത കണ്ണുകൊണ്ടു ദൈവത്തെ കാണുന്നതിനെക്കാൾ മാന്യ മായ ആഗ്രഹം മനുഷ്യനില്ല. യേശുവിന്റെ കേൾവിക്കാർ ചിന്തിച്ചത് ഈ ലോകത്തിലെ സമ്പൽ സമൃദ്ധിയുള്ള വർക്കു മാത്രമേ ദൈവത്തെ കാണാൻ കഴിയൂ എന്നാണ്. പ്രത്യേകിച്ചും ദൈവശാസ്ത്രത്തിൽ വളരെ ആഴമായ ഉൾക്കാഴ്ച ഉള്ളവർക്ക്. എന്നാൽ ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും എന്നു യേശു പറഞ്ഞു. പ്രവാചക നായ ദാവീദ് പറഞ്ഞു, "യഹോവയുടെ പർവ്വതത്തിൽ

ആർ കയറും, അവന്റെ വിശുദ്ധ സ്ഥലത്തു ആർ നില്ക്കും? വെടിപ്പുള്ള കൈയും നിർമ്മല ഹൃദയവും ഉള്ളവൻ. വ്യാജത്തിനു മനസ്സുവെക്കാതെയും കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവൻ" (സങ്കീർത്തനം 24:34).

## സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ

ഏഴാമത്തെ അനുഗ്രഹം ദൈവമക്കൾ എന്ന പദവിയാണ്. എന്നാൽ ദൈവത്തിന്റെ മക്കളെന്ന് അവകാശപ്പെടുന്നവരെല്ലാവരും അങ്ങനെയല്ല. ക്രിസ്തുവിന്റെ ശ്രോതാക്കൾ തങ്ങൾ ദൈവമക്കളാണെന്നു വിചാരിച്ചിരുന്നുവെന്നതിനു സംശയമില്ല. എന്തെന്നാൽ അവർ അബ്രഹാമിന്റെ സന്തതികളായിരുന്നു, തെരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു, അവരായിരുന്നു പരിച്ഛേദനയിലൂടെ ദൈവവുമായി ഉടമ്പടി ചെയ്തവർ. റോമാക്കാരെ എതിർക്കുവാൻ ആഗ്രഹിച്ചിരുന്ന യിസ്രായേൽ പൗരന്മാർ അവരായിരുന്നു, അവരുടെ വിശുദ്ധനാടിനെ സ്വതന്ത്രമാക്കി ദൈവത്തെ അവരുടെ യഥാർത്ഥ രാജാവായി വാഴിക്കുവാൻ ആഗ്രഹിച്ചവർ, അന്യജാതിക്കാരുമായി യുദ്ധം ചെയ്ത് അവരുടെ മതത്തെ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിച്ച് അവരെ തങ്ങളുടെ ദാസന്മാരാകുവാൻ വെമ്പൽ കൊണ്ടവർ. മത്സരികളല്ല, സമാധാനമുണ്ടാക്കുന്നവരാണ് ദൈവമക്കൾ എന്നു യേശു പറഞ്ഞു. യേശുവിന്റെ സാമ്രാജ്യമൂലക്കല്ല് സമാധാനമായിരുന്നു. ദൈവമക്കൾ ദൈവത്തെ അനുസരിച്ചും മനുഷ്യനെ സ്നേഹിച്ചും ദൈവവുമായി നിരപ്പു പ്രാപിച്ചവരാണ്. സുവിശേഷം പഠിപ്പിക്കുന്നത് എല്ലാ മനുഷ്യരേയും യോജിപ്പിക്കുന്നതിനും സമാധാനമുണ്ടാകേണ്ടതിനുമാണ് യേശു വന്നത് എന്നാണ് (എഫേസ്യർ 2:15). "എന്നാൽ സമാധാനമുണ്ടാക്കുന്നവർ സമാധാനത്തിൽ വിതച്ചു നീതി എന്ന ഫലം കൊയ്യും" (യാക്കോബ് 3:18).

## നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ

അവസാനത്തെ അനുഗ്രഹം നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർക്കുള്ളതാണ്. സ്വർഗ്ഗരാജ്യം അവരുടേതാണ്. അവരാണ് യഥാർത്ഥത്തിൽ എന്നേക്കും നിലനിൽക്കുന്ന സന്തോഷം അനുഭവിക്കുന്നത്. സ്വർഗ്ഗരാജ്യം പുറമേ ഭക്തിയുള്ളവരായി നടക്കുന്നവർക്കാണെന്നാണ് ക്രിസ്തുവിന്റെ ശ്രോതാക്കൾ വിചാരിച്ചത് അതായത് കൂടെക്കൂടെ ഉപവസിക്കുന്നവർ, പ്രാർത്ഥിക്കുന്നവർ, ദാനധർമ്മം ചെയ്യുന്നവർ. യെഹൂദന്മാർ വിചാരിച്ചു അവരാണ് ഭാഗ്യവാന്മാരെന്ന്. എന്തെന്നാൽ അവരുടെ മശീഹ വന്നു നക്ഷത്രങ്ങളെപ്പോലെ ശോഭിച്ചിരുന്നവരുടെ മഹത്വം ചന്ദ്രപ്രഭപോലെ ആക്കുമെന്ന് അവർ ആശിച്ചിരുന്നു, നേരെമറിച്ചും. അവരുടെ രാജ്യം സ്ഥാപിക്കപ്പെടുമെന്നു വിശ്വസിച്ചിരുന്നു, യിസ്രായേലിന്റെ മഹത്വം ഇരട്ടിക്കുമെന്നും. അവരാണ് ആ രാജ്യം കൈവശമാക്കാൻ പോകുന്നതെന്നും അതിനാൽ ധന്യരാകുന്നതെന്നും അവർ വിചാരിച്ചിരുന്നു. എന്നാൽ നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവരുടെതാണ് സ്വർഗ്ഗരാജ്യം എന്ന് യേശു വരച്ചു കാട്ടി – ആത്മാവിൽ ദരിദ്രരായവരുടെ, ദുഃഖിക്കുന്നവരുടെ, സൗമ്യതയുള്ളവരുടെ, നീതിയ്ക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരുടെ, കരുണയുള്ളവരുടെ, ഹൃദയ ശുദ്ധിയുള്ളവരുടെ, സമാധാനം ഉണ്ടാക്കുന്നവരുടെ. ഈ ലോകം ഇങ്ങനെയുള്ളവരെ അവഗണിച്ചാലും ദൈവം അവർക്കു സ്വർഗ്ഗരാജ്യം അനുവദിച്ചു കൊടുക്കും.

## അനുഗ്രഹകലവറയുടെ സമാഹാരം

ഈ എട്ടനുഗ്രഹങ്ങൾ (സാധാരണ അനുഗ്രഹങ്ങളുടെ കലവറ എന്നു പറയപ്പെടുന്നു) ബാഹ്യമായ മതാ

ചാരങ്ങളുമായി ബന്ധമില്ലാത്തവയാണ്. വാസ്തവത്തിൽ യേശു പറഞ്ഞത് ഈ ലോകത്തിലെ ദരിദ്രർ ദൈവരാജ്യത്തിലെ ധനവാന്മാരായിരിക്കുമെന്നാണ്, ദുഃഖിക്കുന്നവർ ആശ്വസിക്കപ്പെടും, ഇപ്പോൾ കരയുന്നവർ ചിരിക്കും; കീഴ്പ്പെടുന്നവർ ഭൂമിയെ ഭരിക്കും, നീതിക്കു വിശന്നു ദാഹിക്കുന്നവർക്കു തൃപ്തിവരും എന്നാണ്. കൊടുക്കുന്നവനാണു ലഭിക്കുന്നത്, ശിശുവിനെപ്പോലെയുള്ളവനാണ് പരിജ്ഞാനി ആകുന്നത് (മത്തായി 11:25). സമാധാനം ഉണ്ടാക്കുന്നവരാണു വിജയിക്കുന്നതും രാജാവിന്റെ പുത്രന്മാർ ആകുന്നതും; യോദ്ധാക്കളല്ല. ക്രിസ്തു നിമിത്തം ഭവനത്തിൽ നിന്നു നിഷ്ക്കാസനം ചെയ്യപ്പെട്ടവർക്കു സ്വർഗ്ഗരാജ്യത്തിൽ സ്ഥിര പൗരത്വമുണ്ട്.

വരാനുള്ള മസീഹായെ സംബന്ധിച്ചു യെഹൂദന്മാരുടെ മനസ്സിൽ നട്ടിരുന്ന ലൗകീക പ്രതീക്ഷകൾക്കു കോടാലി വെക്കുകയായിരുന്നു യേശു. ഈ അനുഗ്രഹത്തിന്റെ കലവറ മൂലം. സ്ഥിരമായ യഥാർത്ഥാനുഗ്രഹം പുറമേയുള്ള മതപരമായ ആചാരങ്ങളേയോ, ഭൗതീക വിജയത്തേയോ ആശ്രയിച്ചല്ല നിലകൊള്ളുന്നതെന്നും, ആത്മാവിന്റെ നിത്യ സൗഭാഗ്യത്തേയും ആന്തരിക സൗഖ്യത്തേയുമാണ് ആശ്രയിച്ചിരിക്കുന്നതെന്നും തെളിയുന്നു. യേശു നിക്കോദിമോസിനോട് സംസാരിച്ചതിൽ കേന്ദ്രീകരിച്ചിരുന്നത് തന്റെ രാജ്യത്തിന്റെ ആത്മീക സ്വഭാവത്തെയായിരുന്നു. അവൻ ശമര്യാസ്ത്രീയോട്: ദൈവം ആത്മാവാകുന്നു എന്നും തന്റെ രാജ്യം ആത്മീകമായതാണെന്നുമത്രേ പറഞ്ഞത്. ഗിരിപ്രഭാഷണത്തിൽ ഈ ആശയം തന്നെയാണ് ഉന്തിനില്ക്കുന്നത്. നമുക്ക് ഈ വിധത്തിലുള്ള പഠനമാണിന്നാവശ്യം. വളരെ സ്വാധീനതയുള്ള സഭാ വിഭാഗങ്ങളിൽ ആത്മിക മാനദണ്ഡത്തെ ഭൗതീക മാനദണ്ഡം ആദേശം ചെയ്തതായും, പുരോഹിതന്മാരും ഉപദേഷ്ടാക്കളും ഭൗതീക ഉന്നതിയിൽ മാത്രം തല്പരരായി ഇരി

ക്കുന്നതായും കാണുമ്പോൾ ഇതു എന്തു മാത്രം അകലെ ആണെന്നു നമുക്കു മനസ്സിലാക്കാവുന്നതാണ്.

ഈ അനുഗ്രഹകലവറ തന്റെ അപ്പൊസ്തലന്മാർ ആകുവാൻ പോകുന്നവരെ ഉന്നം വെച്ചുകൊണ്ടുള്ള ഉപദേശങ്ങളുടെ തുടക്കമായിരുന്നു. അവൻ അവരോട് പറഞ്ഞത് : "ഈ അടിസ്ഥാന ഗുണങ്ങൾ നിങ്ങൾ നേടി എടുത്ത് കഴിയുമ്പോൾ നിങ്ങളുടെ സ്വന്തക്കാർ നിങ്ങളെ വെറുക്കും. ആ വിധത്തിൽ നിങ്ങളോടു പെരുമാറുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാണ്. നിങ്ങൾക്ക് ഈ സന്തുഷ്ടി നിറഞ്ഞ അനുഭവങ്ങൾ, മനുഷ്യപുത്രൻ മൂലം ഉണ്ടാകുമ്പോൾ ദുഃഖിക്കുകയോ പിറുപിറുക്കുകയോ ചെയ്യരുത്, നേരെ മറിച്ച് സ്വർഗ്ഗത്തിൽ നിങ്ങളുടെ നിക്ഷേപം വലുതാകയാൽ സന്തോഷിച്ചുല്ലസിപ്പിൻ. ഈ വിധത്തിൽ നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെപ്പോലെ നിങ്ങളും ആകും. അവരെല്ലാവരും ദൈവത്തിന്റെ സന്ദേശവാഹകർ എന്ന നിലയിൽ ഉപദ്രവിക്കപ്പെട്ടതിൽ അഭിമാനം കൊണ്ടവരായിരുന്നു."

## നിങ്ങൾ ഉപ്പും വെളിച്ചവുമാകുന്നു

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പു കാരമില്ലാതെ പോയാൽ അതിനു എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാനല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കുകത്തിച്ചു പറയിൻ കീഴല്ല, തണ്ടിൻമേലത്രേ വെക്കുന്നത്. അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ

വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:13-16).

തങ്ങൾ ലോകത്തിന്റെ ഉപ്പും വെളിച്ചവുമാണെന്ന് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ലോകം അവരെ തിരസ്കരിച്ചാലും അവർ അവരുടെ കാരവും ശക്തിയും നഷ്ടമാക്കരുത്. ഭക്ഷണസാധനങ്ങളിലെ ഉപ്പു കാണാൻ സാധിക്കുന്നില്ലെങ്കിലും അതിന്റെ രുചിയെ മാറ്റുന്നതിനാൽ വലിയ ശക്തിയുണ്ട്. അതുപോലെ ക്രിസ്ത്യാനികൾ മിക്ക വാറും ശ്രദ്ധിക്കപ്പെടാത്തവരും കാണപ്പെടാത്തവരും ആണെങ്കിലും അവർ ചുറ്റുമുള്ളവർക്ക്, പൊതുവേ ലോക ത്തിന് ക്രിയാത്മകമായ പ്രേരക ശക്തിയാണ്. പ്രകാശം ചെറിയ ഒരു തീനാളത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നുവെ ങ്കിലും ചുറ്റുപാടുമുള്ളതെല്ലാം പ്രകാശിപ്പിക്കുകയും മറ്റു ള്ളവരെ കാണാൻ ഇടയാക്കുകയും ചെയ്യുന്നു. ക്രിസ്ത്യാ നികളും അങ്ങനെ തന്നെ. മനുഷ്യർ അവരുടെ നല്ല പ്രവൃ ത്തികളെ കണ്ട്, അവരെയല്ല, സ്വർഗ്ഗസ്ഥ പിതാവിനെ മഹ ത്വപ്പെടുന്നു. വിളക്കു കത്തിക്കുന്നതു അതിനെ നോക്കു വാനല്ല. ഉപ്പിന് അതിന്റെ പ്രവർത്തനം കൂടാതെ യാതൊരു വിലയുമില്ല. വെളിച്ചം കൊടുക്കുന്നില്ലെങ്കിൽ വിളക്കിനും ഒരു വിലയുമില്ല. യേശുവിന്റെ അപ്പൊസ്തലന്മാരെ സംബ ന്ധിച്ചും ഇത് ശരിയായിരുന്നു. അവരുടെ വില അവരുടെ ഉപദേശത്തിലും മറ്റുള്ളവരെ പ്രകാശിപ്പിക്കുന്നതിലുമായി രുന്നു. ക്രിസ്തു അവരെ ഈ ഉദ്ദേശ്യത്തോടു കൂടിയാണ് തെരഞ്ഞെടുത്തത് - ഉപ്പും വെളിച്ചവും ആയിരിക്കുന്ന തിന് - യിസ്രായേൽ ജനങ്ങളുടെ മദ്ധ്യത്തിൽ മാത്രമല്ല, ഭൂമിയിലുള്ള സകല മനുഷ്യരുടേയും ഇടയിൽ. നിന്റെ വ്യക്തിപരമായ നടപ്പിൽ, നിന്റെ ജീവിതത്തിന്റെ ഉപ്പും വെളിച്ചവുമായ സ്വാധീനത നിങ്ങളുടെ വാക്കുകൾക്കുപ രിയായി മറ്റുള്ളവർ കാണേണ്ടതാണ്. വാക്കുകൾക്കു നേടാൻ സാധിക്കാത്ത കാര്യങ്ങൾ മാതൃകാ ജീവിതത്തി ലൂടെ നേടാം.

## ന്യായപ്രമാണത്തെ നീക്കുവാനല്ല, നിവർത്തിക്കാനാണ്

*"ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല, നിവർത്തിപ്പാനത്രേ ഞാൻ വന്നതു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും, അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും. നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു."* *(മത്തായി 5:17-20)*

ഈ വാക്കുകളാൽ യേശു വെളിപ്പെടുത്തിയത് തന്റെ പുതിയ ഉപദേശം ദൈവശ്വാസീയമായ 'തോറ'യെ (ന്യായപ്രമാണത്തെ) ദുർബ്ബലമാക്കുന്നില്ല എന്നാണ്. ആകാശവും ഭൂമിയും ഒഴിഞ്ഞു പോകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒഴിഞ്ഞുപോകയില്ല. മോശൈകന്യായപ്രമാണത്തെ നിവൃത്തിയാക്കാനാണ് യേശു വന്നത്. അതുപോലെ പ്രവാചകന്മാരുടെ ഉപദേശങ്ങളേയും, മാറ്റുന്നതിനല്ല. താല്ക്കാലികമായതിനെ നിത്യമായവ കൊണ്ട് ആദേശം ചെയ്യുകയായിരുന്നു അവൻ ചെയ്തത്. ന്യായപ്രമാണവും പ്രവാചകന്മാരുടെ ഉപദേശങ്ങളും നിവർത്തിച്ചതിനു

ശേഷം, പിശാചിന്റെ പണികളെ അഴിപ്പാനാണ് അവൻ വന്നത്. ന്യായപ്രമാണത്തേയോ പ്രവാചകന്മാരേയോ ഒരിക്കലും അടിച്ചമർത്താനല്ല. ന്യായപ്രമാണം മാറ്റപ്പെടുകയില്ല, ഒരു ഫലത്തിലുള്ള വിത്തുകൾ മാറ്റാൻ കഴിയാത്തതു പോലെ. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും കൈകളിൽ ന്യായപ്രമാണം നന്മയെന്ന ഫലം പുറപ്പെടുവിച്ചില്ല. "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ല എങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല" എന്ന് യേശു പറഞ്ഞു. ന്യായപ്രമാണത്തിന്റെ ആവശ്യകതയിൽ നിന്നും ജനങ്ങളെ വിമോചിതരാക്കുന്നതിനല്ല, അതിനു മുമ്പ് ഒരിക്കലും ചിന്തിക്കാത്ത വിധത്തിൽ അതിന്റെ മഹത്വത്തെ കാണിക്കുന്നതിനായിരുന്നു അവൻ വന്നത്.

## നിരപ്പിന്റെ നിയമം

***"കൊല ചെയ്യരുതു എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നും പൂർവ്വന്മാരോടു അരുളി ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: സഹോദരനോടു കോപിക്കുന്നവനെല്ലാം ന്യായവിധിക്കു യോഗ്യനാകും; സഹോദരനോടു നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും. മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന്നു യോഗ്യനാകും. ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന്നു നിന്റെ നേരെ വല്ലതുമുണ്ടെന്നു അവിടെ വെച്ച് ഓർമ്മവന്നാൽ നിന്റെ വഴിപാടു, അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു ഒന്നാമതു ചെന്നു സഹോദരനോടു നിരന്നു കൊൾക; പിന്നെ വന്നു നിന്റെ വഴിപാട് കഴിക്ക. നിന്റെ പ്രതിയോഗിയോടു കൂടെ വഴിയിൽ***

***ഉള്ളപ്പോൾ തന്നെ വേഗത്തിൽ അവനോടു ഇണങ്ങിക്കൊൾക; അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപന്നും, ന്യായാധിപൻ ചേവകന്നും ഏല്പിച്ചിട്ടു നീ തടവിൽ ആയിപ്പോകും. ഒടുവിലത്തെ കാശുപോലും കൊടുത്തു തീരുവോളം നീ അവിടെ നിന്നു പുറത്തുവരികയില്ല എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു" (മത്തായി 5:21–26).***

"യേശു പറഞ്ഞു, കൊല ചെയ്യരുത്" എന്നു വിലക്കുന്ന കല്പന കോപം, കുറ്റം പറച്ചിൽ, വിദ്വേഷം എന്നിവയേയും വിലക്കുന്നു. നിന്റെ പ്രാർത്ഥനകളും നേർച്ചകളും നീ കൊല ചെയ്യാതിരിക്കുമ്പോൾ മാത്രമല്ല, മറ്റുള്ളവരെ വെറുക്കുന്ന കാര്യം ഉപേക്ഷിക്കുമ്പോഴും സ്വീകരിക്കപ്പെടുന്നു. അക്ഷരത്തിന്റെ പഴക്കത്തെക്കാൾ ഇതാണ് ന്യായപ്രമാണത്തിന്റെ ആത്മാവ്.

അവരുടെ പെസഹായാഗം, യാഗപീഠത്തിന്മേൽ വെച്ചിട്ടു അവരുടെ വീടുകളിൽ ചെന്നു പുളിച്ച മാവ് നിർമ്മാർജ്ജനം ചെയ്യാൻ യെഹൂദന്മാരും പഠിപ്പിച്ചിരുന്നു. ഇപ്പോൾ യേശു അവരോടു പറയുകയാണ് അവരുടെ പ്രാർത്ഥന ദൈവമുമ്പാകെ അർപ്പിക്കുന്നതിനു മുമ്പ് ഭവനത്തിലേക്കു മടങ്ങിപ്പോയി സഹോദരനുമായി നിരപ്പു പ്രാപിക്ക എന്ന്.

## ശുദ്ധിയുടെ ന്യായപ്രമാണം

***"വ്യഭിചാരം ചെയ്യരുതെന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവനെല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി. എന്നാൽ വലങ്കണ്ണു നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂന്നെടുത്തു എറിഞ്ഞു***

***കളക. നിന്റെ ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ. വലങ്കൈ നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക. നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്നും നശിക്കുന്നതു നിനക്കു പ്രയോജനമത്രേ" (മത്തായി 15:27–30).***

എത്ര ആളുകളാണ് അവരുടെ പാപപ്രവൃത്തികളെ ഏറ്റുപറയുന്നുവെങ്കിലും അവരുടെ വിചാരങ്ങളെ ഒട്ടും ശ്രദ്ധിക്കാതിരിക്കുന്നത്. ദുർമ്മോഹത്തോടുകൂടി മറ്റൊരാളെ നോക്കുന്നത് വ്യഭിചാരക്കുറ്റത്തിന് തുല്യമാണെന്ന് അവർ മറക്കുന്നു, എന്തെന്നാൽ അതാണ് പ്രവൃത്തിയുടെ വേരും കാരണവും. പാപം വളരുന്നതിനവസരം കൊടുക്കാതെ അതിനെ മുളയിലെ നുള്ളിക്കളയുന്നതാണ് ഉത്തമം. ശരീരത്തിന്റെ ഒരു പ്രധാന അവയവം ആണെങ്കിലും ഒരുവന് ആ വിലയേറിയ അവയവം നഷ്ടപ്പെടുന്നതാണു നിത്യജീവൻ നഷ്ടപ്പെടുന്നതിനേക്കാൾ നല്ലത്. ദൈവത്തിന്റെ ന്യായവിധി വിളിച്ചു വരുത്തുകയെന്നതിന് മരണവും അതിന്റെ ശേഷമുള്ള നരകവും അനുഭവിക്കുക എന്നർത്ഥം. നേരെ മറിച്ച് അവനെ അനുസരിക്കുന്നതിനാൽ നിത്യജീവനും ആനന്ദവും ലഭിക്കുന്നു.

## വിവാഹ മോചനത്തിന്റെ നിയമം

***"ആരെങ്കിലും ഭാര്യയെ ഉപേക്ഷിച്ചാൽ അവൾക്കു ഉപേക്ഷണപത്രം കൊടുക്കട്ടെ എന്നു അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെ കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു. ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു" (മത്തായി 5:31–32).***

യെഹൂദന്മാർക്ക് അവരുടെ ഹൃദയകാഠിന്യം മൂലം വിവാഹമോചനം മോശെ അനുവദിച്ചിരുന്നു. ദൈവം ഒരിക്കലും അത് ആഗ്രഹിച്ചില്ല. എന്തെന്നാൽ വിവാഹമോചനം അവൻ വെറുക്കുന്നു. ക്രിസ്ത്യാനികളുടെ ഇടയിലും വിവാഹമോചനം പ്രാവർത്തികമാക്കാൻ ക്രിസ്തു ആഗ്രഹിക്കുന്നില്ല. യെഹൂദന് നിസ്സാര കാരണത്താൽ ഒരു വാക്കുകൊണ്ടു ഭാര്യയെ ഉപേക്ഷിക്കാമായിരുന്നു. പുരുഷനു തന്റെ ഭാര്യയ്ക്കു താനുമായിട്ടുള്ള ബന്ധം വിച്ഛേദിച്ചിരിക്കുന്നതായി പുരുഷനു സർട്ടിഫിക്കറ്റ് കൊടുക്കണമെന്നു മോശെ വിവാഹമോചനം കുറെക്കൂടി കർക്കശമാക്കി. എന്നാൽ ക്രിസ്തീയ തലത്തിൽ വിവാഹത്തിന്റെ വിശുദ്ധിയും സ്ഥാനവും മനസ്സിലാക്കി അതിനെ ബഹുമാനിക്കണം. അങ്ങനെ വ്യഭിചാര കുറ്റം കൊണ്ടല്ലാതെ മറ്റേതു കാരണത്താൽ ഭാര്യയെ ഉപേക്ഷിച്ചാലും അവൾ അവനുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള ഒരുവളെ ഒരാൾ വിവാഹം കഴിച്ചാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ വ്യഭിചാരം ചെയ്യുകയാണ്, എന്തെന്നാൽ അവൾ ഇപ്പോഴും അന്യപുരുഷനുമായി ബന്ധപ്പെട്ടിരിക്കയാണ്.

## സത്യത്തിന്റെ നിയമം

***“കള്ളസ്സത്യം ചെയ്യരുതു എന്നും സത്യം ചെയ്തതു കർത്താവിന്നു നിവർത്തിക്കണമെന്നും പൂർവ്വന്മാരോടു അരുളിചെയ്തതു. നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: അശേഷം സത്യം ചെയ്യരുതു; സ്വർഗ്ഗത്തെക്കൊണ്ടരുത്: അത് ദൈവത്തിന്റെ സിംഹാസനം; ഭൂമിയെക്കൊണ്ട് അരുതു; അതു അവന്റെ പാദപീഠം; യെരുശലേമിനെക്കൊണ്ട് അരുതു അതു മഹാരാജാവിന്റെ നഗരം. നിന്റെ തല***

*യെക്കൊണ്ടും സത്യം ചെയ്യരുതു. ഒരു രോമവും വെളു പ്പിപ്പാനോ കറുപ്പിപ്പാനോ നിനക്കു കഴികയില്ലല്ലോ. നിങ്ങളുടെ വാക്കു ഉവ്വു ഉവ്വു എന്നും ഇല്ല ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായതു ദുഷ്ടനിൽ നിന്നു വരുന്നുന്നു." (മത്തായി 5:33-37)*

അവർ ചെയ്യാമെന്നാണയിട്ടത് നിവർത്തിക്കുവാൻ യെഹൂദന്മാർക്കു കല്പന ഉണ്ടായിരുന്നു. എന്നാൽ യേശു നമ്മോട് പറയുന്നത് സത്യമായാലും അസത്യമായാലും ആണ ഇടരുതെന്നാണ്. ഒരുവൻ തന്നെ വിശ്വസിക്കുമെന്ന് ഉറപ്പില്ലാത്തതുകൊണ്ടാണ് ആണയിടുന്നത്. അതിന്റെ അർത്ഥം അവന്റെ സംസാരം സത്യവും അസത്യവും കൂടി കലർന്നതാണ് എന്നതാണ്. ക്രിസ്ത്യാനികൾ മറുപടി പറ യുമ്പോൾ 'ഉവ്വു' അല്ലെങ്കിൽ 'ഇല്ല' എന്നുമാത്രം പറയ ണം. അതിൽ കൂടുതൽ വരുന്നത് പിശാചിൽ നിന്നാണ്.

## അവകാശത്തിന്റെ നിയമം

*"കണ്ണിന്നു പകരം കണ്ണും പല്ലിന്നു പകരം പല്ലും എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: ദുഷ്ടനോടു എതിർക്കരുതു, നിന്നെ വലത്തെ ചെകിട്ടത്തു അടിക്കു ന്നവനു മറ്റേതും തിരിച്ചു കാണിക്ക. നിന്നോടു വ്യവ ഹരിച്ച നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്ക. ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ടു അവനോടു കൂടെ പോക. നിന്നോടു യാചിക്കുന്നവന്നു കൊടുക്ക. വായ്പവാങ്ങുവാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞു കളയ രുതു" (മത്തായി 5:38-42).*

നീതിയുടെ കാര്യത്തിൽ മോശൈകന്യായപ്ര മാണം പറയുന്നു, "കണ്ണിന്നുപകരം കണ്ണ്, പല്ലിന്നുപകരം

പല്ല് എന്ന് (പുറപ്പാട് 21:24). യേശു ഒരു പുതിയ ഉപദേശ വുമായി വന്നു. മനുഷ്യരുടെ ഹൃദയത്തിൽ നിന്നു പ്രതി കാരത്തിന്റെ ആത്മാവിനെ ദുരീകരിക്കുവാൻ അവൻ ആഗ്ര ഹിച്ചു. വ്യക്തിപരമായി പകരം വീട്ടുന്നതിന് ഒരു രാജ്യത്തെ നിയമവും അനുവാദം തരുന്നില്ല. ന്യായാധി പതികളാണ് ശിക്ഷ നിശ്ചയിക്കുന്നത് (റോമർ 13). ഇത് സുവിശേഷത്തിന്റെ പഠിപ്പിക്കലുമായി ശരിക്കു യോജി ക്കുന്നു. "പ്രിയമുള്ളവരെ, നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന് ഇടം കൊടുപ്പിൻ. പ്രതി കാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യുമെന്നു കർത്താവും അരുളിച്ചെയ്യുന്നു (റോമർ 12:19). നമ്മുടെ വ്യക്തിപരമായ അവകാശങ്ങളെ പൂർണ്ണമായി ഉപേക്ഷി പ്പാൻ ക്രിസ്തു ആവശ്യപ്പെടുന്നു, കാരണം വഴക്കിടുന്ന തിനേക്കാൾ നല്ലത് അതാണ്.

## സ്നേഹത്തിന്റെ നിയമം

"കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ട ല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രു ക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാ വിന്നു പുത്രന്മാരായി തീരേണ്ടതിന്നു തന്നെ, അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ നീതി കെട്ടവരുടെ മേലും മലപെയ്യിക്കയും ചെയ്യുന്നുവല്ലോ. നിങ്ങളെ സ്നേഹിക്കു ന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം? ചുങ്കക്കാരും അങ്ങനെ തന്നെ ചെയ്യുന്നില്ലയോ? സഹോ ദരന്മാരെ മാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേ ഷത ചെയ്യുന്നു? ജാതികളും അങ്ങനെ തന്നെ ചെയ്യുന്നി ല്ലയോ? ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവു

സൽഗുണ പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ” (മത്തായി 5:43-48).

ചിലർ വിചാരിക്കുന്നത് തങ്ങളെ വെറുക്കുന്നവരെ വെറുക്കുന്നതിൽ, - ശത്രുക്കളോടു ശത്രുത പുലർത്തുന്നതിൽ തെറ്റില്ലെന്നാണ്. എന്നാൽ ന്യായപ്രമാണം കൊടുത്തവന്റെ ആത്മാവാണ് ന്യായപ്രമാണത്തിന്റേയും ആത്മാവ് - അവൻ നല്ലവരുടെ മേലും ദുഷ്ടന്മാരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുന്നു. അവൻ തന്റെ മക്കൾക്കും ശത്രുക്കൾക്കും ഒരുപോലെ മഴ കൊടുക്കുന്നു. നാം നമ്മുടെ ശത്രുക്കളെ വെറുത്തു നമുക്കു നന്മ ചെയ്യുന്നവർക്കു മാത്രം നന്മ ചെയ്താൽ ജാതികളെപ്പോലെ തന്നെയാണ്. നാം തിന്മക്കു പകരം തിന്മ ചെയ്യരുത്. തിന്മയെ നന്മയാൽ നാം ജയിക്കുമ്പോൾ ശത്രുത്വത്തെ കൊല്ലുകയും വെറുപ്പിന്റെ അഗ്നി കെടുത്തുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രമാണത്തെ അംഗീകരിക്കുമ്പോൾ നാം വാസ്തവത്തിൽ അവന്റെ മക്കളായിത്തീരുന്നു. അവയെ ബാഹ്യമായി അനുസരിക്കുന്നതിനു മുമ്പായി ദൈവത്തിന്റെ കല്പനകളെ ഹൃദയംഗമായി അനുസരിക്കുവാൻ നമ്മൾ പഠിക്കേണ്ടതുണ്ട്.

## ധർമ്മം കൊടുക്കുന്നതും ഉപവസിക്കുന്നതും

***“മനുഷ്യർ കാണേണ്ടതിനു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല. ആകയാൽ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിപ്പാൻ പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതു പോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്***

*അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന്നു വലങ്കൈ ചെയ്യുന്നതു എന്തു എന്നു ഇടംകൈ അറിയരുതു. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും". (മത്തായി 6:1–4)*

*"ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത്. അവർ ഉപവസിക്കുന്നതു മനുഷ്യർക്കു വിളങ്ങേണ്ടതിനു മുഖം വിരൂപമാക്കുന്നു. അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന്നു വിളങ്ങേണ്ടതിനു തലയിൽ എണ്ണ തേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും" (മത്തായി 6:16–18).*

ക്രിസ്തുവിന്റെ രാജ്യത്തിന്റെ പുതിയ നിയമം – ദൈവനിശ്വാസ്യമായ പഴയ നിയമ ആശയങ്ങളെ നീക്കം ചെയ്യുന്നില്ല. നാം ആവശ്യക്കാരെ സഹായിക്കണം, ദൈവത്തോടു പ്രാർത്ഥിക്കണം, ഉപവസിക്കണം; ഇതെല്ലാം നമ്മെ ശിക്ഷണത്തിൽ നടത്തുന്നതിനാണ്. എന്നാൽ യേശു കല്പിച്ചു, നാം മനുഷ്യർ കാണേണ്ടതിന് ഈ വക ഒന്നും ചെയ്യരുതെന്ന്; മനുഷ്യരുടെ മുമ്പിൽ കാണിച്ചാൽ സ്വയം പുകഴ്ച്ചയ്ക്കും മറ്റുള്ളവർ പുകഴ്ത്തുന്നതിനും കാരണമാകും. അത് കപടഭക്തിയാണ്. നമുക്കു പ്രാർത്ഥന കഴിക്കാം, ഭിക്ഷ കൊടുക്കാം, ഉപവസിക്കാം – എല്ലാം രഹസ്യത്തിൽ മാത്രമാകണം – ദൈവം മാത്രം കാണുന്നതിന്, നമ്മുടെ അയൽക്കാർ കാണാതിരിക്കുന്നതിന് ആയിരിക്കണം – അങ്ങനെയെങ്കിൽ ദൈവം അത് അംഗീകരി

ക്കും. ക്രിസ്തു തന്റെ അനുയായികൾ യെഹൂദനേതാക്കളെപ്പോലെ കപടഭക്തിക്കാർ ആകുവാൻ ആഗ്രഹിക്കുന്നില്ല, എന്തെന്നാൽ അവർ അങ്ങനെയായിരുന്നു ചെയ്തിരുന്നത്. നാം അവരെപ്പോലെ ഒരിക്കലും ആകരുത്. അവരുടെ ആചാരാനുഷ്ഠാനങ്ങൾ ദൈവത്തിന്നു വിരോധമാണ്.

## പ്രാർത്ഥന

*"നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്. അവർ മനുഷ്യർക്കു വിളങ്ങേണ്ടതിന്നു പള്ളികളിലും തെരുക്കോണുകളിലും നിന്നു കൊണ്ടു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടുമെന്നല്ലോ അവർക്കു തോന്നുന്നത്. അവരോടു തുല്യരാകരുത്. നിങ്ങൾക്ക് ആവശ്യമുള്ളതു ഇന്നതെന്നു നിങ്ങൾ യാചിക്കും മുമ്പേ നിങ്ങളുടെ പിതാവു അറിയുന്നല്ലോ. നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ:*

*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,*
*നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;*
*നിന്റെ രാജ്യം വരേണമേ നിന്റെ ഇഷ്ടം*
*സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ;*
*ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ;*

*ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ*
*ക്ഷമിച്ചിരിക്കുന്നതുപോലെ*
*ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ;*
*ഞങ്ങളെ പരീക്ഷയിൽ കടത്താതെ*
*ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ.*
*രാജ്യവും ശക്തിയും മഹത്വവും*
*എന്നേക്കും നിനക്കുള്ളതല്ലോ.*
*ആമേൻ.*

*നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളേയും ക്ഷമിക്കയില്ല. (മത്തായി 6:5–15)*

മതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്നാണ് പ്രാർത്ഥന. ക്രിസ്തു തന്റെ ശിഷ്യന്മാർക്കു പ്രാർത്ഥനയുടെ ഏറ്റവും നല്ല ഒരു മാതൃക കാണിച്ചുകൊടുത്തു. അപ്രകാരം ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവർ അവരുടെയും ദൈവത്തിന്റെയും മദ്ധ്യേയുള്ളവനെ 'പിതാവേ' എന്നു സംബോധന ചെയ്യാനുള്ള പുത്രത്വത്തിന്റെ ആത്മാവിനെ പ്രകടമാക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റേയും തന്റെ മക്കളുടെയും മദ്ധ്യേ അന്യോന്യമുള്ള സ്നേഹത്തെ പ്രതിഫലിപ്പിച്ച്, അവർ അവനെ അനുസരിച്ച്, ആശ്രയിച്ച്, അവരുടെ ഭൗതീകവും ആത്മീകവുമായ ജീവിതത്തിന് ആവശ്യമുള്ളതെല്ലാം സ്വർഗ്ഗസ്ഥനായ പിതാവ് തരുമെന്നു വിശ്വസിച്ചുകൊണ്ടുള്ളതാണ് ആ പ്രാർത്ഥനയെന്ന് ശരിക്കു വ്യക്തമാകുന്നു. ദൈവമക്കൾ എന്ന നിലയിലുള്ള സ്നേഹബന്ധം അവർ അനുഭവിക്കുന്നു. അതു തങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങൾ മറ്റുള്ളവരു

മായി പങ്കുവെക്കാൻ അവരെ പ്രേരിപ്പിക്കുന്നു. ഒരു യഥാർത്ഥ ദൈവപൈതൽ മറ്റുള്ളവരോടു സാഹോദര്യവും സ്നേഹവും കാട്ടും. യഥാർത്ഥ ക്രിസ്ത്യാനി 'എന്റെ പിതാവേ' എന്നു സംബോധന ചെയ്യാതെ 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കും. അവൻ മറ്റുള്ളവരോടു ക്ഷമിച്ചതുപോലെ അവന്റെ പാപങ്ങളും ക്ഷമിക്കണമെന്ന് പ്രാർത്ഥിക്കുന്നു. ക്രിസ്തു വ്യക്തമായി ദൈവത്തിന്റെ പിതൃത്വവും മനുഷ്യരാശിയുടെ സാഹോദര്യവും പഠിപ്പിച്ചു. ഈ അടിസ്ഥാന സത്യം യെഹൂദനേതാക്കന്മാരുടെ പഠിപ്പിക്കലുകളിൽ വ്യക്തമല്ലായിരുന്നു.

കർത്താവു കാണിച്ച മാതൃക പ്രാർത്ഥനയിൽ പുത്രത്വത്തിന്റെ ആത്മാവിനേയും സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും ആത്മാവിനെ വ്യക്തമായി കാണാവുന്നതാണ്. ഭക്തിയുടെ ആത്മാവിനേയും ഇവിടെ കാണാം. എന്തുകൊണ്ടെന്നാൽ കർത്തൃദിവസം, ദൈവാലയം, ദൈവവചനം (ബൈബിൾ), ദൈവദാസന്മാർ, ദൈവസഭ എന്നിവയെല്ലാം വിശുദ്ധമായി കണക്കാക്കപ്പെടുന്നു. പരീക്ഷയിലേക്കു നമ്മളെ നടത്തരുതെന്ന് പ്രാർത്ഥിപ്പാൻ ക്രിസ്തു പഠിപ്പിച്ചു. ഈ അപേക്ഷ ലോകത്തിൽ പിശാചിന്റെ ശക്തിയേറിയ അധികാരത്തേയും മനുഷ്യന്റെ മേലുള്ള അവന്റെ നിയന്ത്രണത്തേയും സമ്മതിക്കുന്നു. ദൈവശക്തിയാലല്ലാതെ ഒരുത്തനും അവന്റെ പിടിയിൽ നിന്നു രക്ഷപ്പെടാൻ സാധിക്കയില്ല. ഈ പ്രാർത്ഥനയിൽ ദൈവം എല്ലാത്തിലും, എല്ലാവരിലും വലിയവനാക കൊണ്ടു അവന്റെ കാര്യം നമ്മുടെ താത്പര്യങ്ങൾക്കു മുമ്പേ എടുത്തിരിക്കുന്നതായി കാണാവുന്നതാണ്. രാജ്യവും ശക്തിയും മഹത്വവും അവനുള്ളതാകുന്നു. ശിശുവിനെപ്പോലുള്ള വിശ്വാസത്തിന്റെ ആത്മാവ് സാഹോദര്യവും സ്നേഹവും ആരാധനയും ലഘുവെങ്കിലും ഗൗരവതരമായ ഈ പ്രാർത്ഥനയിൽ ദർശിക്കാ

വുന്നതാണ്. യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചപ്പോൾ മദ്ധ്യസ്ഥനെന്നുള്ള തന്റെ ശുശ്രൂഷ തുടങ്ങിയിട്ടില്ലായിരുന്നു. അതിനാൽ തന്റെ പേരിൽ അഭ്യർത്ഥിക്കുന്നതു പറഞ്ഞിട്ടില്ലായിരുന്നു; അവൻ സ്വർഗ്ഗാരോഹണം ചെയ്തതിനുശേഷം ഇപ്പോൾ യേശുക്രിസ്തുവിന്റെ നാമത്തിൽ വേണം പ്രാർത്ഥന കഴിക്കുവാൻ. പരിശുദ്ധാത്മാവിന്റെ കാര്യം ഈ പ്രാർത്ഥനയിൽ ക്രിസ്തു എടുത്തു പറഞ്ഞിട്ടില്ല, എന്തെന്നാൽ പരിശുദ്ധാത്മാവ് വന്ന് വിശ്വാസികളുടെ ഹൃദയങ്ങളിൽ വസിക്കുന്ന കാര്യം അപ്പൊസ്തലന്മാർക്ക് അപ്പോൾ മനസ്സിലായിരുന്നില്ല.

## വിശ്വാസിയും ദ്രവ്യാഗ്രഹവും

"പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിന്റെ നിക്ഷേപമുള്ളിടത്തു നിന്റെ ഹൃദയവും ഇരിക്കും. ശരീരത്തിന്റെ വിളക്കു കണ്ണാകുന്നു, കണ്ണു ചൊവ്വുള്ളതെങ്കിൽ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണു കേടുള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും; എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ടു എത്ര വലിയതു! രണ്ടു യജമാന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തേയും മാമോനേയും സേവിപ്പാൻ കഴികയില്ല. ***അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നതു: എന്തു തിന്നും എന്തു കുടിക്കുന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും എന്തു***

*ഉടുക്കുമെന്നു ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്. ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ? ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതക്കുന്നില്ല; കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ പുലർത്തുന്നു, അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ? വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും? ഉടുപ്പിനെക്കുറിച്ചു വിചാരപ്പെടുന്നതും എന്തു? വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നതുമില്ല. എന്നാൽ ശലോമോൻപോലും തന്റെ സർവ്വമഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ അല്പവിശ്വാസികളെ, നിങ്ങളെ എത്ര അധികം. ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തുടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്കു ആവശ്യമെന്നു അറിയുന്നുവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിന്നു അന്നന്നത്തെ ദോഷം മതി" (മത്തായി 6:19-34).*

ദ്രവ്യാഗ്രഹത്തിനെതിരെ യേശു തന്റെ ശിഷ്യന്മാർക്കു താക്കീത് നൽകി. ഈ ലോകത്തിലെ ധനങ്ങൾ

'മായ'യാണ്. സ്വർഗ്ഗീയ ധനങ്ങളാണ് നിലനിൽക്കുന്നത് എന്ന് അവൻ അവരെ ഓർമ്മിപ്പിച്ചു. തന്റെ ഹൃദയം ഭൂമിമേലല്ല, സ്വർഗ്ഗത്തിന്മേൽ ദൃഷ്ടിവെച്ച് ഉറപ്പിച്ചിരിക്കുന്നവൻ ഭാഗ്യവാൻ. നന്മ ചെയ്യുവാൻ അവന്ന് എളുപ്പം സാധിക്കുന്നു. ഒരുത്തൻ പണത്തിൽ ആകൃഷ്ടനായി അതിനാൽ നടത്തപ്പെട്ടാൽ അവന് ദൈവത്തെ സ്നേഹിക്കേണ്ട പോലെ സ്നേഹിക്കാൻ സാധ്യമല്ല. ദൈവസ്നേഹത്തിൽ മറ്റുള്ളവരുടെ നന്മക്കുവേണ്ടി ഒരുവൻ ചെയ്യുന്ന കാര്യങ്ങളുടെ ഫലമാണ് (പ്രതിഫലം) സ്വർഗ്ഗീയ നിക്ഷേപങ്ങൾ.

യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു അവർ ലോകത്തിന്റെ വെളിച്ചമായതിനാൽ മറ്റുള്ളവർക്കു പ്രകാശം കൊടുക്കുമെന്ന്. ശരീരത്തിന്റെ വിളക്കായ കണ്ണിനാൽ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും. യേശുവിന്റെ ശിഷ്യന്മാർക്ക് അവരുടെ പ്രകാശം നഷ്ടപ്പെട്ടാൽ നീതി പ്രവൃത്തി കൂടാതെ മറ്റുള്ളവർ എങ്ങനെ സത്യം മനസ്സിലാക്കും? മറ്റുള്ളവരെ പ്രകാശിപ്പിക്കുവാൻ ഭൗതീക കാര്യങ്ങൾ നിറവേറ്റുന്ന സ്വർഗ്ഗീയ പിതാവിനെ ഒരുവൻ പൂർണ്ണമായി ആശ്രയിക്കണം. ദൈവം പുഷ്പങ്ങളേയും പറവകളേയും കാത്തുസൂക്ഷിക്കുകയും തീറ്റിപ്പോറ്റുകയും ചെയ്യുന്നു. അവൻ അങ്ങനെ ചെയ്യുന്നുവെങ്കിൽ തീർച്ചയായും തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചവരും തന്റെ മക്കളുമായ സ്ത്രീ പുരുഷന്മാരെ കാത്തു പരിപാലിക്കും. ചെറുതും വലുതുമായ എല്ലാ ജീവജാലങ്ങളെയും അവൻ സംരക്ഷിക്കുന്നുവെങ്കിൽ തീർച്ചയായും അവൻ നമുക്കും സംരക്ഷണം ചെയ്യും. നമുക്ക് ശരീരം തന്നവൻ അതിനെ ഉടുപ്പിക്കാൻ വസ്ത്രം തരാതിരിക്കുമോ? വിലയേറിയ ജീവൻ അവൻ നമുക്കു തന്നു. അതു നിലനിർത്താനാവശ്യമുള്ള ഭക്ഷണം അവൻ തരും, തീർച്ച. അതേ, ഒരുവൻ തന്റെ ഭൗതീക ആവശ്യങ്ങൾ നിറവേറ്റണം, എന്നാൽ വ്യാകുലചിന്തയില്ലാതെ, അവൻ അതു ചെയ്യണം, പൂർണ്ണ

മായി ദൈവത്തിന്റെ കഴിവിൽ ആശ്രയിച്ച്, ആത്മീക കാര്യങ്ങൾക്കു നാം ആദ്യം ശ്രദ്ധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അപ്പോൾ അവൻ നമ്മുടെ ഭൗതീക ആവശ്യങ്ങൾ നിറവേറ്റിത്തരും. ദൈവത്തിന്റെ കൃപയില്ലായിരുന്നുവെങ്കിൽ നമ്മളെല്ലാം അവിശ്വാസികളായിരുന്നേനേ. "മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടി ഇവയൊക്കെയും നിങ്ങൾക്കു ലഭിക്കു"മെന്ന് യേശു കല്പിച്ച ഒരു പ്രധാന കല്പനയാണ്.

## വിധിക്കരുത്

***"നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുതു. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളേയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും. എന്നാൽ സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരടു നോക്കുന്നതു എന്തു? അല്ല, സ്വന്തകണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോടു: നിൽക്ക, നിന്റെ കണ്ണിൽ നിന്നു കരടു എടുത്തു കളയട്ടെ, എന്നു പറയുന്നതു എങ്ങനെ? കപടഭക്തിക്കാരാ, മുമ്പെ സ്വന്തകണ്ണിൽ നിന്ന് കോൽ എടുത്തകളക; പിന്നെ സഹോദരന്റെ കണ്ണിൽ നിന്നു കരടു എടുത്തു കളവാൻ വെടിപ്പായി കാണും. വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുതു, നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുതു; അവ കാൽകൊണ്ടു അവയെ ചവിട്ടുകയും തിരിഞ്ഞു നിങ്ങളെ ചീന്തിക്കളകയും ചെയ്‌വാൻ ഇട വരരുതു" (മത്തായി 7:1-6).***

നാം മറ്റുള്ളവരെ വിധിക്കാൻ യേശു ആഗ്രഹിക്കുന്നില്ല. നാം മനുഷ്യരോടു പെരുമാറുന്നതുപോലെ അവരും നമ്മോടു പെരുമാറും. മറ്റുള്ളവരുടെ തെറ്റുകൾ വെളിപ്പെ

ടുത്തുന്നവന്റെ ബലഹീനതകളും വെളിച്ചത്തുവരും. മറ്റു ള്ളവരെ വിധിക്കുന്നതു സാധാരണ അഹങ്കാരം കൊണ്ടും പ്രതികാര മനോഭാവം കൊണ്ടുമാണ്. രണ്ടുവിധത്തിലും അവൻ തെറ്റുകാരനായിരിക്കും. എന്തെന്നാൽ മറ്റുള്ളവ രുടെ തെറ്റുകളെ കാണുമ്പോൾ അവൻ അതിനെ പർവ്വ തീകരിച്ചു എന്ന് വരാം. നമ്മുടെ കുറവുകളെ നാം കാണു മ്പോൾ അതിനെ ഏറ്റവും ചെറുതാക്കാൻ ശ്രമിക്കും. ഒരു തെറ്റുകാരന് മറ്റൊരുത്തനെ, അവനെപ്പോലെ ചീത്തയ ല്ലാത്ത ഒരുവനെ ഗുണപ്പെടുത്താൻ സാധ്യമല്ല, താഴെപ്പറ യുന്ന വാക്കുകൾ നാം ശരിക്കും കുറിക്കൊള്ളേണ്ടതാ ണ്: "കപടഭക്തിക്കാരാ, മുമ്പേ സ്വന്തകണ്ണിൽ നിന്നു കോൽ എടുത്തുകളക; പിന്നെ സഹോദരന്റെ കണ്ണിൽ നിന്നു കരടു എടുത്തുകളവാൻ വെടിപ്പായിക്കാണും."

നാം നിന്ദക്കും പരിഹാസത്തിനും പാത്രരാകാതി രിക്കേണ്ടതിനു മതപരമായ സംഭാഷണത്തിലും നാം ബുദ്ധിയുള്ളവരും വിവേകമുള്ളവരുമായിരിക്കണമെന്നും യേശു ആഗ്രഹിക്കുന്നു. നമ്മൾ ശ്രദ്ധയില്ലാത്തവരായാൽ വിശുദ്ധമായത് നായ്ക്കൾക്കു കൊടുക്കുന്നവരെപ്പോ ലെയും മുത്തുകൾ പന്നികളുടെ മുമ്പിൽ എറിയുന്നവരെ പ്പോലെയും ആകും. സന്ദർഭത്തിനു യോജിച്ച വിധത്തി ലായിരിക്കണം നമ്മുടെ വാക്കുകൾ. നമ്മൾ പറയുന്നത് അവർക്കു കേൾക്കാൻ കൊള്ളാവുന്നതായിരിക്കണം.

## യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും

***"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേ ഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടു ന്നവന്നു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന്നു***

***കല്ലുകൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ? മീൻ ചോദിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുക്കാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും? മനുഷ്യർ നിങ്ങൾക്കു ചെയ്യണമെന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നെ" (മത്തായി 7:7–12).*** സ്വർഗ്ഗസ്ഥനായ പിതാവ് നമ്മുടെ പ്രാർത്ഥനക്കു മറുപടി നൽകാൻ തീർച്ചയായും സന്നദ്ധനാണ്. ഒരു ഭൗമീക പിതാവു പാപിയാണെങ്കിൽക്കൂടി തന്റെ മക്കൾ ചോദിക്കുന്നതു കൊടുക്കാൻ മടി കാണിക്കുന്നില്ലെങ്കിൽ – അതു അവരുടെ നന്മയ്ക്കുതകുമെങ്കിൽ – സ്വർഗ്ഗസ്ഥനായപിതാവ് തന്നോടു ചോദിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും. ഏറ്റവും നല്ലതിൽ കുറവാതൊന്നും അവൻ തന്റെ മക്കൾക്കു കൊടുക്കാൻ ആഗ്രഹിക്കുന്നില്ല. എല്ലാത്തിലുമുപരി അവർക്കു പരിശുദ്ധാത്മാവിനെ കൊടുക്കാൻ അവൻ ആഗ്രഹിക്കുന്നു.

'സുവർണ്ണ നിയമം', അതായത്, ധാർമ്മിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ഗൈഡ്, എന്നറിയപ്പെടുന്ന ആ നിയമം യേശു അപ്പോൾ കൊടുത്തു. അതു മറ്റെല്ലാ കല്പനകളെക്കാളും ഉന്നതമാണ്. അതു പറയുന്നതു "മനുഷ്യർ നിങ്ങൾക്കു ചെയ്യണമെന്നു നിങ്ങൾ ഇച്ഛിയ്ക്കുന്നതു നിങ്ങൾ അവർക്കും ചെയ്‌വിൻ. ന്യായപ്രമാണവും പ്രാവചകന്മാരും ഇതുതന്നെ". മതധർമ്മം നിറവേറ്റലാണ് ഈ ആജ്ഞ അനുസരിക്കുന്നതെന്നാണ് പലരുടേയും വീക്ഷണം. അതു വാസ്തവമാണ്. എന്നാലും അതിന്റെ ശുദ്ധമായ അവതരണം ശരിയായ ഉദ്ദേശ്യശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ

നമ്മുടെ സ്വർഗ്ഗസ്ഥ പിതാവ് നമ്മളെ സ്നേഹിച്ചു ധാരാളം നല്ല ദാനങ്ങൾ നമുക്കു നൽകിയിട്ടുണ്ട്. അവനെ സ്നേഹിക്കുന്നത് മൂലമാകണം നാം മറ്റുള്ളവർക്ക് നന്മ ചെയ്യുന്നത്. ദൈവത്തോടു നമുക്കുള്ള ഉന്നതമായ സ്നേഹത്തിന്റെ ഒരു പ്രകടനമായിരിക്കണം നമ്മുടെ സഹവാസികളോടുമുള്ള സ്നേഹം.

## ഇടുങ്ങിയതും വിശാലമായതുമായ വാതിലുകൾ

***"ഇടുക്കു വാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു. അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ."*** കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമേയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം; മുള്ളുകളിൽ നിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷമൊക്കെയും നല്ല ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന്നു ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിനു നല്ല ഫലവും കായ്പ്പാൻ കഴികയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും.

എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ

പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും" (മത്തായി 7:13-23).

ഓരോ വ്യക്തിക്കും കടന്നുപോകാൻ സാധിക്കുന്ന രണ്ടു വഴികളെ യേശു കാട്ടിത്തരുന്നു. ആദ്യത്തെ വഴി ആരംഭത്തിൽ വളരെ ഇടുങ്ങിയതെങ്കിലും അവസാനിക്കുന്നത് കൃപയിലും സന്തോഷത്തിലുമാണ്. രണ്ടാമത്തേത് അതിന് എതിരായുള്ളതാണ്. തുടക്കത്തിൽ വളരെ വിശാലമാണെങ്കിലും അത് അവസാനിക്കുന്നതു ശാപത്തിലും നാശത്തിലും ആണ്. ഇടുങ്ങിയ വഴി തെരഞ്ഞെടുക്കാൻ യേശു ഉപദേശിക്കുന്നു. അത് ഈ ലോകത്തിൽ പ്രയാസമേറിയ കാര്യമാണെങ്കിലും വരുവാനുള്ള ലോകത്തിൽ മഹത്വകരമായതാണ്. ഭൂരിപക്ഷം സഞ്ചരിക്കുന്ന പാതയിൽ നടക്കാൻ ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഇപ്പോഴത്തെ എളുപ്പത്തേയും സുഖങ്ങളേയും അവർ തെരഞ്ഞെടുക്കുന്നു. പിന്നീടു വരാൻ പോകുന്ന നിത്യനാശത്തെ അവർ മറക്കുന്നു. ഒരു വൃക്ഷവും അതിന്റെ ഫലവും തമ്മിലുള്ള ബന്ധത്തെ യേശു നമ്മെ ഓർമ്മപ്പെടുത്തുന്നു. വൃക്ഷത്തിനനുസരിച്ചുള്ള ഫലമാണ് ഉണ്ടാകുന്നത്. ഒരു മനുഷ്യന്റെ ഹൃദയത്തിലുള്ളതാണ് അവന്റെ പ്രവൃത്തികൾ കാണിക്കുന്നത്. ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു പ്രവാചകനായി ഒരുവൻ അവകാശപ്പെട്ടേക്കാം, അവൻ ഒരു പ്രവാചകനെപ്പോലെ സംസാരിച്ചേക്കാം. എന്നാൽ അവന്റെ സ്വഭാവത്തിന്റെ തനിനിറം അവന്റെ ജീവിതത്തിൽ തന്നെ കാലക്രമേണ വെളിപ്പെടും. ഒരു ഒഴിവുകഴിവുമില്ലാതെ നല്ല

ഫലം കായ്ക്കാത്ത ഏവനേയും വെട്ടിതീയിൽ ഇട്ടുകള യും. അവൻ പുറമേ കാണിക്കുന്നതിൽ അഭിമാനം കൊള്ളുന്നതിനാലും ദൈവത്തിന്റെ കല്പനകളെ അവ ഗണിക്കുന്നതിനാലും വെട്ടിതീയിൽ ഇട്ടു കളയുന്നതിൽ നിന്നും കപടഭക്തരുടെ ഒരു പ്രതിഷേധവും അവരെ രക്ഷി ക്കുവാനോ വിടുവിക്കുവാനോ സാധ്യമല്ല. ചിലർ പ്രതി ഷേധം രേഖപ്പെടുത്തിയേക്കാം. "കർത്താവേ, കർത്താ വേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമ ത്തിൽ വളരെ വീര്യപ്രവൃത്തികൾ ചെയ്കയും ചെയ്തി ല്ലയോ? എന്നു. യേശു അവരോട്; അധർമ്മം പ്രവർത്തി ക്കുന്നവരേ, ഞാൻ നിങ്ങളെ ഒരുനാളും അറിഞ്ഞിട്ടില്ല" എന്നു പറഞ്ഞ് ആട്ടിപ്പായിക്കും.

## ബുദ്ധിയുള്ളവരും മൂഢരും

***"ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു, നദികൾ പൊങ്ങി, കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലച്ചു, അതു പാറമേൽ അടിസ്ഥാനമു ള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവനൊക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരി ഞ്ഞു, നദികൾ പൊങ്ങി, കാറ്റു അടിച്ചു ആ വീട്ടി ന്മേൽ അലച്ചു. അതു വീണു, അതിന്റെ വീഴ്ച വലി യതായിരുന്നു" (മത്തായി 7:24-27).***

ക്രിസ്തു തന്റെ ശ്രോതാക്കൾക്കു മൂർച്ചയേറിയ ഒരു തെളിവു കൊടുത്തു. ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞു ചെയ്യുന്നവൻ പാറമേൽ വീടു പണിയുന്ന ഒരുവനോടു

സദൃശം. ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞിട്ട് അത് അനുസരിക്കാത്തവൻ ഒരു അരുവിയുടെ തീരത്തുള്ള മണലിൽ വീടു പണിതവനോടു തുല്യനാകുന്നു. കാലാവസ്ഥ അനുകൂലവും കാറ്റില്ലാതെ ശാന്തവുമായിരിക്കുന്നിടത്തോളം അവന് ഒരു കുഴപ്പവും ഇല്ല. അവൻ ബുദ്ധിമാൻ എന്നു തോന്നും. ഒരു അസ്ഥിവാരമിടുന്നതിന് അവൻ പണം ചില വാക്കിയില്ല, ഒരു ബദ്ധപ്പാടും കഴിച്ചില്ല. അവൻ അവനെ തന്നെ അഭിനന്ദിക്കുന്നു. മറ്റുള്ളവർ അവനെ ശ്ലാഘിക്കുന്നു. എന്നാൽ മഴപെയ്തു വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അവന്റെ വീട് വീഴും, ആരാണു ബുദ്ധിയുള്ള വീടു പണിക്കാരൻ എന്നു കൊടുങ്കാറ്റു കാണിക്കും. ഒരുവൻ തന്റെ അറിവു പ്രായോഗികമാക്കുന്നില്ലെങ്കിൽ അവൻ മടയനാണ്. അവൻ ഈ ലോകത്തിലെ സുഖങ്ങൾ അനുഭവിക്കുന്നു. നീതിമാന്മാർക്കുണ്ടാകുന്ന പ്രയാസങ്ങളെ മറികടന്നു പോകുന്നു. എന്നാൽ ദൈവനീതിയുടെ കാറ്റുവീശുമ്പോൾ, ദൈവകോപത്തിന്റെ മഴവരുമ്പോൾ, കുറ്റബോധത്തിന്റെ അരുവികൾ കുന്നുകൂടുമ്പോൾ ആ മനുഷ്യന്റെ വീടു വീണു തരിപ്പണമാകുകയും മൂഢന്മാരായ പാപികളോടു കൂടി നാശത്തിലേക്ക് ഒഴുകിപ്പോകുകയും ചെയ്യും. ആദ്യത്തെ വീടു സുരക്ഷിതമായിരിക്കുകയും നിലനിൽക്കുകയും ചെയ്യും, എന്തെന്നാൽ അതു പാറമേൽ പണിഞ്ഞതാണ്.

**"ഈ വചനങ്ങളെ പറഞ്ഞുതീർന്നപ്പോൾ പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. അവരുടെ ശാസ്ത്രിമാരെപ്പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോടു ഉപദേശിച്ചത്" (മത്തായി 7:28–29).**

യേശു പറഞ്ഞുകഴിഞ്ഞപ്പോൾ പുരുഷാരം വിസ്മയിച്ചു. അധികാരമുള്ളവനായിട്ടത്രേ അവൻ പഠിപ്പിച്ചത്, ശാസ്ത്രിമാരെപ്പോലെയല്ല. ക്രിസ്തുവിന്റെ ആത്മിക

സാമ്രാജ്യത്തെപ്പറ്റി ശ്രദ്ധയോടുകൂടി ആത്മാർത്ഥമായ പഠിച്ചാൽ ഈ കല്പനകൾ എന്നെങ്കിലും അനുസരിക്കുവാൻ സാധിക്കുമോ എന്നു മനസ്താപം തോന്നിപ്പോകും. ഈ കുറ്റബോധമാണ് രക്ഷയിലേക്കുള്ള ആദ്യത്തെ ചവിട്ടുപടി. രക്ഷിക്കപ്പെടുവാൻ തന്റെ സ്വന്തം പ്രവൃത്തിയിലുള്ള ആശ്രയം ഒരു പാപിക്കുണ്ടെങ്കിൽ അത് എന്നെന്നേക്കുമായി മാറ്റപ്പെടുന്നു. അവരുടെ വിലതീരാത്ത രക്ഷയ്ക്കുള്ള ഏക ഉപാധിയായി ആ രക്ഷകനിലുള്ള ജീവനുള്ള വിശ്വാസം തെരഞ്ഞെടുത്ത ലോകരക്ഷിതാവിനെ അവൻ ചൂണ്ടിക്കാണിക്കുന്നു.

**"നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക**
**നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുക**
**നിങ്ങളെ വെറുക്കുന്നവർക്കു ഗുണം ചെയ്ക**
**നിങ്ങളെ ഉപദ്രവിക്കയും നിന്ദിക്കയും**
**ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക**
**സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു**
**പുത്രന്മാരായിത്തീരേണ്ടതിന്നു തന്നെ"**

**(മത്തായി 5:44, 45)**

✳ ✳ ✳

# IX

# ശതാധിപന്റെ ദാസനെ സൗഖ്യമാക്കുന്നത്

*"ജനം കേൾക്കെ ന്റെ വചനം ഒക്കെയും പറഞ്ഞുതീർന്നശേഷം അവൻ കഫർന്നഹൂമിൽ ചെന്നു. അവിടെ ഒരു ശതാധിപന്നു പ്രിയനായ ദാസൻ ദീനം പിടിച്ചു മരിപ്പാറായിരുന്നു. അവൻ യേശുവിന്റെ വസ്തുത കേട്ടിട്ടു, അവൻ വന്നു തന്റെ ദാസനെ രക്ഷിക്കേണ്ടതിന്നു അവനോടു അപേക്ഷിപ്പാൻ യെഹൂദന്മാരുടെ മൂപ്പന്മാരെ അവന്റെ അടുക്കൽ അയച്ചു. അവർ യേശുവിന്റെ അടുക്കൽ വന്നു, അവനോടു താല്പര്യമായി അപേക്ഷിച്ചു: നീ അതു ചെയ്തുകൊടുപ്പാൻ അവൻ യോഗ്യൻ; അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു. ഞങ്ങൾക്കു ഒരു പള്ളിയും തീർപ്പിച്ചു തന്നിരിക്കുന്നു എന്നുപറഞ്ഞു. യേശു അവരോടുകൂടെ പോയി, വീടിനോടു അടുപ്പാറായപ്പോൾ ശതാധിപൻ സ്നേഹിതന്മാരെ അവന്റെ അടുക്കൽ അയച്ചു. കർത്താവേ പ്രയാസപ്പെടേണ്ട, നീ എന്റെ പുരെക്കകത്തു വരുവാൻ ഞാൻ പോരാത്തവൻ. അതുകൊണ്ടു നിന്റെ അടുക്കൽ വരുവാൻ ഞാൻ യോഗ്യനെന്നു എനിക്കു തോന്നിയിട്ടില്ല. ഒരു വാക്കു കല്പിച്ചാൽ എന്റെ ബാല്യക്കാരന്നു സൗഖ്യം വരും. ഞാനും അധികാരത്തിന്നു കീഴ്പെട്ട മനുഷ്യൻ. എന്റെ കീഴിൽ പടയാളികൾ ഉണ്ടു; ഒരുവനോടു പോക എന്നുപറഞ്ഞാൽ അവൻ പോകുന്നു, മറ്റൊരുവനോടു വരിക എന്നു പറഞ്ഞാൽ അവൻ വരു*

*ന്നു, എന്റെ ദാസനോടു ഇതു ചെയ്ക എന്നുപറഞ്ഞാൽ അവൻ ചെയ്യുന്നു എന്നു പറയിച്ചു. യേശു അതുകേട്ടിട്ടു അവങ്കൽ ആശ്ചര്യപ്പെട്ടു തിരിഞ്ഞുനോക്കി, അനുഗമിക്കുന്ന കൂട്ടത്തോടു: യിസ്രായേലിൽ കൂടെ ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നുപറഞ്ഞു, ശതാധിപൻ പറഞ്ഞയച്ചവൻ വീട്ടിൽ മടങ്ങിവന്നപ്പോൾ ദാസനെ സൗഖ്യത്തോടെ കണ്ടു" (ലൂക്കൊസ് 7:1-10).*

ക്രിസ്തു പറഞ്ഞു താൻ ശുശ്രൂഷ ഏല്ക്കുവാനല്ല, ശുശ്രൂഷിക്കാനാണ് വന്നതെന്ന്. തന്റെ അവകാശവാദങ്ങൾ പൂർണ്ണമായി നിവർത്തിച്ച ഏകവ്യക്തി അവനാണ്. അവൻ അധികാരമുള്ളവനായിട്ടത്രേ സംസാരിച്ചത്; അവന്റെ ശ്രോതാക്കൾ പറഞ്ഞത്. ആ ശാസ്ത്രിമാരെപ്പോലെയല്ല എന്നത്രേ. അധികാരമുള്ള തന്റെ ശബ്ദത്തിനു പുറകെ അധികാരപ്രവൃത്തിയുമുണ്ടായിരുന്നു. തന്റെ പഠിപ്പിക്കലുകളവസാനിപ്പിച്ച് അവൻ അത് അടയാളങ്ങളാൽ തെളിയിച്ച് കൊടുത്തു. വലിയ ഒരു പുരുഷാരത്താൽ ചുറ്റപ്പെട്ടവനായി അവൻ കഫർന്നഹൂമിൽ പ്രവേശിച്ചു. യെഹൂദപ്രമാണികളുടെ ഒരു സംഘം വന്നു അവനെ കണ്ട്, ഒരു റോമൻ ശതാധിപന്റെ ദാസനെ സൗഖ്യമാക്കണമെന്ന് വളരെ ആകാംക്ഷയോടെ അപേക്ഷിച്ചു. ഈ ദാസൻ തളർവാതം പിടിച്ചു മരിപ്പാറായിരുന്നു. ഈ ദാസൻ ആ ശതാധിപനു പ്രിയനായിരുന്നു എന്നു നമുക്ക് അനുമാനിക്കാം എന്തുകൊണ്ടെന്നാൽ "എന്റെ ദാസൻ" എന്നുള്ളത് 'എന്റെ പയ്യൻ' എന്നുവിവർത്തനം ചെയ്യാവുന്നതാണ്. ഗ്രീക്കിൽ ഈ നാമധേയം പുത്രന്മാർക്ക്വേണ്ടി ഉപയോഗിച്ചിരുന്നു. ഈ റോമാ പടയാളി ഒരു മാന്യനായ വ്യക്തി ആയിരുന്നു. അവന്റെ വാക്കുകളും ആ ദാസനെപ്പറ്റിയുള്ള വീണ്ടുവിചാരവും അവൻ അവനെ സ്നേഹിച്ചി

രുന്നു എന്നു കാണിക്കുന്നു. സാധാരണ മറ്റു സമകാലീകർ തങ്ങളുടെ ദാസന്മാരെ നിന്ദിക്കുകയും വളരെ മോശമായ വിധത്തിൽ അവരോടു പെരുമാറുകയും ചെയ്തിരുന്നു.

യേശു യെഹൂദപ്രമാണികളുടെ അപേക്ഷ സ്വീകരിക്കുമെന്ന് ഈ ശതാധിപൻ വിചാരിച്ചു. അതുകൊണ്ട് അവൻ അവരുടെ സഹായം തേടി. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ് - കഫർന്നഹൂമിലെ യെഹൂദപ്രമാണികൾ യെഹൂദ്യയായിലെപ്പോലെ ആയിരുന്നില്ല. ക്രിസ്തുവുമായി നല്ല ബന്ധം പുലർത്തിയിരുന്നു എന്ന്. ശതാധിപന്റെ അപേക്ഷ യെഹൂദപ്രമാണികൾ ക്രിസ്തുവിനു സമർപ്പിച്ചു. കാരണം അവർ പിന്നെയും ക്രിസ്തുവിനെ എതിർത്തിരുന്നില്ല. ശതാധിപനെ തന്റെ ദാസന്റെ അടുക്കൽ ആക്കിയിട്ട് അവർ യേശുവിനെ കാണാൻ പോയി. ആ ശതാധിപൻ അഴരുടെ ജനതയെ സ്നേഹിച്ച് അവർക്ക് ഒരു പള്ളി പണിയിച്ചു കൊടുത്തെന്നും അതിനാൽ അവന്റെ ദാസനെ സൗഖ്യമാക്കാൻ അർഹതയുള്ളവനാണെന്നും യേശുവിന്റെ അടുക്കൽ അവർ വന്നപ്പോൾ പറഞ്ഞു. യേശു പ്രതികരിക്കുന്നതിനു മദ്ധ്യസ്ഥന്മാരെ ആവശ്യമുണ്ടെന്നു ശതാധിപൻ ചിന്തിച്ചതിൽ നാം അവനെ കുറ്റപ്പെടുത്തുകയില്ല. ഈ മദ്ധ്യസ്ഥന്മാരെക്കാൾ അവനെ യേശു നല്ലവണ്ണം അറിഞ്ഞിരുന്നു എന്ന് അവൻ ഗ്രഹിച്ചിരുന്നില്ല, അവർ സ്നേഹിച്ചിരുന്നതിനെക്കാൾ എത്രയോ മടങ്ങുകൂടുതലായി അവനെ യേശു സ്നേഹിച്ചിരുന്നത്. അങ്ങനെ അവരുടെ മദ്ധ്യസ്ഥത ആവശ്യമില്ലായിരുന്നു. ഇന്നും നമുക്ക് യേശുക്രിസ്തു അല്ലാതെ വേറെ ഒരു മദ്ധ്യസ്ഥനും ഇല്ല. ദൂതന്മാർക്കോ, വിശുദ്ധന്മാർക്കോ നമുക്ക് വേണ്ടി ഒന്നും ചെയ്യാൻ സാധ്യമല്ല, എന്തുകൊണ്ടെന്നാൽ ക്രിസ്തു ആണു ദൈവത്തിന്നും മനുഷ്യനും മദ്ധ്യേയുള്ള ഏക മദ്ധ്യസ്ഥൻ. ഇതു സാധി

ച്ചതു ക്രൂശിലെ തന്റെ രക്ഷണ്യപ്രവൃത്തി മൂലമാണ്. നാം 1 തിമോത്തി 2:5-ൽ ഇങ്ങനെ വായിക്കുന്നു “ദൈവം ഒരുവനല്ലോ, ദൈവത്തിനും മനുഷ്യനും മദ്ധ്യേ മദ്ധ്യസ്ഥനും ഒരുവൻ, മനുഷ്യനായ ക്രിസ്തുയേശു തന്നെ”. വിശുദ്ധന്മാരുടെയോ ദൂതന്മാരുടെയോ മദ്ധ്യസ്ഥത ആവശ്യപ്പെടുന്നവർ നട്ടുച്ചക്ക് വിളക്കു കൊളുത്തുന്നവരെപ്പോലെയാണ്. അവരുടെ അനുകമ്പയും കൃപയും യേശുവിന്റെ മഹനീയ സ്വഭാവത്തോട് ഒരു തരത്തിലും തുലനം ചെയ്യാൻ സാധിക്കാത്തതാണെന്ന് അവർ മനസ്സിലാക്കുന്നില്ല. ക്രിസ്തുവിനോളം സ്നേഹം കാണിക്കുവാൻ ഒരു വിശുദ്ധനും ഇതുവരെ സാധിച്ചിട്ടില്ല. അവൻ മാത്രമാണ് സ്വർഗ്ഗത്തിൽ നിന്ന് വന്നവൻ, മനുഷ്യാവതാരമെടുത്തവൻ, അവൻ വന്നു പഠിപ്പിച്ചു, ശുശ്രൂഷിച്ചു, കഷ്ടത അനുഭവിച്ചു, മരിച്ചു, മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റു, സ്വർഗ്ഗത്തിലേക്കു കരേറി ഇന്നു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. നമ്മുടെ മദ്ധ്യസ്ഥനായി, ഇടനിലക്കാരനായി. അവൻ അതു ചെയ്തത് അവന്റെ പൂർണ്ണതയുള്ള സ്നേഹത്താലാണ്. ക്രിസ്തു ഒഴികെ മറ്റൊരുത്തനിൽ നിന്നു സഹായം തേടുന്നവർ ശിശുക്കളെപ്പോലെയാണ്, ബുദ്ധിമുട്ടുണ്ടാകുമ്പോൾ - മാതാവാണ് അവനുവേണ്ടി തന്നെത്താൻ ഒഴിഞ്ഞു വെച്ചവളും അവളെ തന്നെ ത്യജിച്ചവളും അവനെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവളുമെന്ന് അറിഞ്ഞീടും - ആ മാതാവിലേക്കു തിരിയാതെ വേലക്കാരിയിലേക്കു തിരിയുന്നതു പോലെയാണ്. ക്രിസ്തുവിന്റെ ഭൗമീക മാതാവായ മറിയയുടെ മദ്ധ്യസ്ഥതയും പ്രയോജമില്ലാത്തതാണ്. ഇതിന് ഉപോൽബലകമായി കാനാവിലെ കല്യാണത്തിന്റെ ഉദാഹരണം കാണാവുന്നതാണ്. അവിടെ യേശു തന്റെ മാതാവ് തന്റെ കാര്യത്തിൽ ഇടപെടുന്നതു വിലക്കി.

രോഗികളെ സാധാരണ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നിരുന്നു. എന്നാൽ ഈ സന്ദർഭത്തിൽ യേശു രോഗിയായ ശതാധിപന്റെ ദാസന്റെ അടുത്തേക്കുപോയി, അവൻ ഒരു അന്യജാതിക്കാരനായതുകൊണ്ടാകാം. യേശു തന്റെ വീട്ടിലേക്ക് വരുന്നു എന്ന് അറിഞ്ഞ ഉടനെ ശതാധിപൻ തന്റെ കുറെ സ്നേഹിതരെ തന്റെ അത്യന്ത ബഹുമാനം കാണിക്കാനും ക്രിസ്തുവിന്റെ ശക്തിയിലുള്ള വിശ്വാസം ഏറ്റു പറയുവാനുമായി യേശുവിന്റെ അടുക്കലേക്കയച്ചു. തന്റെ പുരക്കകത്തു യേശു വരുന്നതിനുള്ള യോഗ്യത തനിക്കില്ലെന്നു യേശുവിനോടു പറയാൻ അവൻ ആഗ്രഹിച്ചു. എന്തെന്നാൽ ആ വാക്കിനാൽ തന്നെ തന്റെ ദാസനു സൗഖ്യം വരുമെന്ന് അവനറിയാമായിരുന്നു. എന്തുവിനയം! യേശുവിന്റെ സഹായത്തിന് അവൻ അർഹനാണെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവ് ഇതായിരുന്നു. ക്രിസ്തുവിന്റെ സഹായവും ക്രിസ്തു തരുന്ന പാപക്ഷമയും ലഭിക്കുന്നതിനു തങ്ങളുടെ അയോഗ്യതയും ഒന്നുമില്ലായ്മയും മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഒന്നരവർഷത്തിനുമുമ്പു യേശു വെറും ഒരു വാക്കിനാൽ വേറൊരു ശതാധിപനെ ദൂരത്തുനിന്ന് സൗഖ്യമാക്കിയതു പോലെ ഇപ്പോഴും ചെയ്യുമെന്ന് അവൻ വിചാരിച്ചിരിക്കാം. ഒരു റോമൻ പട്ടാള ഉദ്യോഗസ്ഥൻ എന്ന നിലയിൽ തനിക്കു തന്റെ പടയാളികളുടേയും ദാസന്മാരുടേയും മേലുള്ള അധികാരം പോലെ യേശുവിനും പ്രകൃതിയുടെമേലും രോഗത്തിന്റെ മേലും അധികാരമുണ്ടെന്ന് അവൻ വിശ്വസിച്ചു. ഈ അന്യജാതിയിൽപ്പെട്ടവന്റെ വിനയത്തിലും ബുദ്ധിയിലും ശ്രേഷ്ഠ വിശ്വാസത്തിലും യേശു അതിശയിച്ചു. അവൻ ചുറ്റുപാടും നോക്കി പറഞ്ഞതെന്തെന്നാൽ, “ഞാൻ യിസ്രായേലിൽ കൂടെ ഇത്ര വലിയ

വിശ്വാസം കണ്ടിട്ടില്ല!!" എന്ന്. ക്രിസ്തു തന്റെ യെഹൂദ ശ്രോതാക്കളെപ്പറ്റി ഒട്ടും ഗണ്യമാക്കിയില്ല. ദൈവം വർഗ്ഗ ഭേദമന്യേ മനുഷ്യരെ സ്വീകരിക്കുന്നു എന്ന് അവൻ വ്യക്ത മാക്കി. അവൻ പറഞ്ഞു "കിഴക്കു നിന്നും പടിഞ്ഞാറു നിന്നും അനേകർ വന്നു അബ്രഹാമിനോടും യിസഹാ ക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും, രാജ്യത്തിന്റെ (ഈ ലോകത്തിന്റെ) പുത്ര ന്മാരെയോ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിവിടും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്തായി 8:11,12). അവൻ ഇക്കാര്യത്തിൽ സാധാരണമായുള്ള ഒരു മതാചാര്യനോ ഒരു വെറും മനുഷ്യനോ അല്ല എന്നു വ്യക്ത മായി വെളിപ്പെടുത്തി. എന്റെ സമാകലീനരിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു അവന്റെ വിചാരങ്ങൾ യഥാർത്ഥത്തിൽ അവർക്കുനേരെ വിരുദ്ധവുമായിരുന്നു. യെഹൂദ ജാതിയിൽപ്പെട്ടവനായതുകൊണ്ടു മാത്രം ദൈവം അംഗീകരിക്കുമെന്നുള്ള അവരുടെ ആശയത്തെ വ്യക്ത മായി ഖണ്ഡിക്കുകയായിരുന്നു അവൻ ചെയ്തത്.

വീട്ടിലോട്ട് പോകാതെ ക്രിസ്തു ആ ശതാധിപനു മറുപടി കൊടുത്തു ഇപ്രകാരം പറഞ്ഞു "പോകുക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ" (മത്തായി 8:13) ആ ദാസന്നു ആ നിമിഷത്തിൽ സൗഖ്യം വന്നു. സന്ദേശ വാഹകർ തിരിച്ചു ഭവനത്തിൽ ചെന്നപ്പോൾ ആ ദാസനെ സൗഖ്യമുള്ളവനായി കണ്ടു. അന്യജാതിയിൽപ്പെട്ട ആ ശതാധിപനിൽ വിശ്വാസത്തിന്റെ ആദ്യഫലങ്ങൾ കണ്ടു യേശു സന്തോഷിച്ചു. തന്റെ സ്വന്തജനം അവനെ കൈക്കൊണ്ടില്ല. തന്റെ പാലസ്തീനിലുള്ള ഭൗമീക ജീവി തത്തിൽ മാത്രമല്ല, ഇപ്രകാരം അവർ ചെയ്തത്. ഇന്നും, നമ്മുടെ കാലത്തും അവർ അങ്ങനെ തന്നെയാണു ചെയ്യു ന്നത്.

പ്രിയ വായനക്കാരാ,

ദൈവത്തിൽ നിന്നും പാപമോചനം ലഭിക്കുന്ന തിന്നു നീ അയോഗ്യനാണെന്നു നിനക്കു തോന്നുന്നുവോ? എന്നാൽ നീ ഭാഗ്യവാനാണ്! ഇതാണു പാപമോചനം ലഭി ക്കുവാനുള്ള ആദ്യത്തെ വഴി. യേശു ക്രൂശിൽ ചെയ്തു തീർത്ത പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ നിനക്ക് പാപ മോചനം തരുവാൻ ദൈവത്തോടപേക്ഷിക്കുക. നീ ക്രിസ്തുവിന്റെ പൂർണ്ണ അധികാരത്തിലുള്ള ഒരു വിശ്വാ സിയായി തീരുവാൻ അവനോട് അപേക്ഷിക്കുക.

* * *



# X

# മരണത്തിൽ നിന്നും യേശു ഒരു ചെറുപ്പക്കാരനെ ഉയർത്തെഴുന്നേല്പിക്കുന്നു

"പിറ്റേന്നാൾ അവൻ നയീൻ എന്ന പട്ടണത്തിലേക്കു പോകുമ്പോൾ അവന്റെ ശിഷ്യന്മാരും വളരെ പുരുഷാരവും കൂടെപ്പോയി, അവൻ പട്ടണത്തിന്റെ വാതിലിനോടു അടുത്തപ്പോൾ മരിച്ചുപോയ ഒരുത്തനെ പുറത്തു കൊണ്ടുവരുന്നു, അവൻ അമ്മക്കു ഏകജാതനായ മകൻ;

അവളോ വിധവയായിരുന്നു. പട്ടണത്തിലെ ഒരു വലിയ പുരുഷാരവും അവനോടുകൂടെയുണ്ടായിരുന്നു. അവളെ കണ്ടിട്ടു കർത്താവ് മനസ്സലിഞ്ഞു അവളോടു: കരയേണ്ട എന്നുപറഞ്ഞു. അവൻ അടുത്തുചെന്നു മഞ്ചം തൊട്ടു. ചുമക്കുന്നവർ നിന്നു. ബാല്യക്കാരാ, എഴുന്നേൽക്ക എന്നു ഞാൻ നിന്നോടു പറയുന്നു എന്നവൻ പറഞ്ഞു. മരിച്ച വൻ എഴുന്നേറ്റിരുന്നു സംസാരിപ്പാൻ തുടങ്ങി. അവൻ അവനെ അമ്മക്കു ഏല്പിച്ചുകൊടുത്തു. എല്ലാവർക്കും ഭയം പിടിച്ചു. ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു; ദൈവം തന്റെ ജനത്തെ സന്ദർശി ച്ചിരിക്കുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വീകരിച്ചു. അവനെക്കുറിച്ചുള്ള ഈ ശ്രുതി ചുറ്റുമുള്ള നാടെങ്ങും പരന്നു" (ലൂക്കൊസ് 7:11-17).

യേശു നസ്രേത്തിൽ നിന്നും നയീൻ എന്ന പട്ട ണത്തിലേക്കു യാത്ര ചെയ്തു. അതു കാൽനടയായി ഒരു ദിവസത്തെ വഴിയായിരുന്നു. ജീവന്റെ കർത്താവും അവന്റെ പിമ്പിലുള്ള പുരുഷാരവും മഞ്ചത്തിൽ ശവവു മായി വരുന്ന ഒരു വിലാപയാത്ര കണ്ടു. മരണദൂതനായി രുന്നു അതു നയിച്ചിരുന്നത്. ആ മരിച്ച മകൻ തന്റെ മാതാ വിന്റെ ഏകമകനായിരുന്നു. ആ മാതാവിന്റെ ദുഃഖം അതി കഠിനമായിരുന്നു. ഈ ദുഃഖത്തിൽ പങ്കാളികളായി തന്റെ മകനെ അടക്കം ചെയ്യാൻ ആ പട്ടണത്തിലെ അനേകർ അകമ്പടിയായി അനുഗമിച്ചിരുന്നു. പെട്ടെന്നു പുനരുത്ഥാ നവും ജീവനുമായ ക്രിസ്തുവിനെ അവർ കണ്ടുമുട്ടുന്നു. ആ ക്രിസ്തുവിന്റെ അടുത്തു നിന്നും മരണവും മരണ ത്തിന്റെ പ്രഭുവും ഓടിപ്പോകുമായിരുന്നു.

ആ ശവപ്പെട്ടിയിൽ ഒരു യുവാവിന്റെമേൽ വിജയം വരിച്ച അഹങ്കാരത്തോടുകൂടി സാത്താൻ ഇരിക്കുന്നതു നമുക്കു ദർശിക്കാൻ സാധിക്കും. തന്റെ ശത്രുവായ

ക്രിസ്തുവിനാൽ നയിക്കപ്പെട്ട ആ കൂട്ടത്തെ കണ്ടു അവനു കോപം ജ്വലിച്ചതു നമുക്കു സങ്കല്പിക്കാം. ഇത്രത്തോള മുള്ള പല സമയങ്ങളിലും ക്രിസ്തു അവനെ തോല്പി ച്ചിട്ടുണ്ട്. ഇതിനുമുമ്പ് എപ്പോഴെല്ലാം ഭൂതഗ്രസ്തരിൽ നിന്നും ഭൂതങ്ങളെ ക്രിസ്തു ഇറക്കി വിടുമോ അപ്പോ ഴെല്ലാം കോപം മൂത്ത് അവൻ പല്ലുകടിച്ചില്ലേ? മരണത്തിനു ഇരയായ ഒരുവനെ ഇതുവരെ തന്നിൽ നിന്നും പിടിച്ചുപ റിച്ചു രക്ഷിച്ചിരുന്നില്ലെന്ന് അവൻ ആശ്വസിച്ചിരിക്കാം. ഇപ്പോഴും ആ കാര്യത്തിൽ എതിരില്ലാത്ത വിജയിയായി അവൻ നിലകൊള്ളുന്നു.

ദൈവിക പ്രതിഫലം ലഭിക്കുന്ന ഒരു കാര്യമായി, ഒരു പ്രധാന കാര്യമായി ശവസംസ്കാരച്ചടങ്ങിൽ വില പിക്കുന്നവരെ ആശ്വസിപ്പിക്കുന്നതു ഒരു വിശുദ്ധ കർമ്മ മായി യെഹൂദന്മാർ കരുതിയിരുന്നു. അന്നത്തെ ചടങ്ങ നുസരിച്ചു യേശുവും തന്റെ അനുയായികളും ആ വിലാ പയാത്രയോടുകൂടിച്ചേരുവാൻ പ്രതീക്ഷിച്ചിരുന്നു. ഗലീല യിൽ സ്ത്രീകൾ പാപവും മരണവും അവർ മുഖാന്തര മാണ് ഭൂമിയിൽ വന്നതെന്നു പറഞ്ഞു വിലപിച്ചു ശവപ്പെ ട്ടിക്കുമുമ്പേ നടന്നിരുന്നു. എന്നാൽ യേശു ആ വിലാപ യാത്രയെ അഭിമുഖീകരിച്ച് അതിനെ തടസ്സപ്പെടുത്തി. മറ്റു ള്ളവർ ഈ മാതിരി ഒരു കൂട്ടത്തോട് ചേരുമ്പോൾ കര ച്ചിൽ വർദ്ധിക്കുന്നു. അങ്ങനെയുള്ള ഈ രണ്ടുകൂട്ടരും കൂടി കൂട്ടിമുട്ടിയപ്പോൾ അവിടെ കൂടുതൽ ദുഃഖവും ഉച്ച ത്തിലുള്ള കരച്ചിലും ഉണ്ടായി. സാധുവായ ആ വിധവയെ യേശു കണ്ടപ്പോൾ അവന്ന് അവളോട് അനുകമ്പയുണ്ടായി അവളോടു പറഞ്ഞു, 'കരയേണ്ട' എന്ന്. കരയുന്നത് മോശ മായതുകൊണ്ടല്ല അവൻ അങ്ങനെ പറഞ്ഞത്. എന്തെ ന്നാൽ കണ്ണീർ ദൈവത്തിന്റെ ഒരു ദാനമാകുന്നു. ഉറക്കെ കരയുന്നത് ഒരു അനുഗ്രഹമാകാം എന്തെന്നാൽ അതു

കൊണ്ടു ദുഃഖത്തിന്റെ വേദനക്കു ശമനമുണ്ടാകുന്നു. മറ്റുള്ളവരെ സ്നേഹിക്കുന്നതിനാൽ ഒഴുക്കിയ കണ്ണുനീർ എത്ര മഹത്വപൂർണ്ണമാണ്. മറ്റുള്ളവരുടെ വേദനയിൽ സങ്കടപ്പെടുന്നത് എത്ര ആശ്ചര്യകരമാണ്, പ്രത്യേകിച്ച് അതിക്രമങ്ങളാലും പാപങ്ങളാലുമുള്ള കുറ്റബോധത്താൽ ഒഴുകുന്ന കണ്ണീർ. കരയേണ്ട സമയത്ത് കരയാൻ കഴിയാത്ത മനുഷ്യർക്കുവേണ്ടി നമ്മൾ കരയേണ്ടിയിരിക്കുന്നു. യേശു ആ വിധവയോടു കരയേണ്ട എന്നു പറഞ്ഞു. അവന്റെ വാക്ക് അനസുരിക്കാൻ തക്ക കാരണവും ഉണ്ടാക്കുന്നു. അവൻ മുമ്പോട്ടു പോയി ആ ശവപ്പെട്ടിയെ തൊട്ടു; ചുമക്കുന്നവർ നിന്നു. ക്രിസ്തുവിനോടുള്ള ഭക്തി അവരെയെല്ലാം, ചെറുപ്പക്കാരെയും പ്രായമുള്ളവരേയും ഗ്രസിച്ചിരുന്ന ആ വിലാപയാത്ര നിന്നു. അവരെല്ലാവരും അവന്റെ ആജ്ഞക്കുവേണ്ടി കാത്തുനിന്നു.

നയീൻ പട്ടണത്തിലെ ഈ യുവാവിന്റെ മരണത്തിൻ മണിമുഴക്കം എല്ലാവരും കേട്ടതാണ്. ഇപ്പോൾ യെരൂശേലമിലുള്ള യെഹൂദപ്രമാണികളുടെ മുമ്പിൽ വച്ച്, ആ റോഡിൽ വെച്ചുതന്നെ അതിശയകരമായ ഒരു യാഥാർത്ഥ്യം എല്ലാവരും കേൾക്കുന്നു. "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു" (യോഹന്നാൻ 5:25). ക്രിസ്തു തന്റെ വാക്കുകളെ അത്ഭുതപ്രവൃത്തിയാൽ തെളിയിക്കുവാൻ പോകുന്നു. അവൻ മരിച്ചവനെ വിളിച്ചു പറഞ്ഞു, "ബാല്യക്കാരാ എഴുന്നേൽക്കുക". ഈ ശബ്ദം ഒരു ഇടിമുഴക്കം പോലെ അവരുടെമേൽ വീണു. അവിടെ കൂടിയിരുന്നവർ എല്ലാവരും ഈ വലിയ ഗുരുഭൂതങ്ങളെ പുറത്താക്കുന്നതും, രോഗികളെ സൗഖ്യമാക്കുന്നതും, കൊടുങ്കാറ്റിനെ ശാസിക്കു

ന്നതും മറ്റും കേട്ടിരുന്നെങ്കിലും ആ ശബ്ദം മനുഷ്യാത്മാവിനെ വിളിച്ചുവരുത്തി, മരിച്ച ശരീരത്തിൽ പ്രവേശിപ്പിച്ച് ആ വ്യക്തിയെ ഉയർത്തെഴുന്നേൽപ്പിക്കുമെന്ന് അവർ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. ഒരു ആത്മാവിനെ ശരീരത്തിലേക്കു പ്രവേശിപ്പിക്കുക എന്നുപറഞ്ഞാൽ ഏത് ജീവനാണോ ശരീരത്തിൽ നിന്നും പോയത്, ആ ജീവനെ തിരികെ കൊണ്ടുവന്നു ആ ശരീരത്തിലേക്കു പ്രവേശിപ്പിക്കുക എന്നർത്ഥം. അതേ, തോറായിൽ അവർ വായിച്ചിട്ടുണ്ട്. വലിയ പ്രവാചകന്മാർ പ്രാർത്ഥനയിൽ ദൈവവുമായി മൽപ്പിടിത്തം നടത്തി മരിച്ചവരെ ഉയർത്തെഴുന്നേല്പിച്ചിട്ടുണ്ടെന്ന്. ഈ മനുഷ്യർ വളരെ പ്രയാസപ്പെട്ട മാർഗ്ഗങ്ങളാണുപയോഗിച്ചത്, അത് ലഘുവായ ഒരത്ഭുതമല്ല എന്നു ചൂണ്ടിക്കാണിക്കുന്നു. അവൻ തോൽവിയെ ഭയന്ന് അതെല്ലാം രഹസ്യത്തിൽ ചെയ്തു. കൂടാതെ ഏലിയാ പ്രവാചകന്റെ കാലത്ത് ഒരു ഉയർത്തെഴുന്നേൽപ്പു കഴിഞ്ഞിട്ട് 900 വർഷങ്ങളായി (1 രാജാക്കന്മാർ 17:17–24). ഇപ്രകാരം അവരുടെ കണ്മുമ്പിൽ, വീണ്ടും ഒരു അത്ഭുതം നടക്കുമെന്ന് അവർ സ്വപ്നത്തിൽ പോലും ചിന്തിച്ചിരുന്നില്ല. ഇതാ, ഇവിടെ ഒരു മനുഷ്യൻ, മരണത്തെ അധികാരത്തോടെ ഏറ്റുമുട്ടുന്നു. അവൻ പ്രവാചകന്മാരെപ്പോലെ വിനയത്തോടുകൂടി യാചിച്ചില്ല. എത്ര വലിയ അധികാരം!

ക്രിസ്തുവിന്റെ അത്ഭുതങ്ങളുടെ പ്രയോജനം തൽഫലങ്ങളിൽ നിന്നു മനസ്സിലാക്കാം. ബാല്യക്കാരൻ എഴുന്നേറ്റിരുന്നു സംസാരിക്കുവാൻ തുടങ്ങി. അവന്റെ കണ്ണുതുറന്നപ്പോൾ അവൻ എന്തുമാത്രം ആശ്ചര്യപ്പെട്ടിരിക്കും; അവനെ ഒരു ശവപ്പെട്ടിയിലാക്കി കരയുന്ന ജനക്കൂട്ടം ശ്മശാനത്തിലേക്ക് വഹിച്ചുകൊണ്ടുപോയ രംഗം അവൻ കണ്ടു. അവന്റെ അമ്മയുടെ മുഖത്തെ വലിയ

ദുഃഖം അവൻ കണ്ടു. ആ ജനക്കൂട്ടത്തിന്റെ കരച്ചിൽ അവൻ കേട്ടു. ആ ശവപ്പെട്ടി തൊട്ടുകൊണ്ടു ഒരു അപരിചിതൻ നിൽക്കുന്നതു കണ്ടു അവൻ വിസ്മയസ്തബ്ധനായി ത്തീർന്നിരിക്കാം. ആ ജീവദായകന്റെ മുഖത്ത് വലിയ ബുദ്ധിയും, സ്വർഗ്ഗീയ വിശുദ്ധിയും നദിപോലെ ഒഴുകുന്ന ദയയും അവൻ കണ്ടു.

നയീൻ പട്ടണത്തിലെ വിധവയുടെ മകൻ യേശുവിനെ കണ്ടപ്പോൾ അവന്റെ മുഖത്തെ ഭാവഭേദം എന്തായിരിക്കണം? പഴയ എഴുത്തുകാർ യേശുവിന്റെ ബാഹ്യമായ ആകാരവിശേഷങ്ങളെപ്പറ്റി നമ്മോട് വർണ്ണിപ്പാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അതൊന്നും ശരിയായ വിവരങ്ങളായി നമുക്ക് എടുക്കാൻ സാധ്യമല്ല, അവനു ശാരീരിക സൗന്ദര്യം ഉണ്ടായിരുന്നോ? അവനെപ്പറ്റിയുള്ള പ്രവചനങ്ങളിൽ ക്രിസ്തുവിന്റെ മുഖത്തിന് സൗന്ദര്യമില്ലായിരുന്നു എന്ന വാക്യങ്ങൾ നാം വായിക്കുന്നു. യെശയ്യാവ് പറഞ്ഞു, “അവനു രൂപഗുണമില്ല, കോമളത്വമില്ല, കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമില്ല” (യെശയ്യാവ് 53:2). വേറെ ഒരിടത്ത് അവൻ സൗന്ദര്യവാനായിരുന്നു എന്ന് കാണിക്കുന്ന വാക്യങ്ങൾ നാം വായിക്കുന്നു. സങ്കീർത്തനക്കാരൻ പറഞ്ഞു, “നീ മനുഷ്യപുത്രന്മാരിൽ അതിസുന്ദരൻ, ലാവണ്യം നിന്റെ അധരങ്ങളിൻമേൽ പകർന്നിരിക്കുന്നു; അതുകൊണ്ടു ദൈവം നിന്നെ എന്നേയ്ക്കും അനുഗ്രഹിച്ചിരിക്കുന്നു. (സങ്കീർത്തനം 45:2). ശലോമോന്റെ ഉത്തമഗീതത്തിൽ എഴുതിയിരിക്കുന്നു ‘‘എന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ, പതിനായിരം പേരിൽ അതിശ്രേഷ്ഠൻ തന്നെ. അവൻ സർവ്വാംഗസുന്ദരൻ തന്നെ” (ഉത്തമഗീതം 5:10-16).

ക്രിസ്തുവിന് എടുത്തു കാണിക്കത്തക്കവണ്ണമുള്ള ആകാരസൗഷ്ഠവം ഉണ്ടായിരുന്നതായി നമുക്കു കരുതാം.

ദൈവം സൗന്ദര്യവാനാണ്, സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു. സങ്കീർത്തനക്കാരൻ പറഞ്ഞതിനോട് ഇതു യോജിക്കുന്നു; "ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നെ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നും തന്നെ" (സങ്കീർത്തനങ്ങൾ 27:4). ഒരു സംശയവും വേണ്ട, ദൈവം സൃഷ്ടിച്ചതെല്ലാം മനോഹരമായിട്ടാണു സൃഷ്ടിച്ചത്. പാപത്താലും അതിന്റെ പ്രത്യാഘാതത്താലുമാണ് എല്ലാം മനോഹരമായി നമുക്കു തോന്നാത്തത്. ഒരുവന്റെ ശരീരത്തിന്റെ ബാഹ്യരൂപത്തെ കാത്തുസൂക്ഷിക്കേണ്ടതു പ്രധാനപ്പെട്ട ഒരു കാര്യമാണ്; അത് നിലനിർത്താനും സൗന്ദര്യബോധത്തെ പ്രോത്സാഹിപ്പിക്കാനും ചെയ്യുന്ന പ്രവർത്തനങ്ങളെ സ്മരിക്കുകയും ശ്ലാഘിക്കുകയും ചെയ്യേണ്ടതാണ്.

പഴയ ചില ആൾക്കാർ, പ്രത്യേകിച്ച് യവനന്മാർ ബാഹ്യമായ സൗന്ദര്യത്തെ അങ്ങേ അറ്റം മോടിപിടിപ്പിക്കാനും പ്രശംസിക്കാനും തുനിഞ്ഞു, അവർ ബാഹ്യസൗന്ദര്യത്തെ ആരാധിക്കുവാനും തുടങ്ങി. ഇതെല്ലാം വ്യാജമതങ്ങളേയും പോലെ വഷളത്വത്തിലേക്ക് നയിച്ചു. എന്നാൽ അവരുടെ സൗന്ദര്യത്തിലുള്ള താത്പര്യം അവരുടെ ഭൗതീക സംസ്കാരത്തെ ഉയർത്തി അവരുടെ കീർത്തി എല്ലായിടത്തും പ്രസിദ്ധമായി.

മിക്കവാറും യേശുവിന് ആകർഷകമായ മുഖവും ആകാരവും ഉണ്ടായിരുന്നതായി കണക്കാക്കാം. എന്തെന്നാൽ അവൻ മാത്രമാണ് കന്യകയിൽ പരിശുദ്ധാത്മാവിനാൽ ഉത്ഭൂതമായത്. ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്ന ശരീരം വഹിക്കുന്നതിന് യിസ്രായേലിലെ ആയിരക്കണക്കിനു കന്യകമാരിൽ

നിന്നു ദൈവം തെരഞ്ഞെടുത്തത് മറിയാമിനെ ആയിരുന്നു. ആന്തരിക സൗന്ദര്യം ബാഹ്യമായി പ്രതിഫലിക്കുന്നതിനാൽ ക്രിസ്തു ആകാരസൗഷ്ഠവമുള്ളവനായിരുന്നുവെന്ന നമ്മുടെ കാഴ്ചപ്പാടിനെ ശക്തീകരിക്കുന്നു. പാപമില്ലാത്തവനായ യേശുവിനു വ്യക്തിപരമായ നിസ്തുല്യസൗന്ദര്യവും ആകർഷണശക്തിയും ഉണ്ടായിരുന്നു. അത് അനേകരെ - തന്റെ ശത്രുക്കളെപ്പോലും ക്രിയാത്മകമായ വഴിയിൽ നടത്തി.

ക്രിസ്തു ലോകത്തിൽ നിന്നും മരണത്തെ തുടച്ചുമാറ്റിയില്ല. ചിലപ്പോൾ ചില നീക്കുപോക്കുകൾ വരുത്തിയിരുന്നെങ്കിലും ഈ ദൈവീക ന്യായവിധിയെ തുടച്ചുമാറ്റാൻ സാധ്യമല്ല. മനുഷ്യരെ അത്ഭുതപരതന്ത്രരാക്കുവാൻ യേശു ആഗ്രഹിച്ചില്ല. തന്റെ അത്ഭുതശക്തികൊണ്ട് മരിച്ച ഒരു യുവാവിനെ ഉയർത്തെഴുന്നേല്പിച്ചപ്പോൾ പോലും. മനുഷ്യരെ മരണത്തിലേക്കു തള്ളിവിടുന്നതിലും, ദയയും കരുണയും മനുഷ്യ ഹൃദയങ്ങളിൽ നിന്നു മാറ്റുന്നതിലും പിശാച് വളരെ സന്തുഷ്ടനാണ്. പിശാചിന്റെ ക്രിയകളെ അഴിക്കുകയെന്നുകൂടി ആയിരുന്നു ക്രിസ്തുവിന് ആ വിധവയോടുണ്ടായ കരുണയുടെ ലക്ഷ്യം. ആ ചെറുപ്പക്കാരൻ ജീവനുള്ളവനായി തിരിച്ചുവന്നപ്പോൾ, യേശു അവനെ അവന്റെ മാതാവിനു ഏല്പിച്ചുകൊടുത്തു - എന്തുകൊണ്ടാണ് നിന്നോടു കരയേണ്ട എന്ന് പറഞ്ഞതെന്നു നീ മനസ്സിലാക്കണം എന്നു പറയുന്നതുപോലെ ക്രിസ്തുവിന്റെ അനുയായികളുടെ ഹൃദയത്തിൽ കരുണയും ദയയും ചേർന്നിരിക്കുന്നു. അത് ഇപ്രകാരമുള്ള കല്പന അനുസരിക്കുന്നതുകൊണ്ടാണ്. "സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുകയും കരയുന്നവരോടുകൂടെ കരയുകയും ചെയ്യുവിൻ" (റോമർ 12:15).

രക്ഷകനായ ക്രിസ്തുവിൽ നയിനിലെ വിധവയും മകനും വിശ്വസിച്ചു എന്നുള്ളതിനു തർക്കമില്ല. അവർ യേശുവിന്റെ രണ്ടു വിശ്വസ്ത അനുയായികളായി എന്ന് നമുക്ക് അനുമാനിക്കാം. നയിൻ പട്ടണത്തിൽ വിശ്വാസത്തിന്റെ വിത്തു മുളച്ചു - ആ ചെറിയ പട്ടണത്തെ യേശു പ്രസിദ്ധമാക്കിത്തീർത്തു. ഈ അത്ഭുതപ്രവൃത്തിമൂലം യേശുവിന്റെ കീർത്തി ആ രാജ്യം മുഴുവൻ വ്യാപിക്കാൻ ഇടയാക്കി. തൽഫലമായി അവർ എല്ലാവരും ഭയം നിറഞ്ഞവരായി ദൈവത്തെ മഹത്വപ്പെടുത്തി. ഒരു വലിയ പ്രവാചകൻ അവരുടെ മദ്ധ്യേ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

✳ ✳ ✳

# XI

# ക്വിസ്

നിങ്ങൾ ഈ ബുക്ക് പഠിച്ചുവെങ്കിൽ താഴെയുള്ള ചോദ്യങ്ങൾക്ക് അനായാസം ഉത്തരം എഴുതുവാൻ കഴിയും. അവ ഞങ്ങൾക്കു തപാൽ മാർഗ്ഗം അയച്ചു തരിക. ഇരുപതു ചോദ്യങ്ങൾക്കെങ്കിലും ശരിയായ ഉത്തരം എഴുതിയാൽ നിങ്ങൾക്കു ഒരു ബുക്ക് പാരിതോഷികമായി അയച്ച് തരും.

*നിങ്ങളുടെ പൂർണ്ണ മേൽവിലാസം എഴുതുവാൻ മറക്കരുത്*

1. കുഷ്ഠരോഗിയിൽ നിന്നുള്ള ആരാധന ക്രിസ്തു സ്വീകരിച്ചതിന്റെ പ്രാധാന്യമെന്ത് ?
2. എന്തുകൊണ്ടാണ് ക്രിസ്തു കുഷ്ഠരോഗിയെ തൊട്ടത്?
3. കുഷ്ഠരോഗി യേശു പറഞ്ഞതനുസരിക്കാതെ തന്നെ സൗഖ്യമാക്കിയ കാര്യം പ്രസിദ്ധപ്പെടുത്തിയതുകൊണ്ടുണ്ടായ ദോഷം എന്ത് ?
4. തന്നെ വിട്ടുപോകുവാൻ പത്രോസ് യേശുവിനോട് അപേക്ഷിച്ചതെന്തുകൊണ്ട്?
5. പത്രോസിന് യേശു കൊടുത്ത പുതിയ വേല എന്തായിരുന്നു ?
6. പക്ഷവാതരോഗിയെ നാലുപേർ സഹായിച്ചതിന്റെ മൂന്നുവിധങ്ങളെഴുതുക?
7. യേശു പക്ഷപാതരോഗിയുടെ പാപം മോചിച്ചുകൊടുത്തു. ഈ പാപമോചനത്തിൽ അർത്ഥമെന്താണ്?

8. ചുങ്കക്കാരനായ മത്തായിയെ യേശു ക്ഷണിച്ചതിൽ നിന്നും നിങ്ങൾ പഠിച്ച 3 പാഠങ്ങൾ എഴുതുക.
9. തന്റെ മാനസാന്തരത്തിനുശേഷം മത്തായിക്കു യേശു കൊടുത്ത ബഹുമതി എന്തായിരുന്നു?
10. മാനസാന്തരത്തിലേക്കുള്ള നാലു പടികൾ എഴുതുക.
11. നിരാശ നമ്മളെ ദൈവത്തിങ്കലേക്കു അടുപ്പിക്കുന്നതെങ്ങനെ?
12. 38 വർഷമായി രോഗിയായിരുന്ന മനുഷ്യനെ സൗഖ്യമാക്കാൻ യേശു തെരഞ്ഞെടുത്തത് എന്തുകൊണ്ട്?
13. കുളക്കടവിൽ കിടന്ന രോഗിയായ മനുഷ്യനോടു 'നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ' എന്നു യേശു ചോദിച്ചത് എന്തുകൊണ്ട്?
14. യേശു ദൈവപുത്രനെ സാക്ഷിച്ച 5 സാക്ഷികൾ ആരെല്ലാം. ഏവ?
15. യെശയ്യാവ് 58:3-7 ൽ നിന്നും ദൈവം അംഗീകരിക്കുന്ന ഉപവാസം ഏത്?
16. യേശുവിന്റെ പുതിയ ഉപദേശം സ്വീകരിക്കുന്നതിന് വേണ്ടി ഹൃദയത്തിന്റെ അവസ്ഥ ഏത്? ഈ ഹൃദയാവസ്ഥ ഉണ്ടാകാൻ മനുഷ്യൻ എന്തുചെയ്യണം?
17. തന്റെ അപ്പൊസ്തലന്മാരായി തെരഞ്ഞെടുത്തതിനു ശേഷം തന്റെ ശിഷ്യന്മാരിൽ യേശു കണ്ടതെന്ത്?
18. 'ഭാഗ്യവാൻ' എന്ന പദത്തിന്റെ അർത്ഥം എന്ത് ?
19. 8 വിധത്തിലുള്ള ഭാഗ്യവാന്മാരെപ്പറ്റി യേശു പറഞ്ഞിരിക്കുന്നു. അവർ ആരെല്ലാം?
20. യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ 'ഞങ്ങളുടെ പിതാവേ' എന്ന് തുടങ്ങുന്നത് എന്തുകൊണ്ട്?
21. നാം സാക്ഷീകരിക്കുവാൻ എന്തുകൊണ്ട് ആണയിട്ടു കൂടാ?

22. വിശാലവും ഇടുക്കവുമായ വാതിലുകളുടെ ഗുണദോഷങ്ങൾ ഏവ?

23. യേശു 'ബുദ്ധിമാൻ' എന്നു സംബോധന ചെയ്യുന്നവരുടെ പ്രത്യേക സ്വഭാവങ്ങൾ ഏതെല്ലാം?

24. നാം യേശുവിന്റെ അടുത്തുവരുമ്പോൾ മറ്റൊരു മദ്ധ്യസ്ഥന്റെ ആവശ്യമില്ലാത്തതെന്തുകൊണ്ട്?

25. നയിനിലെ വിധവയുടെ മകനെ ഉയിർത്തെഴുന്നേല്പിച്ചതിൽ നിന്നും നാം എന്ത് പാഠം പഠിക്കുന്നു?

ക്രിസ്തുവിലുള്ള വിശ്വാസത്തെപ്പറ്റി നിങ്ങൾക്കെന്തെങ്കിലും ചോദ്യമുണ്ടെങ്കിൽ അവക്ക് മറുപടി നല്കുവാൻ ഞങ്ങൾ ഒരുക്കമാണ്. നിങ്ങളുടെ പൂർണ്ണമായ പേരും മേൽവിലാസവും കവറിനു പുറത്തും അകത്തും എഴുതുവാൻ മറക്കരുത്.

**CALL OF HOPE, P.O.BOX 45**
**KAYAMKULAM - 690 502**

***"യഹോവേ, എന്നെ സൗഖ്യമാക്കേണമേ,***
***എന്നാൽ എനിക്കു സൗഖ്യം വരും;***
***എന്നെ രക്ഷിക്കേണമേ,***
***എന്നാൽ ഞാൻ രക്ഷപ്പെടും.***
***നീ എന്റെ പുകഴ്ചയല്ലോ."***

***(യിരമ്യാവ് 17:14)***